# വിശ്വാസജീവിതം

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# വിശ്വാസജീവിതം

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS

EDAPPALLY

●

*copy right reserved*

●

# അവതാരിക

ബാല്യത്തിലേ തന്നെ ദൈവത്തിൽ വിശ്വസിപ്പാനും ജീവിതം ദൈവകരങ്ങളിൽ ഏല്പിക്കുവാനും ഭാഗ്യം കിട്ടിയ ദൈവപുരുഷനാണ് ബഹുമാനപ്പെട്ട യോഹന്നാൻ സാറ്. പങ്കിലമാകാത്ത ആ ജീവിതം ഒരു സുഗന്ധ ധൂപമായി ദൈവസന്നിധിയിൽ കത്തി നില്ക്കുന്നു.

ബഹുമാനപ്പെട്ട വാലയിൽ ഗീവർഗീസ് അച്ചൻ തുടങ്ങിവെച്ച ഉണർവ്വു പ്രസ്ഥാനം അദ്ദേഹത്തിന്റെ സഭാ മാറ്റത്തോടുകൂടി നിർജ്ജീവമായിപ്പോയി. എന്നാൽ ബഹുമാനപ്പെട്ട കെ.ഒ. തോമസച്ചന്റേയും യോഹന്നാൻ സാറിന്റെയും കൂട്ടായ പ്രവർത്തനം കൊണ്ട്, സ്വമേധയാ സുവിശേഷ സംഘത്തിലൂടെ അതിനെ സജീവമാക്കുവാൻ സാധിച്ചു. ആ പ്രസ്ഥാനമാണ് പിന്നീട് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് ആയി മാറിയത്.

ഇത് അനേകരെ മാനസാന്തരത്തിലേക്ക് വഴിനടത്തി. ദൈവത്തെ അറിയുവാൻ സഹായിച്ചു. അനേകർക്ക് പാപബോധവും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സത്യമായ കാഴ്ചപ്പാടും ലഭിച്ചു. പരിശുദ്ധാത്മാവു ജീവിക്കുന്ന ദൈവമാ

ണെന്നും ഹൃദയത്തിന് പരിവർത്തനം വരുത്തുമെന്നും അനുഭവത്തിലൂടെ ഞാൻ മനസ്സിലാക്കിയത് യോഹന്നാൻ സാർ മുഖാന്തരമാണ്.

യെഹെസ്കെൽ പ്രവചനം നാല്പത്തേഴാം അദ്ധ്യായത്തിൽ ദേവാലയത്തിന്റെ ഉമ്മരപ്പടിയിൽനിന്നും പുറപ്പെടുന്ന ഒരു നീരുറവയെക്കുറിച്ചു പറയുന്നുണ്ട്. ആ നദി ഒരു മനുഷ്യജീവിതമാണെങ്കിൽ ബാല്യത്തിൽ നരിയാണിയോളവും കൗമാരത്തിൽ മുട്ടോളവും യൗവ്വനത്തിൽ അരയോളവും വാർദ്ധക്യത്തിൽ നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത ആത്മജലപ്രവാഹത്തിൽ എത്തിച്ചേർന്ന ജീവിതമാണ് അദ്ദേഹത്തിന്റേത്.

അദ്ദേഹത്തിന്റെ പത്താമത്തെ പുസ്തകമാണ് വിശ്വാസജീവിതം. ഈ പുസ്തകം ഒരു വിശ്വാസപ്രമാണമല്ല അവതരിപ്പിക്കുന്നത്; മറിച്ച് ജീവിതമാണ്. രക്തസ്രാവക്കാരിയും പള്ളിപ്രമാണിയായ യായീറോസും ശതാധിപനുമൊക്കെ അത് സാക്ഷിക്കുന്നു. വിശ്വാസംകൊണ്ട് മാത്രം പാപം മോചിച്ചു കിട്ടിയ തളർവാതരോഗിയും, പാപിനിയായ സ്ത്രീയും അത് സാക്ഷിക്കുന്നു. ഒരു നൻമയും ചെയ്യാതെ സ്വർഗ്ഗത്തിൽ പോയ കള്ളനും അതിനുദാഹരണമാണ്.

ഡി.എൽ. മൂഡി ഒരിക്കൽ പറഞ്ഞു: "എത്രമാത്രം ഒരാൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ അത്രമാത്രം അയാൾ ദൈവത്തെ സ്നേഹിക്കും." ദൈവത്തെ സ്നേഹിക്കുന്നവർ കഷ്ടം സഹിക്കും. ജയജീവിതം നയിക്കും. ഈ പുസ്തകത്തിൽ തിരുരക്തത്താൽ വിശുദ്ധീകരണം സാധിച്ച ചിലരുടെ ജീവിതങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറയിലെ ദേവസ്സിയും മൂവാറ്റുപുഴയിലെ ഡോ. ജോയി മർക്കോസും അതിനുദാഹരണങ്ങളാണ്.

20-ാം നൂറ്റാണ്ടിലെ ഏറ്റവും പ്രസിദ്ധനായ വേദശാസ്ത്ര

ജ്ഞൻ ഡോക്ടർ കാൾ ബാത്ത്, തന്റെ പ്രസിദ്ധമായ 'അന്ന ലോഗ്യ ഫിഡ്രെ' എന്ന ശൈലിയിലൂടെ ലോകത്തെ പഠിപ്പിക്കുന്നത് ഇതാണ്. 'ആദ്യം വിശ്വസിക്കുക. ദൈവസ്നേഹം ആസ്വദിക്കുക; എന്നിട്ട് യുക്തിയെ അവലംബിച്ചുകൊള്ളൂ' എന്നാണ്.

എന്താണ് വിശ്വസിക്കേണ്ടത്? "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു" എന്ന വിശ്വാസം ഏറ്റു പറഞ്ഞ പത്രോസ് ശ്ലീഹാ സ്വർഗ്ഗത്തിന്റെ താക്കോൽ വാങ്ങിച്ചു. "നീ ഒരു വാക്കു മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും" എന്നു വിശ്വസിച്ച ശതാധിപൻ രോഗസൗഖ്യവും പ്രശംസയും നേടി. യേശു ദൈവത്തിന്റെ പുത്രനാണെന്നും അവൻ നമ്മുടെ രക്ഷിതാവാണെന്നും നാം വിശ്വസിക്കണം. അതിന് ഈ പുസ്തകം മുഖാന്തരമാണ്. തലമുറകൾക്ക് ഈ സത്യം കൈമാറുവാൻ ഈ പുസ്തകം കാരണമായിത്തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

**ഫാ. ജോർജ്ജ് കട്ടക്കയം**

# ആമുഖം

"Every noble work is at first impossible" എന്ന് തോമസ് കാർലൈൽ പറഞ്ഞിട്ടുണ്ട്. "മഹത്ത്വമാർന്ന ഏതൊരു പ്രവൃത്തിയും പ്രാരംഭത്തിൽ അസാദ്ധ്യമത്രേ." അനിതരസാധാരണമായ മനക്കരുത്തിന്റെ ഉടമയായിരുന്നു തോമസ് കാർലൈൽ. സ്കോട്ട്ലൻഡിലെ ഒരു കുഗ്രാമത്തിൽ ഒരു കല്ലാശാരിയുടെ മകനായി പിറന്ന കാർലൈൽ ഒരു ഷില്ലിംഗുമായിട്ടാണ് എഡിൻബറോയിൽ പഠിക്കാൻ പോയത്. വിശ്വവിഖ്യാതനായ ഒരു ബുദ്ധി ജീവിയായി അദ്ദേഹം വളർന്നത് സ്ഥിരോത്സാഹംകൊണ്ടാണ്.

യൂറോപ്പിലെ സിംഹം എന്നറിയപ്പെട്ടിരുന്ന നെപ്പോളിയൻ ഒരിക്കൽ പറഞ്ഞു:

"Circumstances - what are circumstances? I make circumstances."

"സാഹചര്യങ്ങളോ? എന്താണ് സാഹചര്യങ്ങൾ? ഞാനല്ലേ സാഹചര്യങ്ങളെ ഉണ്ടാക്കുന്നത്?"

എന്ത് ധീരത മുറ്റിയ വാക്കുകൾ!

പ്രതികൂല സാഹചര്യങ്ങളെ പുഞ്ചിരിയോടെ നേരിടുകയും മഹത്ത്വമാർന്ന പ്രവൃത്തികൾ ചെയ്യുവാൻ പ്രതിജ്ഞാബദ്ധ രാവുകയും ചെയ്യുവാൻ കരുത്തേകുന്നതാണ് ക്രിസ്തീയ ജീവിതം. അതിനാവശ്യം ക്രിസ്തു ക്രൂശിൽ കാണിച്ചുതന്ന മാതൃക പിന്തുടരുവാനുള്ള ദാഹമാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽക്കൂടി മാത്രമേ ആ ദാഹം സംലബ്ധമാവുക യുള്ളൂ.

ഈ ആശയത്തെ തിരുവചനസത്യങ്ങളുടെ വെളിച്ചത്തിൽ മനുഷ്യ ഹൃദയങ്ങളിലേക്ക് പകരാനുള്ള എളിയ ഉദ്യമമാണ് ഈ 'വിശ്വാസജീവിത' ത്തിലെ പതിനൊന്നു സന്ദേശങ്ങളും.

ഒരു വലിയ ആരാധനാലയം പണിയുവാൻ മൂന്നാളുകൾ ഉത്സാഹപൂർവ്വം ജോലി ചെയ്യുകയായിരുന്നു. അവരോരു ത്തരും ഓരോ ജോലിയാണ് ചെയ്തുകൊണ്ടിരുന്നത്.

ഒരാൾ മതിൽ കെട്ടുവാനുള്ള സ്ഥലത്ത് അടിത്തറയിടു വാൻ ഒരു കുഴി കുഴിക്കുകയായിരുന്നു. ഒരാൾ അയാളോട് ചോദിച്ചു: "നിങ്ങളെന്താണ് ചെയ്യുന്നത്?"

"ഞാൻ ഒരു കുഴി കുഴിച്ചുകൊണ്ടിരിക്കുകയാണ്."

കല്ലു പണിയുന്ന കല്ലാശാരി ഭിത്തി കെട്ടിക്കൊണ്ടിരിക്ക യാണ്. അയാളോട് ചോദിച്ചു:

"നിങ്ങളെന്താണ് ചെയ്യുന്നത്?"

"നിങ്ങൾക്ക് കാണരുതോ? ഞാനീ ഭിത്തി കെട്ടിക്കൊണ്ടി രിക്കയാണ്."

വേറൊരു ജോലിക്കാരൻ ആ ഭിത്തി കെട്ടുന്നതിനുള്ള കല്ല് പണിയുന്ന ഭാഗത്തേക്ക് ഒരു കട്ടവണ്ടിയിൽ അടുപ്പി ച്ചുകൊണ്ടിരിക്കുകയായിരുന്നു. അയാളോട് ചോദിച്ചു:

“നിങ്ങളെന്താണ് ചെയ്യുന്നത്?”

അതു കേട്ടപ്പോൾ ആ ജോലിക്കാരൻ നല്ല ചുറുചുറുക്കോടെ ഉത്സാഹഭരിതനായി പറഞ്ഞു: “ഞാനൊരു വലിയ പള്ളി പണിയുകയാണ്.”

നോക്കൂ! ഓരോരുത്തരുടെയും കാഴ്ചപ്പാട്! ഓരോരുത്തരും പറഞ്ഞത് ശരിയാണ്, പക്ഷേ മൂന്നാമത്തെ ആൾ പറഞ്ഞതിന്റെ പിന്നിലുള്ള സ്ഥിരോത്സാഹവും കാഴ്ചപ്പാടും എത്ര ശ്രേഷ്ഠമായത്!

ഗ്ലെൻ കണ്ണിംഗ്ഹാമിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? അവൻ ഏഴു വയസ്സുള്ളപ്പോൾ സ്കൂൾ കെട്ടിടത്തിലെ ഒരു വലിയ തീപിടുത്തത്തിൽ മാരകമായി പൊള്ളലേറ്റു. ഡോക്ടർ പറഞ്ഞു:

"I doubt if heíll be able to walk again." “ഇനി അവനു നടക്കാൻ സാധിക്കുമോ എന്നെനിക്ക് സംശയമാണ്.”

എന്നാൽ കുട്ടിയുടെ അപ്പൻ അവനോട് കൂടെക്കൂടെ പറയും, “മോനേ, നീ ഓട്ടത്തിൽ ഒരു ചാംപ്യൻ ആകണം.”

ആ ബാലൻ എന്നും ഭാവനയിൽ കാണും, അവൻ ഒരു നല്ല ഓട്ടക്കാരനായി മെഡലുകൾ നേടുന്നത്. അസഹ്യവേദനയുണ്ടെങ്കിലും അവൻ നടക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അവനോടിത്തുടങ്ങി. അവനപ്പോൾ മുടന്തി, മുടന്തി മാത്രമേ ഓടാൻ പറ്റിയുള്ളൂ.

പക്ഷേ അവൻ സ്വയം തോറ്റ് പിൻമാറിയില്ല. ആത്മവിശ്വാസത്തോടെ അവൻ വേദന കടിച്ചമർത്തിക്കൊണ്ട് ഓടിക്കൊണ്ടിരുന്നു. ഒടുവിൽ അവൻ ഏറ്റവും മികവുറ്റ ഒരോട്ടക്കാരനായിത്തീർന്നു.

വിശ്വാസജീവിതം. ക്രിസ്തുവിലുള്ള വിശ്വാസം. 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു' എന്ന അചഞ്ചലമായ വിശ്വാസം.

എന്റെ ബലഹീനതയിലുള്ള എളിമ; പരാശക്തിയിലുള്ള വിശ്വാസം - ഞാൻ നിസ്സാരനെങ്കിലും എന്റെ ചങ്കിനകത്ത് കയറി ഇരിക്കുന്നവൻ ഉന്നതനെന്ന ബോദ്ധ്യം. ഞാൻ അല്പനെങ്കിലും എന്റെ കരത്തിൽ പിടിച്ചിരിക്കുന്നവൻ സർവ്വശക്തനെന്ന ഉറപ്പ്. ഞാൻ ബലഹീനനെങ്കിലും എന്റെ ജീവിതം ഏറ്റെടുത്തവൻ ബലവാനെന്ന സ്ഥൈര്യമാർന്ന ധാരണ.

അതാണ് വിശ്വാസജീവിതം. ബാർക്ലെ പറഞ്ഞിട്ടുണ്ട്: "ക്രിസ്തീയ ജീവിതത്തിൽ രണ്ടു വെളിപ്പാടുകളേ ഉള്ളൂ:

ഒന്ന്, അവനവനെത്തന്നെ കാണുക.

രണ്ട്, ദൈവത്തെ തിരിച്ചറിയുക.

ഈ ദ്വിവിധ ദർശനങ്ങൾ പ്രാപിക്കുമ്പോഴാണ് വിശ്വാസജീവിതം ഗാഢവും ദൃഢവുമാകുന്നത്.

എന്റെ മറ്റു പുസ്തകങ്ങൾക്കു തന്ന ആവേശോജ്ജ്വലമായ സ്വീകരണവും ആശംസയും ആശീർവ്വാദവും ഈ പത്താമത്തെ പുസ്തകത്തിനും ലഭിക്കുമെന്ന് എനിക്കുറപ്പുണ്ട്. വളരെ ആശയ സംപുഷ്ടമായ ഒരു അവതാരിക എഴുതിത്തന്ന് ഈ ഗ്രന്ഥത്തെ ധന്യമാക്കിയ എനിക്കേറ്റവും ആദരണീയനായ റവ. ഫാദർ ജോർജ്ജ് കട്ടക്കയത്തിനോടുള്ള എന്റെ നിസ്സീമമായ കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് വിവിധ രീതിയിൽ അദ്ധ്വാനിച്ച എന്റെ ബഹുമാന്യ സുഹൃത്തുക്കളായ ശ്രീ.

അഞ്ചി എൻ. കൊല്ലംപറമ്പ് (മാനേജർ, കിറ്റ്കൊ, എറണാകുളം), ശ്രീ. അബി (ജനറൽ മാനേജർ, റ്റി.സി.എം. കളമശ്ശേരി), ശ്രീ. മാത്യൂസ് (അക്കൌണ്ട്സ് ഓഫീസർ, ടെലഫോൺസ്, എറണാകുളം) എന്നിവരോടുള്ള എന്റെ ഉള്ളഴിഞ്ഞ നന്ദി ഞാനിവിടെ രേഖപ്പെടുത്തട്ടെ.

വിശ്വാസജീവിതത്തിന്റെ സമുന്നത സോപാനങ്ങളെ കൈയടക്കാൻ, അനേകായിരം വിശ്വാസികൾക്ക് ഈ ഗ്രന്ഥാനുശീലനം മുഖാന്തരമാകട്ടെ എന്നാശംസിച്ചും പ്രാർത്ഥിച്ചും ഈ പുസ്തകം ദൈവജനത്തിന്റെ കൈകളിലേക്ക് ഞാനിതാ ഏല്പിക്കുകയാണ്.

വിനീതവിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

> "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."
>
> എബ്രായർ 11 : 1

ആസിഡുകൾ വസ്തുക്കളിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് കെമിസ്ട്രി ലാബറട്ടറിയിൽ പ്രൊഫസർ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. മൂന്നു ഭാഗം ഹൈഡ്രോക്ലോറിക് ആസിഡും ഒരു ഭാഗം നൈട്രിക് ആസിഡും കൂട്ടിക്കലർത്തിയുണ്ടാക്കിയ Aqua Regia- യുടെ പ്രവർത്തന വിധങ്ങൾ പ്രൊഫസർ കാണിച്ചുകൊടുത്തുകൊണ്ടിരിക്കുകയായിരുന്നു.

പെട്ടെന്ന് ഒരു പെൺകുട്ടി കരയാൻ തുടങ്ങി. പ്രൊഫസർ കാരണം അന്വേഷിച്ചു: കുട്ടി പറഞ്ഞു: "എന്റെ മോതിരം ഈ ആസിഡിൽ വീണുപോയി. അത് എന്റെ വിരലിൽ വളരെ അയവായിരുന്നു. ഇപ്പോൾ ആസിഡ് അങ്ങോട്ടും ഇങ്ങോട്ടും ഒഴിച്ചു മാറ്റിയിട്ടും അത് കാണുന്നില്ല."

പ്രൊഫസർ പറഞ്ഞു : "Aqua Regia സ്വർണ്ണത്തെ അലിയിക്കാൻ ശക്തിയുള്ളതാണ്. മോതിരം ഇതിൽ അലിഞ്ഞുപോയി."

പ്രൊഫസർ ഒരു ക്രിസ്തുഭക്തനായിരുന്നു. ഈ സന്ദർഭം ഉപയോഗിച്ച് ആ കുട്ടികളോടെല്ലാവരോടുമായി പറഞ്ഞു:

Aqua Regia - യിൽ സ്വർണ്ണം അലിയും. എന്നാൽ ഒന്നിലും അലിയാത്ത ഒരു വസ്തുവുണ്ട്. അതു മനുഷ്യഹൃദയമാണ്. അതൊന്നു മാറ്റാൻ ഒന്നിനും സാദ്ധ്യമല്ല. ആർക്കും സാദ്ധ്യമല്ല. പണത്തിന് സാദ്ധ്യമല്ല; ജയിൽ ശിക്ഷയ്ക്ക് സാദ്ധ്യമല്ല; പോലീസിനും അഴിമതി നിരോധന വകുപ്പിനും സാദ്ധ്യമല്ല; കോടതിയ്ക്കും വിസ്താരത്തിനും ഹൃദയത്തെ മാറ്റുവാൻ സാദ്ധ്യമല്ല, പണത്തിനും, പ്രതാപത്തിനും, പേരിനും പെരുമയ്ക്കും നിലയ്ക്കും വിലയ്ക്കുമൊന്നിനും സാദ്ധ്യമല്ല. വിദ്യാഭ്യാസത്തിനോ പാണ്ഡിത്യത്തിനോ വിജ്ഞാനത്തിനോ സംസ്ക്കാരത്തിനോ പാപപൂർണ്ണമായ ഒരു ഹൃദയത്തെ മാറ്റുവാൻ സാദ്ധ്യമല്ല.

മനുഷ്യഹൃദയത്തെ ശുദ്ധീകരിക്കാനും രൂപാന്തരപ്പെടുത്താനും കഴിയുന്ന ഒരു മൂലകമുണ്ട്. അത് എന്താണെന്ന് നിങ്ങൾക്കറിയാമോ?

കുട്ടികൾ മൗനമായിരുന്നു. പ്രൊഫസർ പറഞ്ഞു: 'യേശുക്രിസ്തുവിന്റെ രക്തത്തിന് സാധിക്കും."

യേശുക്രിസ്തുവിന്റെ രക്തത്തിൽ മനുഷ്യചേതന അലിയും, മനുഷ്യഹൃദയം രൂപാന്തരപ്പെടും. കോപിഷ്ഠൻമാരും ക്രൂരൻമാരുമായവർ കുഞ്ഞാടിനെപ്പോലെ ശാന്തരായിത്തീരും. ദുഷ്ടതയും പകയും വൈരാഗ്യവും പ്രതികാരചിന്തയും തിങ്ങിയിരുന്ന ഹൃദയങ്ങൾ സ്നേഹംകൊണ്ട് ആർദ്രമാകും.

"അതിന് മനുഷ്യനെന്താണ് ചെയ്യേണ്ടത്?" കുട്ടികൾ ആകാംക്ഷാഭരിതരായി ചോദിച്ചു.

"ഒന്നും ചെയ്യേണ്ട; വിശ്വസിച്ചാൽ മാത്രം മതി."

> "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."
> എബ്രായർ 11 : 1

യിസ്രായേൽ ജനം മരുഭൂമിയിൽക്കൂടി യാത്ര ചെയ്യുകയായിരുന്നു. അവർ ദൈവത്തിനും ദൈവപുരുഷനായ മോശയ്ക്കും എതിരായി പിറുപിറുത്തു. ദൈവത്തോട് അവർ മത്സരിച്ചപ്പോൾ അവരുടെ ഇടയിൽ അഗ്നിസർപ്പങ്ങൾ വന്ന് അവരെ കടിച്ചു.

അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ വിഷബാധയിൽ മരിച്ചുകൊണ്ടിരുന്നു.

ജനത്തിനു നേരിട്ട അത്യാഹിതത്തിൽ മനംനൊന്ത മോശ ദൈവത്തോടു പ്രാർത്ഥിച്ചു. പിച്ചളകൊണ്ട് ഒരു പാമ്പിനെ ഉണ്ടാക്കി പാളയത്തിന്റെ മദ്ധ്യത്തിൽ നാട്ടി നിറുത്തുക. അതിലേയ്ക്ക് നോക്കുന്നവർ അഗ്നിസർപ്പത്തിന്റെ വിഷബാധയിൽനിന്ന് രക്ഷപ്പെടും എന്ന് ദൈവം കല്പിച്ചു.

കൊടിമരത്തിൻമേൽ ഉയരത്തിൽ നാട്ടിനിറുത്തിയ പിച്ചളസർപ്പത്തിലേയ്ക്ക് നോക്കിയവർ രക്ഷപ്പെട്ടു. അവർ ദൈവത്തെ വിശ്വസിച്ചു. ദൈവവചനത്തെ വിശ്വസിച്ചു. ദൈവപുരുഷനായ മോശയെ വിശ്വസിച്ചു. വിശ്വാസമായിരുന്നു അവർക്ക് സൗഖ്യം ലഭിക്കാനാധാരമായത്.

ബുദ്ധികൊണ്ട് വിശകലനം ചെയ്തുകൊണ്ടിരുന്നാൽ സൗഖ്യം ലഭിക്കുകയില്ല.

സങ്കല്പിക്കൂ. ഒരാൾ ചിന്തിക്കയാണ്: “എന്റെ രക്തത്തിലും മാംസത്തിലും ശരീരഭാഗങ്ങളിലുമാണ് വിഷം കയറിയിരിക്കുന്നത്. അങ്ങകലെയുള്ള പിച്ചള സർപ്പത്തിലേക്ക് നോക്കിയാൽ എന്റെ രക്തത്തിൽ കലർന്നിരിക്കുന്ന വിഷം എങ്ങനെ പോകും?”

ഇങ്ങനെ യുക്തിപരമായും ശാസ്ത്രീയമായും ചിന്തിച്ച് അപഗ്രഥിച്ചുകൊണ്ടിരുന്നാൽ വിഷം മാറുകയില്ല. മരണം നിശ്ചയം. വിശ്വാസത്തോടെ നോക്കിയവർ മരണത്തിൽനിന്ന് രക്ഷപ്പെട്ടു.

വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു.

ഹെർബർട്ട് സ്പെൻസർ വളരെ പ്രസിദ്ധനായ ഒരു തത്വജ്ഞാനി ആയിരുന്നു. അദ്ദേഹം ദൈവത്തെയും വേദപുസ്തകത്തെയും പരിഹസിച്ച വ്യക്തി ആയിരുന്നു. ദൈവത്തിലും തിരുവചനത്തിലും അദ്ദേഹത്തിന് വിശ്വാസമുണ്ടായിരുന്നുല്ല.

അദ്ദേഹത്തിന്റെ ജീവിതാവസാനത്തോടടുത്ത് അദ്ദേഹത്തിന്റെ അനുയായികളിൽ ചിലർ അദ്ദേഹത്തെ സന്ദർശിച്ച് സംഭാഷണം ചെയ്തുകൊണ്ടിരുന്നു. ഒരാൾ ചോദിച്ചു:

“അങ്ങ് മരിച്ചുകഴിയുമ്പോൾ അങ്ങയുടെ ശവകുടീരത്തിൽ എന്ത് എഴുതി വെയ്ക്കണമെന്നാണ് അങ്ങയുടെ ആഗ്രഹം?”

ëMost unhappyí എന്നു മാത്രം എഴുതി വെച്ചാൽ മതി.”

‘ഏറ്റവും നിർഭാഗ്യൻ’ എന്ന് സ്വയം തോന്നത്തക്കവണ്ണം അദ്ദേഹം തകർന്ന ഒരു വ്യക്തിയായിരുന്നു. അതിന് കാരണമോ, അദ്ദേഹത്തിന് വിശ്വാസമില്ലായിരുന്നു.

“വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും

കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു.”

ഐസക് ന്യൂട്ടൺ സുപ്രസിദ്ധ ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ ബാല്യത്തിൽത്തന്നെ അപ്പൻ മരിച്ചു. അമ്മ പുനർവിവാഹം നടത്തി. അപ്പനും അമ്മയുമില്ലാത്ത മകനെ വെല്ല്യമ്മ (അപ്പന്റെ അമ്മ) വളർത്തി.

വെല്ല്യമ്മ എന്നും ഐസക് ന്യൂട്ടണ് പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു: “മോനേ, ദൈവമാണ് നിന്റെ അപ്പൻ. ദൈവം നിന്റെ അപ്പനാണ്.”

ഐസക്ന്യൂട്ടൺ വളർന്നുവന്നു. പ്രസിദ്ധ ശാസ്ത്രജ്ഞനായി. അതോടൊപ്പം ഒരു തികഞ്ഞ ദൈവഭക്തനും.

ഒരിക്കൽ ഒരു സ്നേഹിതൻ വന്ന് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ദൈവമില്ലെന്ന് തറപ്പിച്ചു പറഞ്ഞു. ഐസക് ന്യൂട്ടൺ തന്റെ അനുഭവങ്ങളെല്ലാം പറഞ്ഞിട്ടും ആ സ്നേഹിതന്റെ നിരീശ്വര ചിന്ത മാറിയില്ല. മറ്റൊരു ദിവസം വരണമെന്ന് പറഞ്ഞ് ന്യൂട്ടൺ അദ്ദേഹത്തെ പറഞ്ഞുവിട്ടു.

അടുത്ത ദിവസം ആ സ്നേഹിതൻ വന്നപ്പോൾ ഐസക്ന്യൂട്ടന്റെ മേശപ്പുറത്ത് സൗരയൂഥത്തിന്റെ വളരെ മനോഹരമായ ഒരു model ഇരിക്കുന്നു. സൂര്യനും, സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങളും, ഉപഗ്രഹങ്ങളുമെല്ലാം നല്ല വൈദഗ്ദ്ധ്യത്തോടെ ഉണ്ടാക്കിവെച്ചിരിക്കുന്നു.

“വളരെ മനോഹരമായിരിക്കുന്നല്ലോ; ഇത് എപ്പോൾ ഉണ്ടാക്കി?” സ്നേഹിതൻ ചോദിച്ചു.

“ഹേയ്, ഇതാരും ഉണ്ടാക്കിയതല്ല. ഇന്ന് രാവിലെ ഞാൻ ഉറക്കമുണർന്നുവരുമ്പോൾ ഇങ്ങനെ ഒന്ന് എന്റെ മേശപ്പുറത്തിരിക്കുന്നു. ഇത് തനിയെ ഉണ്ടായതാണ്” , ന്യൂട്ടൺ പറ

ഞ്ഞു.

"ഞാനെന്താ, അത്ര വിഡ്ഢിയാണോ, ഇത് തനിയെ ഉണ്ടായി എന്ന് വിശ്വസിക്കാൻ? നല്ല വിദഗ്ദ്ധനായ ഒരാളുടെ കരമാണ് ഇത് സൃഷ്ടിച്ചെതെന്ന് ആർക്കാണറിയാൻ വയ്യാത്തത്?"

"എന്റെ മേശപ്പുറത്തിരിക്കുന്ന ഈ ചെറിയ സൗരയൂഥത്തിന്റെ model ഉണ്ടാക്കാൻ ഒരാളുടെ ബുദ്ധിയും കരവും വേണമെങ്കിൽ, ഈ പ്രപഞ്ചത്തിലെ ഈ സൊരയൂഥം മാത്രമല്ല, അണ്ഡകടാഹത്തിലെ സകലതിനെയും സൃഷ്ടിച്ച് നിയന്ത്രിക്കുന്ന സർവ്വവല്ലഭനായ ഒരു ദൈവം ഉണ്ട് എന്ന് വിശ്വസിക്കാൻ വല്ല പ്രയാസവുമുണ്ടോ?"

ഇത് ആ സ്നേഹിതനെ ചിന്തിപ്പിച്ചു. അദ്ദേഹം തുടർന്ന് ഒരു വിശ്വാസിയായിത്തീർന്നു.

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."

അമേരിക്കൻ ബഹിരാകാശ സഞ്ചാരിയായ ജോൺ ഗ്ലെൻ ഒരു ദൈവഭക്തനായിരുന്നു. ബഹിരാകാശയാത്രയ്ക്ക് ഒരുങ്ങുമ്പോൾ അദ്ദേഹത്തോട് ചോദിച്ചു:

"എന്തെങ്കിലും പ്രത്യേകിച്ച് പ്രാർത്ഥിക്കുവാനുണ്ടോ?"

"എന്റെ ഓരോ നിമിഷവും ഓരോ ചലനവും കാണുന്നവനാണ് ദൈവം. അവിടുന്ന് എപ്പോഴും എന്നെ നോക്കുന്നു. ഞാനൊന്നും പറയാതെ അവിടുന്ന് എല്ലാം അറിയുന്നു. അതുകൊണ്ട് പ്രത്യേകിച്ച് പ്രാർത്ഥിക്കാനൊന്നുമില്ല. ഞാൻ മരിച്ചാലും ജീവിച്ചാലും യേശുക്രിസ്തുവിനോടുകൂടെ."

ഇതാണ് ദൈവവിശ്വാസം.

ചികിത്സാരംഗത്തെ വലിയൊരു ചുവടുവെപ്പായിരുന്നു ക്ലോറൊഫോം കണ്ടുപിടിച്ചത്. എ.ബി. സിംസൺ എന്ന ശാസ്ത്രജ്ഞനാണ് ക്ലോറൊഫോം കണ്ടുപിടിച്ചത്. അദ്ദേഹം പറഞ്ഞു:

"മനുഷ്യനെ മയക്കുന്ന ക്ലോറൊഫോം കണ്ടുപിടിച്ചതിനേക്കാൾ എത്രയോ വലിയ സംഭവമാണ് എന്നെ മയക്കിയ യേശുക്രിസ്തുവിനെ ഞാൻ കണ്ടെത്തിയത്."

ആ ശാസ്ത്രജ്ഞന്റെ ദൈവവിശ്വാസം എത്രയോ പ്രശംസനീയമാണ്!

മൈക്കിൾ ഫാരഡേ ലോകത്തിന് വിലപ്പെട്ട സംഭാവന നൽകിയ സുപ്രസിദ്ധ ശാസ്ത്രജ്ഞനാണ്. അദ്ദേഹം മരിക്കാറായി കിടക്കുമ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതൻമാർ ചോദിച്ചു:

"ഒടുവിലായി ഞങ്ങൾക്കു തരാനായി അങ്ങേയ്ക്ക് എന്തു സന്ദേശമാണുള്ളത്?"

മറുപടി: "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാനറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഞാനറിയുന്നു."

ഇതാണ് വിശ്വാസം.

നിരീശ്വരനായ ഒരു യുവാവ് പറഞ്ഞു: "ദൈവത്തെ കാണാൻ പറ്റുന്നില്ലല്ലൊ. കാണാൻ പറ്റിയാൽ ഞാൻ വിശ്വസിക്കാം."

ഇതു കേട്ടുകൊണ്ടിരുന്ന മറ്റൊരു യുവാവ് ഇവന്റെ പുറത്തേയ്ക്ക് ശക്തിയായി ഒന്നടിച്ചു. അവൻ അടിയേറ്റ് നല്ലതുപോലെ വേദനിച്ചു കരഞ്ഞുപോയി.

"നീ കരഞ്ഞതെന്തിനാണ്?"

"ഞാൻ കരഞ്ഞത് എനിക്കു വേദനിച്ചതുകൊണ്ട്."

"എവിടെ വേദന? കാണട്ടെ." മറ്റെ യുവാവിന്റെ പ്രതികരണം അങ്ങനെയായിരുന്നു.

അതൊരനുഭവമല്ലേ? അത് കാണിച്ചു തരാൻ സാദ്ധ്യമല്ല."

"അതുപോലെ ഒരനുഭവമാണ് ക്രിസ്തു മനുഷ്യഹൃദയത്തിൽ അധിവസിക്കുന്നത്. ക്രിസ്തു ഹൃദയത്തിൽ വരുമ്പോൾ ലഭിക്കുന്ന മഹാസന്തോഷം ഒരനുഭവമാണ്."

ക്രിസ്തീയ ജീവിതം ക്രിസ്തുവിലുള്ള വിശ്വാസത്തിൽ മാത്രം അടിസ്ഥാനപ്പെട്ടിരിക്കുന്നു. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമായ വിശ്വാസം ദൈനംദിന ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകി നാം പുലർത്തുമ്പോൾ ഹൃദയം സന്തോഷംകൊണ്ട് നിറയും.

ജ്യോമട്രിയിൽ ചില സ്വയം പ്രമാണങ്ങളുണ്ട് (Axioms). അവ പൂർണ്ണമായി വിശ്വസിച്ച് അംഗീകരിച്ചാൽ അവകൊണ്ട് theorems (സൂത്രങ്ങൾ) prove ചെയ്യാൻ കഴിയും. സൂത്രങ്ങൾ നിർധാരണം ചെയ്ത് തെളിയിച്ചു കഴിയുമ്പോൾ axioms (സ്വയം പ്രമാണങ്ങൾ) ശരിയാണെന്ന് നമുക്ക് തെളിവ് ലഭിക്കും.

ഇതുപോലെ തന്നെ ക്രിസ്തീയ ജീവിതത്തിൽ ചില തെല്ലാം ആദ്യമങ്ങ് വിശ്വസിക്കണം. അപ്പോൾ പുതിയ പുതിയ സജീവ ജീവിതാനുഭവങ്ങൾ നമുക്കുണ്ടാകും.

പ്രിയ സ്നേഹിതാ, താങ്കൾക്ക് ഒരു നിഷ്ക്കളങ്ക ഹൃദയത്തോടെ ദൈവത്തെ വിശ്വസിക്കാൻ സാധിച്ചിട്ടുണ്ടോ? മുഴുവനായി വിശ്വസിക്കണം. സർവ്വശക്തൻ എനിക്ക് മതിയായ

വൻ എന്ന ഉറപ്പുണ്ടാകണം. ക്രിസ്തു ക്രൂശിൽ രക്തമേകി മരിച്ചത് വിശ്വാസത്താൽ അംഗീകരിക്കണം.

ക്രിസ്തുവിന്റെ ദിവ്യവെളിച്ചം നമ്മുടെ ഹൃദയത്തിന്റെ ഉള്ളത്തിൽ കത്തിജ്വലിച്ചുകൊണ്ടിരിക്കണം. അതിനായി സ്നേഹിതാ, ഇപ്പോൾ ക്രിസ്തുവിനോടു നീ പറയൂ: നാഥാ, ഇന്നു മുതൽ ഒരു പൂർണ്ണ വിശ്വാസിയായി ഞാൻ ജീവിച്ചു കൊള്ളാം. യേശുവേ, നീ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തം എന്നെ പൂർണ്ണമായി കഴുകണമേ. ഇന്നു മുതൽ ഞാൻ ക്രിസ്തുവിന്റെ അടിമയായി ജീവിക്കും എന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു.

## രണ്ട്

> "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."
> എബ്രായർ 11 : 1

എബ്രായലേഖനം 11-ാം അദ്ധ്യായം പഴയ നിയമ വിശുദ്ധൻമാരായ വിശ്വാസവീരന്മാരുടെ ഒരു പട്ടികയാണ്. ജീവിതത്തിൽ വിശ്വാസത്തിനുള്ള പ്രസക്തിയെയും പ്രാധാന്യത്തെയും കുറിച്ച് ഇതിൽ വിവരിക്കുന്നു.

> "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവമുണ്ട് എന്നും, തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ."
> എബ്രായർ 11 : 6

വിശ്വാസം കൂടാതെ ആത്മീയ ജീവിതം സാദ്ധ്യമല്ല. കർത്താവായ യേശുക്രിസ്തുവിലെ വിശ്വാസം കൂടാതെ എന്ത് ഭക്തിജീവിതം നയിച്ചാലും, എന്തെല്ലാം സൽപ്രവൃത്തികൾ

ചെയ്താലും ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല.

ഒരിക്കൽ ശിഷ്യൻമാർ കർത്താവിനോട് ചോദിച്ചു:

"...ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്ന് ഞങ്ങൾ എന്തു ചെയ്യേണം.?"

കർത്താവ് ഉത്തരം പറഞ്ഞു:

> "ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ."
> യോഹന്നാൻ 6 : 28 – 29

ക്രിസ്തുവിന്റെ പരസ്യശുശ്രൂഷാവേളകളിൽ ആർക്കെല്ലാം തന്നിൽനിന്ന് സൗഖ്യം ലഭിച്ചിട്ടുണ്ടോ, അവരിലെല്ലാം നിറഞ്ഞു നിന്ന ഒരു കാര്യം അവരുടെ വിശ്വാസമായിരുന്നു.

രക്തവാർച്ചക്കാരി സ്ത്രീയ്ക്ക് കർത്താവ് സൗഖ്യം കൊടുത്തുകൊണ്ട് പറയുന്നത്:

> "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക." മർക്കോസ് 5 : 34

ക്രിസ്തുവിന്റെ തിരുമുമ്പിൽ ചെന്ന് എന്നെ സൗഖ്യമാക്കണമേ എന്ന് അപേക്ഷിക്കാൻ കഴിഞ്ഞില്ല. എന്നാൽ അവൾ പുരുഷാരത്തിന്റെ ഇടയിൽക്കൂടെ ചെന്ന് പിന്നിൽനിന്ന് എങ്ങി, വസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊട്ടു. ഉടനെ അവളുടെ രോഗം മാറി എന്ന് അവൾ ശരീരത്തിൽ അറിഞ്ഞു.

പന്ത്രണ്ടു വർഷമായി രക്തസ്രാവമുള്ളവളാണ് അവൾ. ചികിത്സയ്ക്കായി അനേകം വൈദ്യന്മാരെ കണ്ടവളാണ് അവൾ. ഇക്കഴിഞ്ഞ പന്ത്രണ്ടുകൊല്ലത്തെ ചികിത്സയും

ചെലവും എല്ലാമായിട്ടും ഒരു സൗഖ്യവും ലഭിക്കാതെ വളരെ പരവശയായിത്തീർന്നിരുന്ന ഒരു സ്ത്രീയാണവൾ. എന്നാൽ ഇപ്പോൾ അവൾക്ക് സൗഖ്യം ലഭിച്ചതിന്ന് ഒരടിസ്ഥാനം മാത്രം.

"അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും" എന്നവൾ ക്രിസ്തുവിൽ വിശ്വസിച്ചു.

പള്ളിപ്രമാണിയായ യായീറോസിനോട് ക്രിസ്തു പറയുന്നത്:

"ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക" എന്നാണ്.

പള്ളിപ്രമാണിമാരെല്ലാം ക്രിസ്തുവിനെ നിന്ദിക്കുകയും പരിഹസിക്കുകയും ഒറ്റപ്പെടുത്തുകയും തിരസ്കരിക്കുകയും ചെയ്യുന്ന കാലത്താണ് അവരിലൊരാളായ യായീറോസ് യേശുവിന്റെ അരികത്ത് വന്ന് കാല്ക്കൽ വീഴുന്നത്.

> "എന്റെ കുഞ്ഞുമകൾ അത്യാസനത്തിൽ ഇരിക്കുന്നു; അവൾ രക്ഷപ്പെട്ട് ജീവിക്കേണ്ടതിന്ന് നീ വന്ന് അവളുടെ മേൽ കൈ വെയ്ക്കേണമേ."
>
> മർക്കോസ് 5 : 23

ഈ അപേക്ഷ സ്വീകരിച്ച് യേശു അവനോടുകൂടെ അവന്റെ ഭവനത്തിലേക്ക് പോവുകയായിരുന്നു. അപ്പോഴാണ് യായീറോസിന്റെ വീട്ടിൽനിന്ന് ഒരാൾ എതിരെ വരുന്നത്:

> "നിന്റെ മകൾ മരിച്ചുപോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നത് എന്തിന്?"
>
> മർക്കോസ് 5 : 35

യായീറോസ് സ്വാഭാവികമായും തളർന്നു. അവശനിലയിൽ വേച്ചുവേച്ച് പ്രാഞ്ചിപ്രാഞ്ചി നടക്കുന്ന യായീറോസി

നോട് ക്രിസ്തു പറഞ്ഞു:

"....ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക."
മർക്കോസ് 5 : 36

വീട്ടിൽ ചെല്ലുമ്പോൾ അലമുറയും കരച്ചിലും തന്നെ. ആരവാരവും കരച്ചിലും കേട്ട് യേശു പറഞ്ഞു: "കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ." ആളുകൾ ക്രിസ്തുവിനെ പരിഹസിച്ചു.

ക്രിസ്തു മരിച്ചുകിടക്കുന്ന കുട്ടിയുടെ അരികത്തു ചെന്നു നിന്നു. ജീവന്റെ ഉടയവന് തന്റെ കൈപ്പണിയോട് മനസ്സലിവ് തോന്നി. ക്രിസ്തു തന്റെ കരം ഉയർത്തി മരിച്ച കുട്ടിയുടെ കരത്തിൽ പിടിച്ചു.

"ബാലേ, എഴുന്നേൽക്ക."

കട്ടിലിൽ ഒരു ചെറിയ ചലനം! ശവശരീരം പതുക്കെ അനങ്ങുന്നു! ഇതാ കണ്ണുകൾ ചിമ്മിച്ചിമ്മി തുറക്കുന്നു. ബാല സാവധാനം എഴുന്നേൽക്കുന്നു.

"ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക" ക്രിസ്തുവിന്റെ ഈ വാക്കുകൾ യായീറോസിനെ ധൈര്യപ്പെടുത്തി.

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."

"പോക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ."
മത്തായി 8 : 13

ശതാധിപന്റെ ബാല്യക്കാരന് കർത്താവ് സൗഖ്യം കൊടുത്തു. അവൻ പക്ഷവാതം പിടിച്ച് കഠിനമായി വേദനപ്പെട്ട് വീട്ടിൽ കിടക്കുകയായിരുന്നു.

ശതാധിപന്റെ ഭവനത്തിലേക്ക് പോകാനൊരുങ്ങിയ ക്രിസ്തുവിനോട് അദ്ദേഹം പറയുകയാണ്:

> "കർത്താവേ, നീ എന്റെ പുരയ്ക്കകത്ത് വരുവാൻ ഞാൻ യോഗ്യനല്ല; ഒരു വാക്കു മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. ഞാനും അധികാരത്തിൻ കീഴുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്; ഞാൻ ഒരുവനോട്: പോക എന്നു പറഞ്ഞാൽ പോകുന്നു, മറ്റൊരുത്തനോട്: വരിക എന്നു പറഞ്ഞാൽ വരുന്നു; എന്റെ ദാസനോട്: ഇത് ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു."

"ഇത്ര വലിയ വിശ്വാസം" എന്നാണ് ക്രിസ്തു ശതാധിപന്റെ വിശ്വാസത്തെ അഭിനന്ദിച്ചത്. ആ സമയം തന്നെ ബാല്യക്കാരന് സൗഖ്യം വന്നു.

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."

> "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ."
>
> മത്തായി 15 : 28

കനാന്യസ്ത്രീയോടാണ് കർത്താവ് ഇങ്ങനെ പറഞ്ഞത്. അവൾ പുറജാതി സ്ത്രീയാണ്. "എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു" എന്ന് പറഞ്ഞ് കരഞ്ഞുകൊണ്ട് കർത്താവിന്റെ പിന്നാലെ വരികയാണ്. ക്രിസ്തു അവളോട് ഒന്നും മിണ്ടുന്നില്ല. പക്ഷേ അവൾ മടുക്കാതെ കരഞ്ഞുകൊണ്ട് പിന്നാലെ വരികയാണ്.

"അവളെ പറഞ്ഞയയ്ക്കണമേ" എന്ന് ശിഷ്യൻമാർ പറ

യുന്നുണ്ട്. അപ്പോഴും ക്രിസ്തുവിന്റെ പ്രതികരണം ആശാവഹമല്ല:

> "യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല."
> മത്തായി 15 : 24

അപ്പോൾ അവൾ ഒട്ടും നിരാശയില്ലാതെ ചേർന്നുനിന്നു പറഞ്ഞു: "കർത്താവേ, എന്നെ സഹായിക്കേണമേ." അവൾ ആ പൊതുനിരത്തിൽ ക്രിസ്തുവിനെ നമസ്ക്കരിച്ചു.

അപ്പോൾ കർത്താവു പറഞ്ഞു:

> "മക്കൾക്കുള്ള അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടു കൊടുക്കുന്നത് നന്നല്ല."
> മത്തായി 15 : 26

അതു കേട്ട് അവൾ വളരെ എളിമയോടെ പറഞ്ഞു: "അതേ കർത്താവേ."

> "…..നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ."
> മത്തായി 15 : 27

അപ്പോഴാണ് യേശുവിന്റെ ഉള്ളം കുളിർത്തത്. ആഴമായ വിശ്വാസം, മടുത്തു പോകാത്ത വിശ്വാസം കണ്ടപ്പോൾ ക്രിസ്തു അരുളിച്ചെയ്തു:

> "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്. നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ."
> മത്തായി 15 : 28

ആ നാഴിക മുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു.

“വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു.”

ഇത്ര ഉറപ്പേറിയ വിശ്വാസം ലഭിച്ച ഒരാളാണ് തൃപ്പൂണിത്തുറയിൽ ബിസിനസ്സ് നടത്തുന്ന ശ്രീ. എം.എ. ദേവസ്സി. അവിശ്വാസിയായിരുന്ന ദേവസ്സി ഈ വിശ്വാസം പ്രാപിച്ചതെങ്ങനെയെന്ന് നമുക്ക് ചോദിച്ചറിയാം:

ദേവസ്സി അവിശ്വാസിയായിരുന്ന കാലത്തെക്കുറിച്ച് ഒന്ന് വിവരിക്കാമോ?

ഞാൻ കത്തോലിക്കാ സമുദായത്തിലെ ഒരു ദരിദ്രകുടുംബത്തിലാണ് ജനിച്ചത്. തൃപ്പൂണിത്തുറച്ചന്തയിലെ ഒരു ചുമട്ടു തൊഴിലാളിയായിരുന്നു. ആഹാരത്തിന് പഞ്ഞമുണ്ടായിരുന്ന കാലമായിരുന്നു എന്റെ ബാല്യകാലം.

ഞാൻ പള്ളിയിൽ പോകുകയും പെരുന്നാളുകളിലും റാസകളിലും പങ്കെടുക്കുകയും മറ്റും ചെയ്തിരുന്നു. പക്ഷേ എന്റെ ജീവിതം മുഴുവൻ പാപമായിരുന്നു.

ഞാൻ തൊഴിലാളി യൂണിയൻ സംഘടിപ്പിച്ച് അതിന്റെ നേതാവായി. രാഷ്ട്രീയപ്പാർട്ടിയുടെ പിൻബലത്തിൽ ഞാൻ തൃപ്പൂണിത്തുറയിലെ ഒരു ഗുണ്ടാനേതാവായിതീർന്നു.

ഞാൻ എത്രയോ പേരെ അടിച്ചു വീഴിച്ചിട്ടുണ്ട്! കടത്തിണ്ണയിലിരിക്കുന്ന തൊഴിലാളികൾ എന്നെ കണ്ട് ഭയന്ന് എഴുന്നേറ്റു നിൽക്കുമായിരുന്നു. ബിസിനസ്സുക്കാർക്കും മുതലാളിമാർക്കും ഞാനൊരു പേടിസ്വപ്നമായിരുന്നു.

എന്റെ പൈസ വർദ്ധിച്ച് വർദ്ധിച്ച് ഞാൻ സ്വന്തമായി

ബിസിനസ്സു തുടങ്ങി. പള്ളിയിൽ വലിയ നിലയും വിലയും, സമൂഹത്തിൽ നല്ല സ്ഥാനമാനങ്ങളും എനിക്ക് ലഭിച്ചു. മദ്യ പാനം, വെറിക്കൂത്ത് മുതലായ അനേകം ദുസ്സ്വഭാവങ്ങളുടെ അടിമയായി. ഞാൻ ഇരുപത് വർഷത്തിനുള്ളിൽ ഇരുപത്തി രണ്ടു പ്രാവശ്യം പാനകവും കെട്ടുനിറയും നടത്തി ശബരി മലയ്ക്ക പോയിട്ടുണ്ട്.

എന്റെ കുടുംബത്തിൽ ആ കാലങ്ങളിൽ ഒരു സ്വസ്ഥ തയും ഇല്ലായിരുന്നു. എന്റെ കോപം, വഴക്ക്, മദ്യപാനം മുതലായ ദുസ്സ്വഭാവങ്ങളിൽ മടുത്ത് എന്റെ ഭാര്യ ആത്മ ഹത്യ ചെയ്യാൻ പല പ്രാവശ്യം ശ്രമിച്ചു. ഒരു പ്രാവശ്യം അവളെ ഹോസ്പിറ്റലിൽ ആക്കി. എന്നിട്ടുപോലും ഞാൻ തിരിഞ്ഞു നോക്കിയില്ല.

എന്റെ പേരിൽ അനേകം ക്രിമിനൽ കേസുകളുണ്ടായിരു ന്നു. നല്ലനടപ്പ് ജാമ്യമായിരുന്നതുകൊണ്ട് എനിക്ക് തൃപ്പൂണി ത്തുറ വിട്ട് എവിടെയെങ്കിലും പോകണമെങ്കിൽ ഫോർട്ടു കൊച്ചി ആർ. ഡി. ഒ. യുടെ അടുത്തു ചെന്ന് അനുവാദം വാങ്ങണമായിരുന്നു.

ഈ ഭയാനകമായ ജീവിതത്തിൽ ഒരു തിരിവ് വന്നതെങ്ങ നെയാണ്?

എന്നോട് പകയും പ്രതികാരവാഞ്ഛയുമുള്ള അനേകം ആളുകളുണ്ടായിരുന്നു. എന്റെ യൂണിയനെ എതിർക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ നേതാക്കൾ ഒരു കൂട്ടം ആളുകളെ ചട്ടംകെട്ടി അയച്ചു അവർ എന്നെ തൃപ്പൂണിത്തുറ റോഡിൽ തല്ലിച്ചതച്ചിട്ടു. പരേതനായ ജെയിംസ് ആണ് എന്നെ ഹോസ്പി റ്റലിൽ ആക്കിയത്.

എന്നെ അടിച്ചവരോട് പ്രതികാരം ചെയ്യണമെന്ന് കരുതി

ഞാൻ ഒരു സംഘം കൂലിത്തല്ലുകാരെ ചട്ടംകെട്ടി അഡ്വാൻസ് കൊടുത്തു. പക്ഷേ ആ ദിവസങ്ങളിൽ ഞാനൊരു ധ്യാന യോഗത്തിൽ സംബന്ധിച്ചു. എന്റെ ഹൃദയത്തിൽനിന്നും പകയും വിദ്വേഷവും മാറ്റണമെന്ന് ഞാനിവിടെവെച്ച് ഒരു തീരുമാനമെടുത്തു.

ഞാൻ അടിയേറ്റു കിടന്നപ്പോൾ എന്നെ രക്ഷിച്ച വലിയ കുളങ്ങര ജെയിംസാണ് എന്നെ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗത്തിലേക്ക് ക്ഷണിച്ചത്.

ഓരോ യോഗത്തിലും പങ്കെടുക്കുന്തോറും ക്രിസ്തുവിന്റെ സ്നേഹം എന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നത് ഞാൻ അറിഞ്ഞു. എനിക്ക് രൂപാന്തരം തരുന്ന ക്രിസ്തുവിൽ എനിക്ക് ദൃഢമായ ഒരു വിശ്വാസം ജനിച്ചു.

ഇപ്പോഴത്തെ അനുഭവം എന്താണ്?

ഇന്ന് ഞാനും ഭാര്യയും മക്കളും ഒരുമിച്ച് പൂർണ്ണ സമാധാനത്തോടെ ജീവിക്കുന്നു. ഞങ്ങൾക്കെല്ലാം വലിയ വിശ്വാസം ക്രിസ്തു തന്നു. ഞാൻ ഈ ക്രിസ്തുവിനെ കണ്ടെത്താൻ ഇത്രയും വൈകിപ്പോയല്ലോ എന്ന സങ്കടമാണ് ഇന്നെനിക്കുള്ളത്. ഇന്നും ഞാൻ തൃപ്പൂണിത്തുറ ഫെറോന പള്ളിയിലെ അംഗമായി തുടരുന്നു.

മാന്യ സ്നേഹിതാ, ദേവസ്സിക്ക് രൂപാന്തരം കൊടുത്ത യേശുക്രിസ്തു താങ്കൾക്കും രൂപാന്തരം തരും. ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹത്തെ താങ്കൾ ഒന്ന് വിശ്വസിക്കുമോ? താങ്കളുടെ കേടുകളും കെടുതികളും മാറ്റാൻ ക്രിസ്തുവിന്റെ തിരുരക്തം മതിയായതെന്ന് താങ്കൾ വിശ്വസിക്കുമോ?

എങ്കിൽ ഇപ്പോൾ ഈ വാക്കുകളെ കേട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ പറയുക. നാഥാ, കർത്താവായ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ കുറ്റമില്ലാത്ത രക്തം ചിന്തി എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്നു മുതൽ നീ എന്റെ ഹൃദയത്തിൽ വസിക്കണമേ. ഇന്നു മുതൽ ഒരു പുതിയ ജീവിതം ഞാൻ നയിക്കുമെന്ന് ഞാനിതാ തീരുമാനിക്കുന്നു.

## മൂന്ന്

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."
എബ്രായർ 11 : 1

എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ വിശ്വാസവീരൻമാരെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ വിശ്വാസ വീരന്മാരുടെ ജീവിതത്തെ ദൃഷ്ടാന്തവൽക്കരിച്ചുകൊണ്ട് ഏഴു തരത്തിൽ വിശ്വാസത്തിന്റെ പ്രതിഫലനം ജീവിതത്തിൽ പ്രശോഭിച്ചു കാണാൻ നമുക്കു കഴിയും.

1. Faith worshipping - ആരാധിക്കുന്ന വിശ്വാസം – ഹാബേൽ എബ്രായർ 11 : 4
2. Faith walking - നടക്കുന്ന വിശ്വാസം – ഹാനേക്ക് 11 : 5 – 6
3. Faith working - പ്രവർത്തിക്കുന്ന വിശ്വാസം – നോഹ എബ്രായർ 11 : 7

4. Faith waiting - കാത്തിരിക്കുന്ന വിശ്വാസം. അബ്രാഹാം, യിസഹാക്ക്, യാക്കോബ്, യൗസേഫ് എന്നീ പിതാക്കന്മാർ. എബ്രായർ 11 : 8 – 22

5. Faith warring - പോരാടുന്ന വിശ്വാസം – മോശ എബ്രായർ 11 : 23 – 29

6. Faith winning - ജയിക്കുന്ന വിശ്വാസം – യോശുവ എബ്രായർ 11 : 30 – 31

7. Faith wondering - അതിശയിക്കുന്ന വിശ്വാസം – റാഹാബ്, മറ്റു വിശ്വാസികൾ എബ്രായർ 11 : 31 – 39

> "വിശ്വാസത്താൽ ഹാബേൽ ദൈവത്തിന്ന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന്ന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു, ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചു കൊണ്ടിരിക്കുന്നു." 11 : 4

ആദിമ മനുഷ്യനായ ആദാമിന്റെ മക്കളാണ് കയീനും ഹാബേലും. രണ്ടുപേരും യഹോവയ്ക്ക് വഴിപാട് കഴിച്ചു. കയീന്റെ വഴിപാട് നിലത്തിലെ വിളവിൽനിന്നായിരുന്നു. ഹാബേലിന്റെ വഴിപാട് ആട്ടിൻക്കൂട്ടത്തിന്റെ കടിഞ്ഞൂലുകളിലൊന്നിനെ യാഗമർപ്പിക്കുന്നതായിരുന്നു.

യഹോവയായ ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു.

ഹാബേലിൽ പ്രസാദിച്ചിരുന്നതുകൊണ്ട് ദൈവം ഹാബേലിന്റെ വഴിപാടിൽ പ്രസാദിച്ചു. കയീനിൽ പ്രസാദിക്കാതിരുന്നതുകൊണ്ട് കയീന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല.

ദൈവം കയീനിൽ പ്രസാദിക്കാതിരുന്നതെന്തുകൊണ്ട്?

ഹാബേൽ വിശ്വാസിയായിരുന്നു. കയീൻ അവിശ്വാസിയായിരുന്നു.

> "വിശ്വാസത്താൽ ഹബേൽ ദൈവത്തിന്ന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു...."
> എബ്രായർ" 11 : 4

ഹാബേലിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനം എന്തായിരുന്നു?

> "യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു."
> ഉല്പത്തി 3 : 21

ഏദൻതോട്ടത്തിൽ ഒരു മൃഗബലി നടന്നു. പാപം ചെയ്ത് ആത്മാവ് മരിച്ചുപോയ ആദാമിനും ഹവ്വയ്ക്കും ജീവൻ പ്രദാനം ചെയ്യാൻ "സ്ത്രീയുടെ സന്തതി" പിറക്കുമെന്നും "സ്ത്രീയുടെ സന്തതി" പഴയ പാമ്പായ സാത്താന്റെ തല ചതയ്ക്കുവാനായി ക്രൂശിൽ യാഗമായി അർപ്പിക്കപ്പെടുമെന്നും നിത്യനായ ദൈവം ആദിമ മനുഷ്യന് പ്രത്യാശ നൽകി. അത് ഹാബേൽ വിശ്വസിച്ചു.

വാസ്തവത്തിൽ ക്രൂശ് ആദ്യമായി സ്ഥാപിച്ചത് ഗോഗുൽത്തായിലല്ല. ഏദൻതോട്ടത്തിൽ മനുഷ്യന്റെ വീഴ്ചയെത്തുടർന്ന് ജീവനുള്ള ദൈവത്തിന്റെ സ്നേഹമുള്ള ഹൃദയത്തിലാണ് ക്രൂശ് ആദ്യമായി നാട്ടിയത്. അതിന്റെ വസ്തു

നിഷ്ഠമായ പ്രദർശനമായിരുന്നു കാലത്തിന്റെ ഒരു പ്രത്യേക സമയം ഗോഗുൽത്തായിൽ സ്ഥാപിക്കപ്പെട്ടത്.

ആ ക്രൂശിലെ പരമയാഗത്തിന്റെ നിഴലായിരുന്നു ഏദൻതോട്ടത്തിൽ മൃഗത്തെ ബലിയർപ്പിച്ചതും അതിന്റെ തോൽ എടുത്ത് പാപം ചെയ്ത് നഗ്നനായിത്തീർന്ന മനുഷ്യനെ ഉടുപ്പിച്ച് അവന്റെ നഗ്നത മറച്ചതും.

ഹാബേൽ യാഗത്തിന്റെ പൊരുൾ വിശ്വസിച്ചു. അതുകൊണ്ട് അവൻ യഹോവയ്ക്ക് യാഗം കഴിച്ചു.

ആദാം പാപം ചെയ്തപ്പോൾ അവൻ ആത്മാവിൽ മരിച്ചു. ദൈവതേജസ്സ് അവനിൽനിന്ന് ഉരിഞ്ഞുപോയി. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും നഷ്ടപ്പെട്ടു.

ദൈവമഹത്വം നഷ്ടപ്പെട്ടതോടെ ആദാം നഗ്നനായിത്തീർന്നു. നഗ്നനെന്നറിഞ്ഞപ്പോൾ നഗ്നത മറയ്ക്കേണ്ടതെങ്ങനെ എന്നാലോചിച്ചു. അത്തിയില കൂട്ടിത്തുന്നി നഗ്നത മറച്ചു.

സ്വന്തപരിശ്രമത്താൽ ആത്മീയ നഗ്നത മറയ്ക്കാനുള്ള മനുഷ്യന്റെ പരിശ്രമം. സ്വന്ത നീതിയാൽ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന വ്യാമോഹം.

ദൈവത്തിന്റെ അനന്ത വാത്സല്യം മനുഷ്യന്റെ നഗ്നതയിൽ വേദനപൂണ്ടു. നഗ്നനെന്നറിഞ്ഞ് തരുനിരകളുടെ മറവിൽ ഒളിഞ്ഞിരിക്കുന്ന മനുഷ്യനെ തേടി ദൈവം ഏദനിലേക്ക് ഇറങ്ങി വന്നു.

> “എന്റെ പ്രമോദം മനുഷ്യപുത്രൻമാരോടു കൂടെയായിരുന്നു” സദൃശവാക്യങ്ങൾ 8 : 31

മനുഷ്യൻ തേജസ്സുടുത്തിരുന്ന ആ നിഷ്ക്കളങ്ക യുഗ

ത്തിലെ നിസ്തുല മഹിമയെക്കുറിച്ച് പൂർവ്വിക പിതാക്കന്മാർ പാടിയിട്ടുണ്ട്:

"ദൈവം സൃഷ്ടിച്ചാദത്തെ,
സ്രഷ്ടാവൊടുതുല്യം സൃഷ്ടി-
യായ്; മൺമയനുദ്യാനത്തിൽ
തരുനിരയിൽപോയ് വന്നീടു-
ന്നതു കാൺമാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേ മേവി;
കൂറുന്നീറേൻമാർ
മണ്ണിനുയർച്ചയിലാശ്ചര്യം."

സ്രഷ്ടാവൊടുതുല്യം സൃഷ്ടിയായ് ദൈവം മനുഷ്യനെ സൃഷ്ടിച്ചു, തേജസ്സുടുത്തിരുന്ന, മൺമയന്റെ മഹിമയിൽ സ്വർഗ്ഗീയ മാലാഖമാർ ആശ്ചര്യം കൂറിയിരുന്ന മഹത്വത്തിന്റെ നല്ല കാലമാണ് പൊയ്പോയത്. ദൈവം വേദനയോടെ വിളിച്ചു:

"നീ എവിടെ?" ഉല്പത്തി 3 : 10

ഇത് ഇന്നും മനുഷ്യചേതനയെ ഉണർത്തുന്ന ഒരു ചോദ്യ മത്രെ. "നീ എവിടെ?" എന്റെ മോഹനസൃഷ്ടിയായ മനു ഷ്യാ, നീ എവിടെ? എന്റെ വാത്സല്യഭാജനമായ മനുഷ്യാ, നീ എവിടെ? എന്റെ ആനന്ദവും പ്രമോദവുമായ എന്റെ കൈപ്പണിയേ, നീ എവിടെ? എന്റെ തേജസ്സുടുത്തിരുന്ന എന്റെ പ്രിയ പുത്രാ, നീ എവിടെ?

താൻ അത്തിയില കൂട്ടിത്തുന്നി ഉണ്ടാക്കിയ അരയാട കൊണ്ട് നഗ്നത മറയുകയില്ലെന്ന് മനുഷ്യനറിഞ്ഞു. അവന്റെ നിസ്സഹായാവസ്ഥയിൽ മനസ്സലിവു തോന്നിയ ദൈവം അവനെ തോലുടുപ്പിച്ചു. ഏദൻതോട്ടത്തിൽ ഒരു മൃഗത്തെ കൊന്ന് അതിന്റെ തോലുകൊണ്ട് ഒരു ഉടുപ്പുണ്ടാക്കി ആദിമ

മനുഷ്യനെ ഉടുപ്പിച്ചു.

ക്രിസ്തുവിന്റെ പരമയാഗത്തിന്റെ ഈ മുൻകുറിയിൽ ഹാബേൽ വിശ്വസിച്ചു. പാപ വിമോചനത്തിന് രക്തം ചൊരിയണം എന്ന് ഹാബേലിന് മനസ്സിലായി. ഹാബേലിന് മനസ്സിലായി സ്വന്തപരിശ്രമത്താൽ വിമോചനം സാദ്ധ്യമല്ലെന്ന്. ഹാബേലിന് പാപബോധമുണ്ടായി. പാപത്തിന് പ്രായശ്ചിത്തമായി ഒരു കുഞ്ഞാട് അറുക്കപ്പെടണം എന്ന് ഹാബേൽ ഗ്രഹിച്ചു. ആ വിശ്വാസത്താൽ ഹാബേൽ യാഗം കഴിച്ചു.

കുറ്റവാളിയെ കുറ്റമറ്റവൻ എന്ന് മുദ്രകുത്തുന്ന സൗജന്യ നീതീകരണത്തിന്റെ വഴി ഹാബേൽ ഗ്രഹിച്ചു.

മിസ്രയീമിൽ കുഞ്ഞാടിന്റെ രക്തം വാതിൽപ്പടിമേലും കുറുമ്പടിമേലും പുരട്ടിയിരുന്ന വീടുകളിൽ സംഹാര ദൂതൻ കടന്നില്ല; സംഹാരം നടത്തിയില്ല.

> "...ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ
> ഒഴിഞ്ഞ് കടന്നുപോകും...." പുറപ്പാട് 12 : 13

സി.എച്ച്.സ്പർജൻ ഈ വാക്യത്തെപ്പറ്റി പറയുന്നു: "നിങ്ങൾ രക്തം കാണുമ്പോൾ എന്നല്ല, ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ കടന്നു പോകും എന്നാണ് തിരുവചനം. ഞാൻ യേശുവിനെ നോക്കുക വഴി എനിക്ക് സമാധാനവും സന്തോഷവും ലഭിക്കും. എന്നാൽ ദൈവം ക്രിസ്തുവിനെ എന്നിൽ കാണുന്നതിലൂടെയാണ് എനിക്ക് രക്ഷ ലഭിക്കുന്നത്."

എന്നിൽ ക്രിസ്തുവിനെ കാണുക, എന്തൊരു ഭാഗ്യമാണ്! എന്നിൽ ക്രിസ്തുവിന്റെ തിരുരക്തം കാണുക, എന്തൊരത്ഭുതമാണ്! എന്റെ അനീതിയും അശുദ്ധിയും അവിവേകവും അലസതയും അവിശ്വാസവും അത്യാഗ്രഹവുമെല്ലാം ക്രിസ്തു

വിന്റെ രക്തത്താൽ മറയുന്നതെന്തൊരു മഹാഭാഗ്യമാണ്!

മിസ്രയീമിൽക്കൂടി സംഹാരദൂതൻ കടന്നുപോയ ആ രാത്രിയിൽ രോഗിയായി കഴിഞ്ഞിരുന്ന ഒരു യഹൂദ ബാലന്റെ കഥ കേട്ടിട്ടുണ്ട്:

ആ ബാലൻ ആ ഭവനത്തിലെ ആദ്യജാതനായിരുന്നു. ദൈവത്തിന്റെ അരുളപ്പാട് മോശ നൽകിയത് അവനും കേട്ടിരുന്നു.

അന്ന് അവന് ഉറക്കം വന്നില്ല. അവൻ രാത്രി അപ്പനെ വിളിച്ചുണർത്തി. “അപ്പാ, വാതിൽപ്പടിമേലും കുറുമ്പടിമേലും രക്തം പുരട്ടിയിട്ടുണ്ടെന്ന് നല്ല ഉറപ്പാണോ?” അവന്റെ ആകാംക്ഷാഭരിതമായ ചോദ്യത്തിന് അപ്പന്റെ മറുപടി: “കട്ടിളപ്പടിമേൽ രക്തം പുരട്ടുവാൻ ഞാനൊരാളെ ഭരമേല്പിച്ചിട്ടുണ്ട്.”

അവൻ പറഞ്ഞു: “അപ്പൻ എന്നെ ഒന്ന് വാതിൽപ്പടിവരെ കൊണ്ടുപോകാമോ?”

അപ്പൻ അവനെ കൈത്തണ്ടത്തിൽ വഹിച്ച് കൊണ്ടുപോയി. അപ്പോഴാണ് ഭീകരസത്യം അറിയുന്നത്: വാതിൽക്കൽ രക്തം പുരട്ടിയിരുന്നില്ല.

പാതിരയാകുന്നതിനു മുമ്പുതന്നെ വളരെ തിടുക്കത്തിൽ രക്തം പുരട്ടുവാൻ ആ അപ്പൻ ധൃതിപ്പെട്ടു. ഭാഗ്യം! സംഹാരദൂതൻ വരുമ്പോൾ വാതിൽപ്പടിമേൽ രക്തമടയാളമുണ്ടായിരുന്നു.

നീതികെട്ടവനെ അവന്റെ യാതൊരു യത്നത്താലും നീതിപ്രവൃത്തികളാലുമല്ല, ദൈവത്തിന്റെ നീതിയായ ക്രിസ്തുയേശുവിന്റെ സൗജന്യനീതീകരണത്താൽത്തന്നേ നീതിമാൻ എന്ന് പരിഗണിക്കുന്ന ദൈവസ്നേഹത്തിലുള്ള വിശ്വാസമാണ്

ഹാബേലിൽ ദൈവം പ്രസാദിക്കാൻ കാരണമായത്.

രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്ന സൗജന്യ നീതീകരണത്തിന്റെ വഴി കയീൻ അംഗീകരിച്ചില്ല. അദ്ധ്വാനത്തിന്റെയും സ്വന്തനീതിയുടെയും വഴിയിൽ കയീൻ അഭിമാനം കൊണ്ടു സ്വാഭാവിക നൻമകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാം എന്ന് കയീൻ ചിന്തിച്ചു. സ്വന്തം പരിശ്രമഫലമായ നിലത്തിലെ വിളവ് കയീൻ വഴിപാടായി കൊണ്ടുവന്നു.

പാപവിമോചനത്തിനും സത്യാരാധനയ്ക്കും ദൈവം നിയമിച്ച വഴിയെ കയീൻ അംഗീകരിച്ചില്ല. കാരണം കയീന് പാപബോധമുണ്ടായിരുന്നില്ല. ഹാബേലിന് പാപബോധമുണ്ടായിരുന്നു.

പാപിയായ മനുഷ്യനെ നീതീകരിക്കാനുള്ള ദൈവസ്നേഹത്തിന്റെ കാര്യപരിപാടിയാണ് കുരിശിലെ തിരുബലി. ഹാബേലിന് വിശ്വാസമുണ്ടായത് അതിലാണ്. അതുകൊണ്ടാണ് faith worshipping - ആരാധിക്കുന്ന വിശ്വാസം – ഹാബേലിൽ കാണുന്നത്.

പ്രിയ സഹോദരീ, മാന്യ സഹോദരാ, ഈ വാക്കുകളെ കേൾക്കുമ്പോൾ ഒന്ന് ചിന്തിക്കുമോ? ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുരക്തം നിന്റെ ഹൃദയത്തിൽ നീ പുരട്ടിയിട്ടുണ്ടോ? നിന്റെ പാപമോചനത്തിന് നിന്റെ നീതിപ്രവൃത്തികളൊന്നും മതിയാകയില്ലെന്ന് നീ ഗ്രഹിക്കുന്നുവോ? നിന്റെ പാപം പേറി ക്രൂശിൽ മരിച്ച യേശുക്രിസ്തുവിന്റെ രക്തത്താൽ നീ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു എന്ന് നിനക്ക് ഉറപ്പുണ്ടോ?

ആ നിർണ്ണയത്തിൽ അധിഷ്ഠിതമായ നന്ദിയും സ്നേഹവും നിന്റെ ഹൃദയത്തിൽ നിറയുന്നുണ്ടോ? അതിൽനിന്നുറവെടു

ക്കുന്ന സ്തുതിയുടെയും സ്തോത്രത്തിന്റെയും ആരാധന നിന്നിൽ നിന്നുളവാകുന്നുണ്ടോ?

അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്ന ആരാധനയുടെ മാധുര്യം നിന്റെ അനുഭവമാണോ? Worshipping faith - ആരാധിക്കുന്ന വിശ്വാസം നിന്റെ കൈമുതലാണോ?

ഈ നിമിഷംതന്നെ നിന്റെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോട് പറയുക: കർത്താവേ, ഹാബേലിനെപ്പോലെ ഒരു സത്യാരാധകനാകാൻ ഞാൻ കൊതിക്കുന്നു. അതിനായി ക്രൂശിൽ മരിച്ച ക്രിസ്തുവിന്റെ തിരുരക്തം എന്റെ മേൽ പുരട്ടണമേ എന്ന് ഞാൻ യാചിക്കുന്നു. ആ തിരുരക്തത്തിന്റെ ശക്തിയാൽ പാപത്തെ ജയിക്കാമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെത്തന്നെ സമ്പൂർണ്ണയാഗമായി അവിടത്തെ ആണിപ്പാടേറ്റ കരങ്ങളിൽ ഞാനിതാ സമർപ്പിക്കുന്നു. എന്നെ നിന്റെ മകനും അവകാശിയുമാക്കണമേ. ഈ നിമിഷം മുതൽ ഒരു പുതിയ ജീവിതം ഞാൻ നയിക്കുമെന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു.

# നാല്

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയുമാകുന്നു."
എബ്രായർ 11 : 1

എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തിലെ വിശ്വാസവീരൻമാരായ പൂർവ്വിക വിശുദ്ധൻമാരെക്കുറിച്ച് നാം ചിന്തിച്ചുവരികയായിരുന്നല്ലോ. ഹാബേലിന്റെ യാഗത്തെ അടിസ്ഥാനമാക്കി faith worshipping - ആരാധിക്കുന്ന വിശ്വാസം – എന്ന വിഷയത്തെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ധ്യാനിച്ചല്ലൊ.

ഇന്ന് faith walking എന്ന രണ്ടാമത്തെ വിഷയത്തെക്കുറിച്ച് ചിന്തിക്കാം.

''വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ

> ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിനുമുമ്പെ സാക്ഷ്യം പ്രാപിച്ചു.”
>
> എബ്രായാർ 11 : 5

ആദാം മുതൽ ഏഴാം തലമുറയാണ് ഹാനോക്കിന്റേത്. ഹാനോക്കിനെപ്പറ്റി തിരുവെഴുത്ത് പറയുന്നു:

> “ഹാനോക്കിന് അറുപത്തഞ്ചു വയസ്സായപ്പോൾ അവൻ മെഥൂശലഹിനെ ജനിപ്പിച്ചു. മെഥുശലഹിനെ ജനിപ്പിച്ചശേഷം ഹാനോക്ക് മൂന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രൻമാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു.
>
> ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തു കൊണ്ടതിനാൽ കാണാതെയായി.”
>
> ഉല്പത്തി 5 : 21 – 24

ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു – faith walking.

വിശ്വാസത്താൽ സമുന്നത പദവി നേടിയെടുത്ത ആളാണ് ഹാനോക്ക്. വിശ്വാസത്താൽ ദൈവത്തിന്റെ പ്രസാദം സമാർജ്ജിക്കാൻ കഴിഞ്ഞ വ്യക്തിയാണ് ഹാനോക്ക്. വിശ്വാസത്താൽ ദൈവത്തോടുകൂടെ നടക്കുക എന്ന മഹാഭാഗ്യത്തിനർഹനായ വ്യക്തിയാണ് ഹാനോക്ക്.

ഹാനോക്കിന്റെ ജീവിതത്തിലെ ഒന്നാമത്തെ സവിശേഷത ഹാനോക്കിനുണ്ടായ പരിവർത്തനമാണ്. അറുപത്തഞ്ചു വയസ്സുവരെ ഒരു കാലയളവ്. പിന്നീടുള്ള മുന്നൂറു വർഷം ജീവിതത്തിലെ വിലപ്പെട്ട മറ്റൊരു കാലയളവ്.

അറുപത്തഞ്ചാമത്തെ വയസ്സിൽ മകൻ മെഥൂശലേഹ് ജനിച്ചു. ആ പ്രായത്തിൽ വലിയൊരു വ്യതിയാനം ജീവിത

ത്തിൽ സംഭവിച്ചു. അന്നു മുതൽ ദൈവത്തോടു കൂടെ നടപ്പാൻ തുടങ്ങി. അത് ജീവിതത്തിൽ ഉണ്ടായ മന:പരിവർത്തനത്തിന്റെ അനുഭവമായിരുന്നു. അതുവരെയുള്ള ജീവിതത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ജീവിതം.

ഒന്ന്, Conversion - മാനസാന്തരം - ഏതൊരാൾക്കും ഉണ്ടായേ പറ്റൂ. അതില്ലെങ്കിൽ ആത്മീയ ജീവിതത്തിൽ ഒരു ചുവടുപോലും നടക്കാൻ സാദ്ധ്യമല്ല.

ശീമോൻ പത്രോസ് യേശുവിനെ കണ്ടുമുട്ടുന്നതുവരെ ഒരു കാലയളവ്. യേശുവിന്റെ വിളി കേട്ട് പുറപ്പെടുന്നതു മുതൽ മറ്റൊരു കാലയളവ്.

> “ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവനാകും.” ലൂക്കോസ് 5 : 10

ആ നിമിഷം മുതൽ ശീമോൻ പത്രോസ് പൂർണ്ണമായും മാറി. ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചു. പടകും വലയും വിട്ട് ക്രിസ്തുവിനെ അനുഗമിച്ചു.

ശൗൽ ക്രിസ്തുവിശ്വാസികളെ പീഡിപ്പിച്ചു നടന്നവനായിരുന്നു. ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനുമായിരുന്നു. സതെഫാനൊസിനെ കല്ലെറിഞ്ഞു കൊല്ലാൻ പ്രേരണ കൊടുത്തവനായിരുന്നു.

എന്നാൽ ദമസ്കോസിന്റെ പടിവാതിൽക്കൽവെച്ച് ഒരു ശബ്ദം കേട്ടു:

“ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?”

ആ ശബ്ദത്തിൽ ശൗൽ തകർന്നുപോയി. “നീ ആരാകുന്നു കർത്താവേ?” “നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.” ഈ ശബ്ദം ശൗലിനെ രൂപാന്തരപ്പെടുത്തി.

വ്യക്തമായ ഒരു മാറ്റം - conversion - ശൗലിനുണ്ടായി. ശൗൽ പൗലോസ് അപ്പോസ്തലനാകുന്നതിന്റെ ആരംഭം ആ മാനസാന്തരമായിരുന്നു.

മഗ്ദലന മറിയാം പട്ടണത്തിലേക്കും പാപിനിയായ സ്ത്രീ ആയിരുന്നു. അവളുടെ ശരീരം അശുദ്ധിക്കും തിൻമയ്ക്കും വിട്ടുകൊടുത്തതുമൂലം ഏഴു ഭൂതങ്ങൾ അവളെ ബാധിച്ചിരുന്നു.

മഗ്ദലന മറിയാം ഒരു മാനസാന്തരാനുഭവം പ്രാപിച്ച്, ഒന്നാമത്തെ സുവിശേഷകയായി മാറുന്ന അത്ഭുതങ്ങളാണ് അവളുടെ പിൽക്കാല ജീവിതത്തിൽ നാം കാണുന്നത്.

പ്രിയ സ്നേഹിതാ, ഒരു മാനസാന്തരാനുഭവം നിനക്ക് ഉണ്ടോ? എന്നെങ്കിലും ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേയ്ക്ക് ഞാൻ സമർപ്പിച്ചു എന്ന് പ്രാഗത്ഭ്യത്തോടെ പറയാൻ നിനക്ക് കഴിയുമോ? തീർത്തും വ്യത്യസ്തനായ ഒരാളായിട്ടാണോ നീ ജീവിക്കുന്നത്?

മാനസാന്തരപ്പെടുക എന്നത് ദൈവകല്പനയാണ്: "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോട് കല്പിക്കുന്നു." അപ്പോസ്തല പ്രവൃത്തികൾ 17:30.

രണ്ട്, ഹാനോക്കിന്റെ ജീവിതത്തിലെ രണ്ടാമത്തെ കാര്യം ദൈവത്തോടുകൂടെ നടന്നു എന്നതാണ് - fellowship. ദൈവത്തോടുള്ള കൂട്ടായ്മ.

"രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ?" എന്ന് ആമോസ് 3 4: 3 - ൽ നാം കാണുന്നു. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ ദൈവവുമായി നിരപ്പാകണം. ദൈവത്തോട് സമാധാനമാകണം.

ദൈവത്തോടുള്ള സമാധാനത്തിന് - നിരപ്പിന് തടസ്സം പാപമാണ്. വചനം എന്തു പറയുന്നു എന്നു നോക്കാം.

"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്." യെശയ്യാവ് 59 : 1 - 2

അകൃത്യങ്ങൾ ജീവിതത്തിൽനിന്ന് മാറിയാൽ മാത്രമേ ദൈവത്തോട് നിരപ്പാകുകയുള്ളൂ.

"നിങ്ങൾക്ക് ശുഭം വരുവാൻ കഴിയാതവണ്ണം നിങ്ങൾ യഹോവയുടെ കല്പനകളെ ലംഘിക്കുന്നത് എന്ത്?" 2 ദിനവൃത്താന്തം 24 : 20

"നീ അവനോടിണങ്ങി സമാധാനമായിരിക്ക, അതിനാൽ നിനക്കു നൻമ വരും."

ഇയ്യോബ് 22 : 21

ദൈവത്തോട് ഇണങ്ങി നിരപ്പ് പ്രാപിച്ചാൽ ദൈവത്തോട് കൂട്ടായ്മയുണ്ടാകും. അതിനെക്കുറിച്ചാണ് യോഹന്നാൻ പറയുന്നത്:

"ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു." 1 യോഹ 1 : 3

ദൈവത്തോട് നമ്മെ നിരപ്പിക്കുവാനാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. നമ്മുടെ പാപത്തിന്റെ ശിക്ഷ കുരിശിൽ വഹിച്ച് നമ്മെ പാപത്തിന്റെ ശിക്ഷയിൽനിന്ന് സ്വതന്ത്രരാക്കി. തൻമൂലം ക്രിസ്തു നമ്മെ ദൈവത്തോട് നിരപ്പിച്ചു.

അവൻ (ദൈവം) നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു. ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു.

> “ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. 2 കൊരി. 5 : 20
>
> വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.” റോമർ 5 : 1

മാന്യ സുഹൃത്തേ, നിന്റെ ജീവിതത്തിൽ ഈ നിരപ്പ് നീ അനുഭവിക്കുന്നുവോ? ക്രിസ്തുവിന്റെ രക്തത്തിൽ കഴിഞ്ഞ കാലപാപങ്ങളെല്ലാം മായിക്കപ്പെട്ടു എന്ന വിശ്വാസത്തോടെ ഒരു വിശുദ്ധജീവിതമാണോ ഇന്ന് നീ നയിക്കുന്നത്? അങ്ങനെ നീ ഇന്ന് ദൈവത്തോടുകൂടെ നടക്കുന്നുവോ?

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടു കൂടെ നടന്നു. അബ്രാഹാം ദൈവത്തോടുകൂടെ നടന്നു. സ്നേഹിതാ, നീയോ? നീ ദൈവത്തോടുകൂടെ നടക്കുന്നുവോ?

ഹാനോക്കിന്റെ ജീവിതത്തിലെ മൂന്നാമത്തെ കാര്യം

അവൻ ഇഹലോകജീവിതകാലത്ത് ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് സാക്ഷ്യം പ്രാപിച്ചു.

ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ നേട്ടം അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് സാക്ഷ്യം ലഭിക്കുക എന്നതാണ്. ഈ സാക്ഷ്യം ലഭിച്ചാലേ കടന്നുചെല്ലുമ്പോൾ "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന വിളി കേൾക്കാൻ സാധിക്കുകയുള്ളൂ.

മൂന്ന്, Pleasing testimony - പ്രസാദാത്മകമായ സാക്ഷ്യം - ഞാൻ നേടിയോ എന്ന് സ്വയം ശോധന ചെയ്യാം.

നാല്, ദൈവത്തോടുകൂടെ നടന്നാൽ കടന്നുചെല്ലുമ്പോഴും ദൈവത്തോടുകൂടെ. Pleasant departure.

ഹാനോക്കിന്റെ ജീവിതത്തിലെ അഞ്ചാമത്തെ വസ്തുത ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പ്രവചിച്ചു എന്നതാണ്.

ഹാനോക്കിന്റെ ജീവിതത്തിന്റെ സവിശേഷത, ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവത്തോടുകൂടെ ഈ ഭൂമിയിൽ നടന്നാൽ ജീവിതാന്ത്യത്തിലും ദൈവത്തോട് കൂടെയായിരിക്കും. നിത്യതയിലും ദൈവത്തോടു കൂടെയായിരിക്കും.

വോൾട്ടയർ നിരീശ്വരനായിരുന്നു. മരണസമയത്ത് നിരാശയോടെ, വേദനാനിർഭരമായ ഞെരക്കത്തോടെ ലോകത്തിൽനിന്നും കടന്നുപോയി.

വോൾട്ടയറിനെ മരണക്കിടക്കയിൽ ശുശ്രൂഷിച്ച നഴ്സ് പറഞ്ഞു: "ആ നിരാശയും നെടുവീർപ്പും അസ്വസ്ഥതയും കണ്ടുനിൽക്കാൻ വയ്യായിരുന്നു. ഫ്രാൻസിലെ സ്വത്ത് മുഴു

വൻ എനിക്ക് തരാമെന്ന് പറഞ്ഞാലും ഒരു നിരീശ്വരന്റെ മരണക്കിടക്കയിൽ ശുശ്രൂഷിക്കാൻ എനിക്ക് സാദ്ധ്യമല്ല."

സിമ്പറെ ബോർഗിയ പറഞ്ഞു: "ജീവിച്ചിരുന്നപ്പോൾ മരണത്തിനൊഴികെ എല്ലാറ്റിനുവേണ്ടിയും ഞാൻ കരുതിവെച്ചു. ഇപ്പോൾ ഞാൻ മരിക്കാറായിരിക്കുന്നു. എന്നാൽ, ഹാ, കഷ്ടം! മരിക്കാൻ ഞാൻ ഒരുങ്ങിയില്ലല്ലോ."

ഫ്രാൻസിലെ രാജാവായ ചാൾസ് IX പറഞ്ഞു: "രക്തപാതകം, കൊല, ദുഷ്ട ആലോചനകൾ ഇവയെ ഞാൻ പിൻപറ്റി. ഞാൻ നശിച്ചു. എന്റെ ഭയാനകമായ നാശം ഞാനിപ്പോൾ വ്യക്തമായി കാണുന്നു."

വലിയ യുക്തിവാദിയും തത്വചിന്തകനുമായിരുന്ന ടോം പെയിൻ എന്നു വിളിക്കുന്ന തോമസ് പെയിൻ മരണത്തോടടുത്തപ്പോൾ പറഞ്ഞു:

"എനിക്ക് രക്ഷ നേടുവാൻ, ലോകം എന്റേതാണെങ്കിൽ, അത് മുഴുവൻ ഞാൻ മറുവിലയായി കൊടുക്കുമായിരുന്നു. 'Age of Reason' എന്ന പുസ്തകം ഞാൻ എഴുതി പ്രസിദ്ധീകരിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു! കർത്താവേ, എന്നെ സഹായിക്കണേ. എന്നെ ഉപേക്ഷിക്കരുതേ. ഞാൻ തനിച്ചാകുന്ന നരകാനുഭവത്തിൽനിന്ന് എന്നെ രക്ഷിക്കണമേ."

അമേരിക്കയിലെ സുപ്രസിദ്ധ കഥാകൃത്തായ ഓ. ഹെൻറി (O. Henry) മരണത്തോടടുത്തു കിടന്നപ്പോൾ നഴ്സിനോട് ഒരു മെഴുകുതിരി കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അത് 1910 ജൂൺ 5-നായിരുന്നു. മെഴുകുതിരി എന്തിനെന്ന് നഴ്സ് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി: "Because I am afraid to go home in the dark." ("എനിക്ക ഇരുട്ടത്ത് വീട്ടിൽ പോകാൻ പേടിയാണ്.")

"ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധ മായ സകല പ്രവൃത്തികളും നിമിത്തം ഭക്തി കെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമാ യിരം വിശുദ്ധൻമാരോടുകൂടെ വന്നിരിക്കുന്നു."

യൂദാ : 15

അഞ്ച്, Prophetic ministry - പ്രവചനാത്മക ശുശ്രൂഷ, ക്രിസ്തുവിന്റെ പുനരാഗമനത്തെ ഹാനോക്ക് മുൻക്കൂട്ടിക്ക ണ്ടു. ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ച് സാക്ഷി ച്ചു.

ഹാനോക്കിന്റെ വിശ്വാസത്തിന്റെ നടപ്പ് നമ്മെ പുളകമണി യിക്കുന്നില്ലേ? Faith walking - വിശ്വാസത്തിന്റെ നടപ്പ് നമ്മു ടെയും അനുഭവമാക്കണമെന്ന് വാഞ്ചയുണ്ടാകുന്നില്ലേ?

പ്രിയ ദൈവജനമേ, ഹാനോക്കിന്റെ ജീവിതത്തിൽനിന്ന് Conversion - മാനസാന്തരം, fellowship - കൂട്ടായ്മ, pleasing testimony - ദൈവത്തെ പ്രസാദിപ്പിക്കുന്ന സാക്ഷ്യം, pleasant departure - ഭാഗ്യകരമായ കടന്നുപോക്ക്, prophetic ministry - പ്രവചന ശുശ്രൂഷ എന്നീ അഞ്ചു കാര്യങ്ങൾ നാം പഠി ച്ചുവല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ ദൈവത്തോടുകൂടെ നടക്കുന്നതിന് ഇപ്പോൾ ഒരു പുതിയ സമർപ്പണം എടു ക്കുമോ? ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് ജീവിതം ഏല്പിച്ചുകൊടുക്കുമോ?

എങ്കിൽ ഇപ്പോൾ ക്രിസ്തുവിനോടു പറയൂ: "നാഥാ, നീ എനിക്കുവേണ്ടി മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഇതുവരെ എന്റെ പാപംമൂലം സാത്താന്റെ കൂടെ നടന്നു

എന്ന് ഏറ്റുപറയുന്നു. ഇന്നുമുതൽ എനിക്കുവേണ്ടി ജീവൻ വെടിഞ്ഞ അങ്ങേക്കുവേണ്ടി ജീവിപ്പാൻ ഞാനിതാ എന്നെത്തന്നെ ഏല്പിക്കുന്നു. എന്നോടു മനസ്സലിയണമേ."

ഈ സമർപ്പണത്തിൽ തുടർന്ന് ജീവിപ്പാൻ കർത്താവ് നിങ്ങൾക്ക് ഭാഗ്യം തരട്ടെ.

## അഞ്ച്

> "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."
> എബ്രായർ 11 : 1

എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തെ ആസ്പദമാക്കി faith worshipping - ആരാധിക്കുന്ന വിശ്വാസം, faith walking, നടക്കുന്ന വിശ്വാസം എന്നീ വിഷയങ്ങൾ കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചിന്തിച്ചുവല്ലൊ. ഇന്ന് faith working പ്രവർത്തിക്കുന്ന വിശ്വാസം എന്ന വിഷയം ചിന്തിക്കാം.

> "വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തിപൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷെയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു; അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ചു വിശ്വാസത്താലുള്ള നീതിക്കു അവകാശിയായിത്തീർന്നു."
> എബ്രായർ 11 : 7

നോഹയെക്കുറിച്ച് തിരുവചനം നൽകുന്ന സാക്ഷ്യം വളരെ ശ്രദ്ധേയമാണ്:

> "നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടു കൂടെ നടന്നു." ഉല്പത്തി 6 : 9

നോഹയുടെ കാലം ജനം പെരുകുന്ന കാലമായിരുന്നു. ജനം പെരുകിക്കൊണ്ടിരുന്നു, അതിക്രമവും പെരുകിക്കൊണ്ടിരുന്നു. ഉല്പത്തി 6 : 1, 6 : 3

> "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു." ഉല്പത്തി 6 : 5

> "ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി, ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു. ദൈവം ഭൂമിയെ നോക്കി, അത് വഷളായി എന്നു കണ്ടു, സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു." ഉല്പത്തി 6 : 11 – 12

ആ വഷളായ തലമുറയിൽ

> "നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു." ഉല്പത്തി 6 : 8

എന്താണ് നോഹയ്ക്ക് ലഭിച്ച കൃപ? വരാൻ പോകുന്ന അപകടത്തെക്കുറിച്ചുള്ള മുന്നറിവ്. വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ചുള്ള ദൈവത്തിന്റെ അരുളപ്പാട് – ദൈവത്തിന്റെ വചനം.

> "ദൈവം നോഹയോട് കല്പിച്ചതെന്തെന്നാൽ:

> സകല ജഡത്തിന്റെയും അവസാനം എന്റെ മുമ്പിൽ വന്നിരിക്കുന്നു; ഭൂമി അവരാൽ അതിക്ര മംകൊണ്ട് നിറഞ്ഞിരിക്കുന്നു; ഞാൻ അവരെ ഭൂമിയോടുകൂടെ നശിപ്പിക്കും.'' ഉല്പത്തി 6 : 13

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നോഹയ്ക്ക് ദൈവത്തിന്റെ വചനം ലഭിച്ചു. നോഹയ്ക്ക് മനുഷ്യന്റെ മേൽ വരുന്ന ഭീകര ന്യായവിധിയെക്കുറിച്ചുള്ള ദൈവിക അരുളപ്പാട് ലഭിച്ചു. വരാനിരിക്കുന്ന പ്രളയക്കെടുതിയിൽനിന്ന് രക്ഷ നേടാനുള്ള പെട്ടകം പണിയുവാനുള്ള ദൈവിക വചനം ലഭിച്ചു - നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

മാന്യ സ്നേഹിതാ, നിനക്കു കിട്ടുന്ന വചനത്തിന്റെ വില നീ അറിയുന്നുണ്ടോ? ദൈവത്തിന്റെ വചനം വരാനിരിക്കുന്ന ന്യായവിധിയുടെ ഭയാനക സ്വാധീനത്തിൽനിന്ന് നിന്നെ വിടു വിക്കാനുള്ള ദൈവസ്നേഹത്തിന്റെ അത്ഭുത പ്രകാശനമാ ണെന്ന് നീ അറിയുന്നുണ്ടോ?

അതുവരെ കാണാത്തവയെക്കുറിച്ചാണ് നോഹയ്ക്ക് അരു ളപ്പാട് കിട്ടിയത്. മഴ അന്നുവരെ ഭൂമിയിലെങ്ങും പെയ്തിട്ടി ല്ല. മഴയെന്നുപറഞ്ഞാൽ എന്താണെന്നുപോലും മനുഷ്യർ കണ്ടിട്ടില്ല; അറിഞ്ഞിട്ടില്ല. നോഹയുടെ കാലം വരെ ഭൂമി യിൽ മഴ ഇല്ലായിരുന്നു.

> ''ഭൂമിയിൽനിന്ന് മഞ്ഞുപൊങ്ങി നിലം ഒക്കെയും നനച്ചുവന്നു.'' ഉല്പത്തി 2 : 5 - 6

അതുവരെ കാണുകയോ അറിയുകയോ ചെയ്യാത്ത ഒന്നി നെക്കുറിച്ച് ദൈവവചനം ലഭിച്ചപ്പോൾ അത് വിശ്വസിക്കാനും അംഗീകരിക്കാനും അനുസരിക്കാനും നോഹയ്ക്ക് സാധി ച്ചു.

ആത്മീയ സത്യങ്ങൾ നമ്മുടെ ബുദ്ധിയിൽ ഒതുങ്ങുന്നതല്ല. നമ്മുടെ മാനുഷിക ബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയുന്നതുമല്ല. അത് വിശ്വസിക്കാൻ കഴിയുന്നത് ഒരു മഹാഭാഗ്യമാണ്.

> "ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ (ദൈവ വചനത്താൽ) അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്ക് കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നു കളയുന്നു."
>
> 2 പത്രോസ് 3:5–7

ദൈവത്തിന്റെ വചനത്തെ അവിശ്വസിക്കുന്നതാണല്ലോ എല്ലാ പാപത്തിന്റെയും ആരംഭം.

"നൻമതിൻമകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നാൽ മരിക്കും" എന്ന് ദൈവം കല്പിച്ചു. "തിന്നാൽ നിങ്ങൾ ജീവിക്കും; നിങ്ങൾ ദൈവത്തെപ്പോലെയാകും" എന്ന് സാത്താൻ പറഞ്ഞു. ദൈവത്തിന്റെ വചനത്തെ ഹവ്വാ അവിശ്വസിച്ചു. സാത്താന്റെ വചനത്തെ വിശ്വസിച്ചു. അവിടെ തുടങ്ങി മനുഷ്യന്റെ പാപം.

> വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ." റോമർ 14 : 23

ജലപ്രളയത്തെക്കുറിച്ച് അരുളപ്പാട് ലഭിച്ചപ്പോൾ നോഹ

വിശ്വസിച്ചു. അന്നത്തെ ലോകം ജലപ്രളയത്തിൽ നശിച്ചു. ഇനി വരാനിരിക്കുന്നത് അഗ്നിപ്രളയമത്രേ.

“ഈ ഭൂമി തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു” എന്നാണല്ലോ തിരുവചനം. ആ ഭയാനക സംഭവത്തിൽ, എന്തു ഭവിക്കുമെന്നാണ് തിരുവചനം പറയുന്നത്?

> “ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.” 2 പത്രോസ് 3 : 10

സ്നേഹിതാ, ഈ വചനം നീ വിശ്വസിക്കുന്നുവോ? ആ ഭയാനക സമയത്ത് നിനക്ക് സുരക്ഷിതനായിരിക്കണമോ? എങ്കിൽ ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ തുറക്കപ്പെട്ട മാറിൽ ഒളിച്ചുകൊള്ളൂ. അതാണ് രക്ഷയുടെ ഉറവിടം. അതാണ് സംരക്ഷണത്തിന്റെ ഒളിവിടം. അതാണ് കൃപയുടെ നിറകുടം. അതാണ് രക്ഷയുടെ പെട്ടകം. പ്രളയം വരുന്നതിനു മുമ്പെ പെട്ടകത്തിൽ കയറിക്കൊള്ളൂ. കൃപയുടെ പെട്ടകമത്രേ ക്രിസ്തു. ആ തിരുവിലാവ് മുറിഞ്ഞൊഴുകിയ തിരുരക്തത്തിൽ അഭയപ്പെട്ടുകൊള്ളൂ.

രക്ഷയുടെ പെട്ടകമായ ക്രിസ്തുവിൽ സങ്കേതം കണ്ടെത്തിയ ഒരു ഭാഗ്യശാലിയാണ് എറണാകുളം കോ-ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ടന്റായ മി. കുര്യൻ.

കുര്യൻ ഈ കൃപയുടെ പെട്ടകത്തിൽ രക്ഷ കണ്ടെത്താനുള്ള സാഹചര്യമെന്തായിരുന്നു?

ഞാൻ പിറവം യാക്കോബായ പള്ളി ഇടവകയിലെ ഒരു കുടുംബത്തിൽ ജനിച്ചു വളർന്നതാണ്. എന്റെ ജീവിതത്തിൽ ഞാനൊരിക്കലും ദൈവത്തെ അറിഞ്ഞിരുന്നില്ല. നമസ്കാ

രവും പള്ളിയാരാധനയുമെല്ലാം ചടങ്ങുപോലെ നടന്നിരുന്നു. പക്ഷേ ക്രിസ്തുവുമായി ഒരു സജീവബന്ധം എന്താണെന്നു പോലും എനിക്കറിയില്ലായിരുന്നു.

ഞാൻ ബാങ്കിൽ ജോലി ലഭിക്കുന്നതിനു മുമ്പും പിമ്പും ഒരു മദ്യപാനിയായിരുന്നു. ചീട്ടുകളിച്ച് എത്രയോ രാത്രിക ളിൽ ഞാൻ ഉറക്കമിളച്ചിട്ടുണ്ട്. സിനിമ എന്റെ ഒരു ഹരമാ യിരുന്നു. എനിക്ക് ഹൃദയത്തിൽ ഒരു സമാധാനമുണ്ടായിരു ന്നില്ല.

ഞാൻ രാത്രി വളരെ വൈകി വീട്ടിലെത്തുമ്പോൾ എന്റെ ഭാര്യ പിള്ളേരെക്കുറിച്ച് അനേകം പരാതികളുമായി എന്റെ അടുത്ത് വന്നിരുന്നു. ഞാൻ കുട്ടികളെ കഠിനമായി ശിക്ഷി ക്കുകയും വഴക്കുപറയുകയും ചെയ്യാറുണ്ട്. എന്റെ ഹൃദയം നിറയെ അസ്വസ്ഥതയായിരുന്നു.

എന്റെ ബാങ്ക് ഇൻസ്പെക്ട് ചെയ്യാൻ വന്നയാൾ ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലെ യോഗങ്ങളിൽ സംബന്ധിക്കുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് എന്നും കാണുന്ന സമാധാനവും ശാന്തിയും പ്രസന്നതയും എന്നെ ചിന്തിപ്പിച്ചു. ഞാൻ ചോദിച്ചു : “സാറിന്റെ മുഖത്തു കാണുന്ന ശാന്തതയും സമാധാനവും എങ്ങിനെയാണ് കിട്ടി യത്? എനിക്കത് കണ്ടിട്ട് അസൂയ തോന്നുന്നു.”

അദ്ദേഹം പറഞ്ഞു: രണ്ടാം ശനിയാഴ്ച കോലഞ്ചേരി അടുത്ത് യോഹന്നാൻ സാറിന്റെ വീട്ടിൽ നടക്കുന്ന ഒരു സുവിശേഷയോഗത്തിന് ഞാൻ താങ്കളെ കൊണ്ടുപോകാം. അവിടെ വന്ന് ദൈവവചനം കേട്ടാൽ മനസ്സിലാകും, എങ്ങ നെയാണ് സമാധാനം കിട്ടുന്നതെന്ന്.

ഞാൻ അതനുസരിച്ച് സാറിന്റെ വീട്ടിലെ യോഗത്തിന്

വന്നു. വചനം കേട്ടതോടെ എന്റെ ഹൃദയം ഞാൻ ക്രിസ്തുവിന് സമർപ്പിച്ചു. പറഞ്ഞറിയിക്കുവാൻ വയ്യാത്ത ഒരു സമാധാനം എന്റെ ഹൃദയത്തിലേക്കൊഴുകി വന്നു.

അതിനെ തുടർന്നുണ്ടായ അനുഭവമെന്താണ്?

എന്റെ വീട്ടിൽ പൂർണ്ണ സമാധാനമായി. എന്റെ കുട്ടികളുടെ പഠന കാര്യങ്ങളെല്ലാം നല്ല ചിട്ടയായും ഭംഗിയായും നടക്കാൻ തുടങ്ങി. എന്റെ മദ്യപാനാസക്തി എന്നിൽനിന്ന് നിശ്ശേഷം മാറിപ്പോയി. എന്റെ ദുസ്സ്വഭാവങ്ങളെല്ലാം എങ്ങനെ നീങ്ങിപ്പോയെന്ന് ഇന്ന് ആശ്ചര്യത്തോടെ ഓർക്കുകയാണ്.

എന്റെ മൂത്ത മകന് വിട്ടുമാറാത്ത ഒരസുഖമുണ്ടായിരുന്നു. ഒരു ദിവസം വചനം കേട്ടുകൊണ്ടിരുന്നപ്പോൾ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു ശുശ്രൂഷ നടക്കുകയായിരുന്നു. എന്റെ മകനിൽ ദൈവം അന്ന് അത്ഭുതം പ്രവർത്തിച്ചു. അന്ന് മാറിയ രോഗം പിന്നീടിതുവരെയും വന്നിട്ടില്ല.

ഇന്നുള്ള അനുഭവമെന്താണ്?

എന്നെപ്പോലെ സമാധാനം ഇല്ലാതെ മദ്യത്തിനും ദുശ്ശീലങ്ങൾക്കും അടിമകളായി കഴിയുന്ന അനേകരെ ഈ ക്രിസ്തുവിന്റെ ക്രൂശിലേക്ക് നയിക്കണമെന്നുള്ള അതിയായ ആഗ്രഹം കർത്താവ് എന്റെ ഹൃദയത്തിൽ തന്നിരിക്കുന്നു. ഞാൻ കയറി രക്ഷപ്പെട്ട രക്ഷയുടെ പെട്ടകത്തിലേക്ക് അനേകരെ മാടിവിളിച്ചുകൊണ്ട് എന്റെ ജോലിയോട് ചേർന്ന് ഞാൻ ദൈവവേല ചെയ്തുകൊണ്ടിരിക്കുന്നു.

കുര്യൻ പെട്ടകത്തിൽ കയറി രക്ഷപ്പെട്ടു. ഇന്നിതാ പെട്ടകത്തിന്റെ വാതിൽ തുറന്നിട്ടുകൊണ്ട് എല്ലാവരെയും വിളിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ കൃപയുടെ വിളി കേട്ട് ആരെല്ലാം വരുന്നുവോ അവർക്ക് ഇപ്പോൾ രക്ഷയുടെ പെട്ട

കത്തിൽ കയറാം.

നോഹയ്ക്ക് അരുളപ്പാട് കിട്ടിയപ്പോൾ നോഹ ഭയഭക്തി പൂണ്ട് പെട്ടകം പണിതു. തിരുവചനം പറയുന്നു:

> "അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശയ്യാ 66 : 2

> "ദിവസംപ്രതി എന്റെ പടിവാതിൽക്കൽ ജാഗരിച്ചും എന്റെ വാതിൽ കട്ടളെക്കൽ കാത്തുകൊണ്ടും എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സദൃശ്യ. 8 : 34

വചനത്തെ മാനിക്കുന്നവൻ ദൈവത്തെ മാനിക്കുന്നു.

> "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവനാകുന്നു, എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. യോഹ. 14 : 21

നോഹ ദൈവവചനത്തെ അനുസരിച്ചു. ദൈവിക അരുളപ്പാടിനെ അനുസരിച്ചു. കാരണം നോഹ വചനം വിശ്വസിച്ചു.

നൂറ്റാണ്ടുകൾക്കു മുമ്പ് നോഹ പണിത്പെട്ടകം മനുഷ്യജാതിയുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ച യേശുക്രിസ്തുവിന്റെ പ്രതീകമാണ്. ക്രിസ്തുവിന്റെ ചങ്കു തുറന്ന് ആ സ്നേഹം നിറഞ്ഞ തിരുഹൃദയത്തിൽ ഏതു പാപിക്കും പ്രവേശനമുണ്ട് എന്ന് ദൈവത്തിന്റെ വചനം അനുസരിക്കുന്ന ദൈവപുരുഷൻമാർ ഇന്ന് ലോകമെങ്ങും വിളിച്ചറിയിച്ചുകൊണ്ടിരിക്കുകയാണ്.

പെട്ടകത്തിന്റെ തുറന്ന വാതിൽക്കൽ നിന്നുകൊണ്ട് നോഹ നിരന്തരം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. "വലിയ ഒരു പ്രളയം വരുന്നു. ഭൂമി മുഴുവൻ വെള്ളത്തിൽ മുങ്ങും. അന്നു നശിച്ചു പോകാതിരിപ്പാൻ പ്രളയത്തിൽ മുങ്ങാത്ത ഈ പെട്ട കത്തിൽ കയറിക്കൊൾവിൻ" എന്ന് നോഹ ജനത്തെ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു.

സിംഹവും സിംഹിയും അകത്തു കടന്നു. പുള്ളിപ്പു ലിയും കടുവയും കരടിയും കുറുനരിയും ചെന്നായും എല്ലാം ഇണയിണയായി അകത്തു കടന്നു. വിശേഷബുദ്ധിയുള്ള മനുഷ്യൻ നോഹ പറഞ്ഞത് വിശ്വസിച്ചില്ല. അവർ അകത്തു കടന്നില്ല.

ഇന്നും അങ്ങനെതന്നെ. ഭീകരപ്രകൃതിയുള്ള എത്രയോ പേർ ക്രിസ്തുവിന്റെ രക്ഷയിലായി! കോപിഷ്ഠൻമാരും ഗർജ്ജിക്കുന്നവരും കലഹക്കാരും കുടുംബം മുടിക്കുന്ന വരും ഭാര്യയെ കൊല്ലുവാൻ മടിക്കാത്തവരും ഭീകരസംഘ ടനകളിൽ പരിശീലനം നേടുന്നവരും കൊലയാളികളും കവർച്ചക്കാരും കടിഞ്ഞാണില്ലാതെ ലൈംഗികവൈകൃതങ്ങ ളിൽ മുഴുകിയവരും സൂത്രക്കാരും ചതിയൻമാരും ദുഷ്ടൻമാ രുമായ എത്രയോ ആളുകൾ യേശുക്രിസ്തപവിന്റെ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്താൽ പാപമോചനം പ്രാപിച്ച്, സമാ ധാന ജീവിതം നയിക്കുന്നു!

മകനേ, നിനക്ക് ഇപ്പോഴും അകത്തു കടക്കാൻ നേരമാ യില്ലയോ? മകളേ, നീ എന്തേ മടിച്ച്, സംശയിച്ച് നിൽക്കു ന്നത്?

ഓർക്കൂ: ആരും അടയ്ക്കാത വണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ വന്ന് വാതിൽ അടയ്ക്കുന്ന ഒരു സമയമുണ്ട്. കൃപയുടെ വാതിൽ അട

യുന്ന ഒരു സമയമുണ്ട്. Faith working - പ്രവർത്തിക്കുന്ന വിശ്വാസം പ്രാപിക്കുക. ഓടി അകത്തു വരിക.

"ഇപ്പോഴാകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം." 2 കൊരിന്ത്യർ 6 : 2

രക്ഷയുടെ പെട്ടത്തിൽ കയറാൻ തീരുമാനിക്കുന്നുവെങ്കിൽ, ദൈവപൈതലേ, നീ ഉള്ളു തുറന്ന് ക്രിസ്തുവിനോട് പറയൂ: നാഥാ, ഇതുവരെ ഞാൻ രക്ഷയിൽ കടന്നില്ല, നിത്യ നാശത്തിനടിമയായി ജീവിച്ച്, പാപങ്ങളിൽ മുഴുകി എന്റെ ഇതുവരെയുള്ള ജീവിതം ഞാൻ പാഴാക്കി. ഇപ്പോൾ നാഥാ, നിന്റെ ക്രൂശിലെ തിരുരക്തത്തിൽ ആശ്രയിച്ചുകൊണ്ട് ഞാനിതാ വരുന്നു. എന്നെ നിന്റെ തിരുവിലാവിൽ ചേർക്കണമേ. രക്ഷിക്കണമേ.

# ആറ്

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു." എബ്രായർ 11 : 1

Faith worshipping - ആരാധിക്കുന്ന വിശ്വാസം.

Faith walking - നടക്കുന്ന വിശ്വാസം.

Faith working - പ്രവർത്തിക്കുന്ന വിശ്വാസം.

Faith waiting - കാത്തിരിക്കുന്ന വിശ്വാസം.

അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് തുടങ്ങിയ പിതാക്കൻമാരുടെ വിശ്വാസം. എബ്രായർ 11 : 8 – 22

"വിശ്വാസത്താൽ അബ്രാഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവി

> ടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന് വാഗ്ദത്തത്തിന്നു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു."
>
> എബ്രായർ 11 : 8 – 10

Faith waiting - കാത്തിരിക്കുന്ന വിശ്വാസം. പിതാക്കൻമാരുടെ പ്രയാണത്തിൽ ഏഴു പടികൾ നമുക്ക് കാണാൻ കഴിയും.

ഒന്ന് : അനുസരിച്ചു. എബ്രായർ 11 : 8

രണ്ട് : കൂടാരങ്ങളിൽ പാർത്തു. എബ്രായർ 11 : 9

മൂന്ന് : തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞു. എബ്രായർ 11 : 3

നാല് : മടങ്ങിപ്പോയില്ല; മടുത്തില്ല, പിൻമാറിയില്ല. എബ്രായർ 11 : 15

അഞ്ച് : കാത്തിരുന്നു. എബ്രായർ 11 : 10

ആറ് : വിശ്വാസത്തിൽ മരിച്ചു – ഭാഗ്യകരമായ മരണം. എബ്രായർ 11 : 13

ഏഴ് : ഒരുക്കപ്പെട്ട നഗരത്തിൽ എത്തുന്നു. നിത്യസ്വസ്ഥത പ്രാപിക്കുന്നു. എബ്രായർ 11 : 16

ദൈവത്തിന്റെ വിളി ലഭിക്കുമ്പോൾ അബ്രാഹാം യൂഫ്രട്ടീസ്–ടൈഗ്രീസ് നദിക്കക്കരെ മെസപ്പൊട്ടോമിയായിൽ വിഗ്ര

ഹാരാധിയായി ജീവിക്കുകയായിരുന്നു. സത്യദൈവത്തെ അറിയാതെ വിഗ്രഹാരാധനയിൽ മുഴുകിക്കഴിയുന്ന ജനത്തിന്റെ നടുവിൽ ജീവിക്കുകയായിരുന്നു. വിഗ്രഹങ്ങളുണ്ടാക്കി വിൽക്കുക എന്നതായിരുന്നു അന്ന് അബ്രാഹാമിന്റെ തൊഴിൽ.

തേജോമയനായ ദൈവം അബ്രാഹാമിന് പ്രത്യക്ഷനായി അരുളിച്ചെയ്തു:

> "നിന്റെ ദേശത്തെയും നിന്റെ ചാർച്ചക്കാരെയും പിതൃഭവനത്തേയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക."
>
> ഉല്പത്തി 12 : 1

ഏതു ദേശത്തേക്കാണ് പോകേണ്ടത് എന്ന് ദൈവം നിർദ്ദേശിച്ചില്ല. "ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക" എന്നു മാത്രമാണ് കല്പന. ഇനിയും കാണിപ്പാനിരിക്കുന്നേയുള്ളൂ.

എവിടേക്ക് പോകുന്നു എന്നറിയാതെ അബ്രാഹാം പുറപ്പെടുകയാണ്. അതാണ് വിശ്വാസം. ആ വിശ്വാസത്തെയാണ് പൗലോസ് ഇവിടെ പ്രശംസിക്കുന്നത്. ഇത്ര ഗാഢവും സുദൃഢവുമായ വിശ്വാസത്തിൽനിന്നു മാത്രമേ അനുസരണം ഉണ്ടാവുകയുള്ളൂ - അനുസരണം.

രണ്ടാമതായി, അബ്രാഹാമിന്റെ വിശ്വാസത്തിന്റെ പ്രത്യേകത വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ കൂടാരങ്ങളിൽ പാർത്തു. ഈ ഭൂമിയിലെ താമസം താൽക്കാലികമെന്ന കാഴ്ചപ്പാട് അബ്രാഹാമിനെ ഭരിച്ചു.

"ഇവിടെ നാം അന്യരും പരദേശികളുമാണ്" (എബ്രായർ 11:13) എന്ന ചിന്തയാണ് വിശ്വാസിയുടെ കൈമുതൽ. എല്ലാം മായയാണ്; എല്ലാം നശ്വരമാണ്; എല്ലാം മാറിമറഞ്ഞുപോകു

ന്നതാണ്; നിലനിൽക്കുന്നത് ക്രിസ്തുവും ക്രിസ്തുവിന്റെ സ്നേഹവും മാത്രം എന്ന ചിന്ത അഗാധമായ വിശ്വാസ ത്തിൽനിന്ന് ഉരുത്തിരിഞ്ഞ് വരുന്നതാണ്.

> "സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു, പുല്ല് വാടി, പൂവ് ഉതിർന്നുപോയി, കർത്താ വിന്റെ വചനമോ എന്നേയ്ക്കും നിലനിൽക്കുന്നു" എന്ന് പത്രോസ് പറയുന്നു. 1 പത്രോസ് 1 : 24

വിശ്വാസികളെ 'പ്രവാസികളും പരദേശികളും' എന്നാണ് പത്രോസ് വിളിക്കുന്നത്. 1 പത്രോസ് 2 : 11

ഈ ലോകത്തിലെ നമ്മുടെ ജീവിതം കേവലം താൽക്കാ ലികമെന്ന് നാം ഗ്രഹിക്കേണ്ടതാണ്. നമ്മുടെ വീട് നിത്യ സ്വർഗ്ഗമാണ്. ഈ ഭൂമിയിലെ വാസം ഏതാനും നാളുകളി ലേക്ക് മാത്രമുള്ളതാണ്. ഇവിടെ നാം കൂടാരങ്ങളിൽ പാർക്കു ന്നു.

> "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴി ഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവന മായി ദൈവത്തിന്റെ ദാനമായോരുകെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു."
> 2 കൊരി. 5 : 1

ഈ ശരീരം കൂടാരമായ ഭൗമഭവനമാണ്. ഏതോ ഒരു നിമിഷം ഈ ശരീരത്തിൽനിന്ന് ജീവൻ മാറിപ്പോകും. ആത്മാവ് നിത്യതയിലേക്ക് പറക്കും. കൈപ്പണിയല്ലാത്ത നിത്യ ഭവനത്തിലേക്ക് പറന്നുപോകും. കിളിക്കൂട്ടിൽനിന്ന് കിളി പറ ന്നകലുന്നതുപോലെ.

പ്രിയ സ്നേഹിതാ, ഇവിടെ നീ ഒരു പരദേശിയാണ്

എന്നും എന്റെ സ്വന്തദേശം നിത്യസ്വർഗ്ഗമാണ് എന്നും ഉള്ള യഥാർത്ഥമായ കാഴ്ചപ്പാട് നിനക്കുണ്ടോ? അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ചിന്താഗതിയും ജീവിത വീക്ഷണവും അതായിരുന്നു.

മൂന്നാമതായി, ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞു. എബ്രായർ 11:13. അവർ സാക്ഷിച്ചു, ഇവിടെ തങ്ങൾ അന്യരെന്ന്, ഇവിടെ തങ്ങൾ പരദേശികൾ എന്ന്.

വാസ്തവത്തിൽ നമുക്ക് സാക്ഷിപ്പാനുള്ളത് എന്താണ്? ഇവിടെ അന്യനും പരദേശിയും എന്നപോലെയാണോ നാം ജീവിക്കുന്നത്? എങ്കിൽ തീർച്ചയായും നാം വഴക്കടിക്കുകയില്ല; നാം കലഹിക്കുകയില്ല; നാം ആരോടും പിണങ്ങിയിരിക്കുകയില്ല; നാം ദുഷ്ടതയ്ക്ക് ഇടം കൊടുക്കുകയില്ല; നാം ക്രൂരതയോടെ പെരുമാറുകയില്ല; നാം മറ്റാരെയും വേദനിപ്പിക്കുകയില്ല; ദുഷിച്ച കൂട്ടുകെട്ടുകളിൽ ജീവിക്കുകയില്ല; ദുശ്ശീലങ്ങൾക്കടിമപ്പെടുകയില്ല; അശുദ്ധി, അഹങ്കാരം, അലസത, അവിവേകം, അവിശ്വാസം, അത്യാഗ്രഹം മുതലായ പാപസ്വഭാവങ്ങൾക്കടിമപ്പെടുകയില്ല; നാം വിശുദ്ധരായി ജീവിക്കും.

നാലാമതായി, “അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലോ.” എബ്രായർ 11 : 15. അവർ പുറപ്പെട്ട പഴയ നിലയിലേക്ക് മടങ്ങിപ്പോയില്ല. അവർ പിൻമാറിപ്പോയില്ല.

എബ്രായലേഖനകർത്താവ് പത്താം അദ്ധ്യായത്തിന്റെ ഒടുവിൽ “പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല” എന്ന് പറയുന്നുണ്ട്.

"നാമോ നാശത്തിലേക്ക് പിൻമാറുന്നവരുടെ കൂട്ടത്തിലല്ല; വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്ന വരുടെ കൂട്ടത്തിലത്രേ ആകുന്നു." എബ്രാ. 10 : 39

പിൻമാറിപ്പോകുന്നവരെക്കുറിച്ച് എബ്രായലേഖനത്തിൽ വളരെ ശക്തമായ താക്കീതുകൾ തരുന്നുണ്ട്.

"സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മന:പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായ വിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതി രികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ...... ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീ കരിച്ച നിയമരക്തത്തെ മലിനം എന്ന് നിരൂപി ക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്ക് പാത്ര മാകും എന്ന് വിചാരിപ്പിൻ." 10 : 26 – 29

"ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയ ദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോക ത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിൻമാറിപ്പോയാൽ തങ്ങൾക്കുതന്നെ ദൈവപു ത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതു ക്കുവാൻ കഴിവുള്ളതല്ല. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവ ത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരി

ഞ്ഞിലും മുളപ്പിച്ചാലോ അത് കൊള്ളരുതാത്തതും ശാപത്തിന്ന് അടുത്തതും ആകുന്നു, ചുട്ടു കളക അത്രേ അതിന്റെ അവസാനം.”

എബ്രായർ 6 : 4 – 8

അപ്പോസ്തലനായ പത്രോസ് പറയുന്നു:

“കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്ക് ഏല്പിച്ചു കിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞതിനുശേഷം വിട്ടുകളയുന്നതിനെക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്ക് തിരിഞ്ഞ നായെന്നും കുളിച്ചിട്ട് ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ല് പോലെ അവർക്ക് സംഭവിച്ചു.”

2 പത്രോസ് 2 : 20 – 22

പുണ്യപിതാക്കളുടെ വിശ്വാസം നമ്മെ എപ്പോഴും അനുസ്മരിപ്പിക്കുന്നു: ഒരിക്കലും പിൻമാറിപ്പോകരുത് എന്ന്.

“കലപ്പയ്ക്ക് കൈവെച്ചശേഷം പുറകോട്ട് നോക്കുന്നവൻ ആരും ദൈവരാജ്യത്തിന് കൊള്ളാകുന്നവനല്ല.”

ലൂക്കോസ് 9 : 62

അഞ്ചാമതായി, പൂർവ്വിക പിതാക്കന്മാരുടെ വിശ്വാസം നമുക്ക് തരുന്ന പാഠം :

“ദൈവം ശില്പിയായി നിർമ്മിച്ചതും അടി

സ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു.” എബ്രായർ 11 : 10

Faith waiting - കാത്തിരിക്കുന്ന വിശ്വാസം. നാം ഇളകാത്ത രാജ്യം പ്രാപിക്കുന്നവരാണ്. അതിനായി വിളിക്കപ്പെട്ടവരാണ്. ഒരിക്കലും നശിക്കാത്തതും ക്ഷയിക്കാത്തതുമായ ഒരു രാജ്യമാണ് നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്.

നെപ്പോളിയൻ യൂറോപ്പിനെ വിറപ്പിച്ച സിംഹമായിരുന്നു. ട്രഫാൾഗർ യുദ്ധത്തിൽ പരാജിതനായി എൽബാ ദ്വീപിലേക്ക് അദ്ദേഹത്തെ നാടുകടത്തി. പക്ഷേ അദ്ദേഹം എൽബാ ദ്വീപിൽനിന്ന് നീന്തി ഫ്രാൻസിലെത്തി. അദ്ദേഹം പറഞ്ഞു:

"Able was I ere I saw Elba" ഞാൻ എൽബാ കാണുന്നതുവരെ കരുത്തനായിരുന്നു.

പിന്നീടുണ്ടായ യുദ്ധമാണ് വാട്ടർ ലൂ യൂദ്ധം. 1815 ൽ വാട്ടർ ലൂ യുദ്ധത്തിൽ നെപ്പോളിയനെ ഇംഗ്ലണ്ടിലെ ലോർഡ് വെല്ലിംഗ്ടൺ തോല്പിച്ചു. അദ്ദേഹം പിൽക്കാലത്തു പറഞ്ഞു :

"The battle of Waterloo was won in the fields of Eaton" ഈറ്റൺ സർവ്വകലാശാലയിലെ കളിക്കളത്തിൽ ലഭിച്ച പരിശീലനത്തിന്റെ മികവാണ് വാട്ടർ ലൂ യുദ്ധം ജയിക്കാൻ എന്നെ സഹായിച്ചത്.

നെപ്പോളിയനെ സെന്റ് ഹെലീന ദ്വീപിലേക്ക് നാടുകടത്തി. ഗതിയറ്റ് ക്ഷീണിതനായി ഉള്ളും മുഖവും വാടിത്തളർന്ന്, വിവശനായി അവിടെ ഇരിക്കുമ്പോൾ നെപ്പോളിയൻ പറഞ്ഞു:

“അലക്സാണ്ടറും സീസറും ചാർലിമെയിനും കൈക്കരു

ത്തുകൊണ്ട് സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. ഞാനും കരബലം കൊണ്ട് സാമ്രാജ്യം സ്ഥാപിച്ചു. ഈ സാമ്രാജ്യങ്ങളെല്ലാം തകർന്നുവീണു. എന്നാൽ ഗലീലക്കാരനായ യേശു മനുഷ്യ ഹൃദയങ്ങളിൽ സ്ഥാപിച്ച സ്നേഹത്തിന്റെ സാമ്രാജ്യം ഇന്നും അജയ്യമായി കെട്ടുറപ്പോടെ നിലനില്ക്കുന്നു. യേശുവിന്റെ സാമ്രാജ്യത്തിൽ ലക്ഷോപലക്ഷങ്ങൾ അവനുവേണ്ടി ജീവൻ ത്യജിക്കുവാൻ തയ്യാറായി നില്ക്കുന്നു.”

ക്രിസ്തുവിന്റെ രാജ്യം ഇളകാത്തതത്രേ. (എബ്രായർ 12 : 28). ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല. ക്രിസ്തുവിന്റെ രാജ്യം സമാധാനമത്രേ. ക്രിസ്തുവിന്റെ രാജ്യം നിത്യജീവനത്രേ. ക്രിസ്തുവിന്റെ രാജ്യം അനന്തപ്രകാശമത്രേ. ക്രിസ്തുവിന്റെ രാജ്യം അടിസ്ഥാനങ്ങളുള്ളതത്രേ. ക്രിസ്തുവിന്റെ രാജ്യം പാതാളഗോപുരങ്ങൾ ജയിക്കാത്തതത്രേ. ക്രിസ്തുവിന്റെ രാജ്യം സ്നേഹത്തിന്റെ സാമ്രാജ്യമത്രേ. ക്രിസ്തുവിന്റെ രാജ്യം തേജസ്സിന്റെ മകുടമത്രേ. ക്രിസ്തുവിന്റെ രാജ്യം കൃപയുടെ നിറകുടമത്രേ. ക്രിസ്തുവിന്റെ രാജ്യം വിശുദ്ധിയുടെ ഉറവിടമത്രേ.

സ്നേഹിതാ, ഈ നഗരത്തിനായി നീ കാത്തിരിക്കുന്നുവൊ? വിശുദ്ധന്മാരായ പൂർവീക പിതാക്കൻമാർ ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു. 'Faith waiting.'

സ്നേഹിതാ, ഈ വാക്കുകളുടെ മുന്നിൽ നിനക്കെന്ത് പറയാനുണ്ട്? ഇവിടത്തെ ജീവിതം ക്ഷണികമെന്നും ‘ഇപ്പോൾ കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയെന്നും’ തിരിച്ചറിയുന്നുവോ? ഒരിക്കലും നശിക്കാത്ത നിത്യനിക്ഷേപം പ്രാപിക്കണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ?

എങ്കിൽ നീ വ്യക്തമായ ഒരു തീരുമാനമെടുക്കൂ. വളരെ

സുനിയതമായ ഒരു സമർപ്പണമെടുക്കൂ. ക്രിസ്തുവിന്റെ ആണി പ്പാടുള്ള കരങ്ങളിലേക്ക് ജീവിതം ഏല്പിക്കൂ. ക്രിസ്തുവി നോട്, നിന്റെ അരികത്ത് വന്ന് ഹൃദയത്തിൽ മുട്ടിക്കൊണ്ടി രിക്കുന്ന ക്രിസ്തുവിനോട്, നീ പറയൂ:

നാഥാ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

# ഏഴ്

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു." എബ്രായർ 11 : 1

Faith worshipping - ആരാധിക്കുന്ന വിശ്വാസം – ഹാബേൽ

Faith walking - നടക്കുന്ന വിശ്വാസം – ഹാനോക്ക്

Faith working - പ്രവർത്തിക്കുന്ന വിശ്വാസം – നോഹ

Faith waithing - കാത്തിരിക്കുന്ന വിശ്വാസം - അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ പൂർവ്വീക പിതാക്കന്മാർ.

"വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന്, വാഗ്ദത്തത്തിന്നു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി

നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗര ത്തിനായി കാത്തിരുന്നു." 11 : 9 – 10

ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ള തുമായ ഒരു നഗരമുണ്ടെന്നുള്ള അറിവാണ് പീഢകൾ സഹി പ്പാൻ വിശ്വാസികളെ ധൈര്യപ്പെടുത്തുന്നത്.

എ.ഡി.4–ൽ സിംഹങ്ങളുടെ മുമ്പിലേക്ക് എറിയപ്പെട്ട ഒരു വിശുദ്ധനായിരുന്നു ബിഷപ്പ് ഇഗ്നേഷ്യസ് മാർ ഇഗ്നാത്യോസ് നൂറോനോ. മരിക്കാനൊരുങ്ങുമ്പോൾ അദ്ദേഹം വിളിച്ചു പറഞ്ഞു:

"വാള് അടുത്തു വരുമ്പോൾ ദൈവവും അടുത്തു വരു ന്നു. ക്രൂരമൃഗങ്ങൾ സമീപത്തുള്ളപ്പോൾ ദൈവവും സമീപ ത്തുണ്ട്."

ഒരപ്പൻ മകനെ കോളേജ് ഹോസ്റ്റലിൽ സന്ദർശിക്കാ നായി ചെന്നു. അവർ സംസാരിച്ചുകൊണ്ടു നിന്നപ്പോൾ ഒരു യുവാവ് ഒരു വീൽ ചെയറിൽ അവിടെ വന്നു. അവന്റെ മുഖം വളരെ പ്രസന്നമായിരുന്നു. അവൻ രക്ഷ യുടെ സന്തോഷം അനുഭവിക്കുന്നവനായിരുന്നു.

മകൻ അപ്പനോട് പറഞ്ഞു:

"ഇവൻ എന്റെ കൂട്ടുകാരനാണ്. ഈ കോളേജിൽ ഏറ്റവും സന്തോഷം അനുഭവിക്കുന്നവനാണ് ഇവൻ. ഇവന്റെ ഹൃദയ ത്തിൽ ക്രിസ്തു വസിക്കുന്നുണ്ട്. ഒരു നിത്യാനന്ദം നേരിൽ കണ്ടുകൊണ്ടാണ് ഇവൻ ജീവിക്കുന്നത്."

ആ പിതാവ് തന്റെ മകന്റെ കൂട്ടുകാരനെ അടുത്തു ചെന്ന് വാത്സല്യത്തോടെ അഭിവാദ്യം ചെയ്തു. അപ്പോഴല്ലേ കാണു ന്നത് അവന്റെ രണ്ടു കാലുകളും നഷ്ടപ്പെട്ടിരുന്നു. അവന്റെ

കൈകൾ രണ്ടും കുറിയവയായിരുന്നു!

ഒരു വലിയ തേജസ്സിന്റെ അഭൗമാനന്ദത്തിനുവേണ്ടി കാത്തിരിക്കുന്നതുകൊണ്ടല്ലേ, പത്രോസ് ശ്ലീഹാ പുഞ്ചിരിയോടെ തലകീഴായി ക്രൂശിക്കപ്പെടാൻ തയ്യാറായത്? അതുകൊണ്ടല്ലേ പൗലോസ് വാളുകൊണ്ട് വെട്ടപ്പെടാൻ നേരത്ത് ഭാരപ്പെടാതിരുന്നത്?

വി. പൗലോസ് പറഞ്ഞു:

> "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു." റോമർ 8 : 18

സുപ്രസിദ്ധ വാഗ്മിയും എഴുത്തുകാരനും ആയിരുന്നു ഐറിഷ്. രാജ്യതന്ത്രജ്ഞനായ എഡ്മണ്ട് ബർക്ക്. (1729 – 1797). അദ്ദേഹം പറയുന്നു:

"നമ്മുടെ എതിരാളി വാസ്തവത്തിൽ നമ്മുടെ സഹായകനാണ്. നമ്മോട് ഗുസ്തി നടത്തുന്നയാൾ നമ്മുടെ മാംസപേശിയെയും കഴിവുകളെയും പ്രാവീണ്യത്തെയും ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്."

> "കനാനിലെ യുദ്ധങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്ത യിസ്രായേലിനെ ഒക്കെയും പരീക്ഷിക്കേണ്ടതിന്നും യുദ്ധം അറിഞ്ഞിട്ടില്ലാത്ത യിസ്രായേൽ മക്കളുടെ തലമുറകളെ യുദ്ധം അഭ്യസിപ്പിക്കേണ്ടതിന്നുമായി യഹോവ വെച്ചിരുന്ന ജാതികളാവിത്. ഫെലിസ്ത്യരുടെ അഞ്ചു പ്രഭുക്കന്മാരും എല്ലാ കനാന്യരും സീദോന്യരും..... ഹിവ്യരും തന്നെ." ന്യായാധിപൻമാർ 3 : 1 – 3

അബ്രാഹാമും ഇസ്ഹാക്കും യാക്കോബും ദൈവനഗര ത്തിനായി കാത്തിരുന്നു. Faith waiting.

കാത്തിരിക്കുന്ന വിശ്വാസത്തിന്റെ ഉടമകളായിരുന്ന പൂർവ്വീക പുണ്യപിതാക്കൾ ഏഴ് കാര്യങ്ങളിൽ സവിശേഷ തയുള്ളവരായിരുന്നു.

ഒന്ന് : അവർ ദൈവവചനം അനുസരിച്ചു.

രണ്ട് : അവർ കൂടാരങ്ങളിൽ പാർത്തു.

മൂന്ന് : അവർ ഭൂമിയിൽ അന്യരും പരദേശികളും എന്ന് സാക്ഷിച്ചു.

നാല് : അവർ പിൻമാറിപ്പോയില്ല.

അഞ്ച് : ദൈവനഗരത്തിനായി കാത്തിരുന്നു.

ആറ് : അവർ വിശ്വാസത്തിൽ മരിച്ചു.

"അബ്രാഹാം വയോധികനും കാലസമ്പൂർണ്ണ നുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ടു മരിച്ചു, തന്റെ ജനത്തോട് ചേർന്നു."
ഉല്പത്തി 25 : 8

"യിസ്ഹാക്ക് വയോധികനും കാലസമ്പൂർണ്ണ നുമായി പ്രാണനെ വിട്ടു മരിച്ചു തന്റെ ജന ത്തോട് ചേർന്നു." ഉല്പത്തി 35 : 29

"യാക്കോബ് തന്റെ പുത്രൻമാരോട് ആജ്ഞാ പിച്ചു തീർന്നശേഷം അവൻ കാൽ കട്ടിലിൻമേൽ എടുത്തുവെച്ചിട്ട് പ്രാണനെ വിട്ട് തന്റെ ജന ത്തോട് ചേർന്നു." ഉല്പത്തി 49 : 33

മൂന്നു പേരുടെയും മരണം പ്രശാന്ത സുന്ദരമായിരുന്നു. സമാധാനസംഭൃതമായിരുന്നു. ഒരു വിശ്വാസിക്കേ ഇങ്ങനെ മരിക്കാനാകൂ.

വിശ്വാസത്തിൽ മരിക്കുക എന്നത് ഒരു മനുഷ്യന്റെ ഏറ്റവും വലിയ ഭാഗ്യമാണ്. ഭാഗ്യകരമായ മരണം വരിക്കുന്ന അനുഭവം നാമേവരും ആഗ്രഹിക്കേണ്ടതാണ്.

മരണത്തെക്കുറിച്ച് നാമെപ്പോഴും ബോധമുള്ളവരായിരിക്കണം. തിരുവചനം പറയുന്നു:

> "നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലൊ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ." യാക്കോബ് 4 : 14

ദാവീദ് പറയുന്നു:

> "ഞങ്ങൾ നിന്റെ മുമ്പാകെ ഞങ്ങളുടെ സകല പിതാക്കന്മാരെയുംപോലെ അതിഥികളും പരദേശികളുമാകുന്നു; ഭൂമിയിൽ ഞങ്ങളുടെ ആയുഷ്ക്കാലം ഒരു നിഴൽപോലെയത്രേ; യാതൊരു സ്ഥിരതയുമില്ല." 1 ദിന 29 : 15

ദൈവത്തിന്റെ തിരുവചനം വ്യക്തമായി പറയുന്നു, ഓരോരുത്തരുടെയും മരണസമയം ദൈവം വളരെ കൃത്യമായി അറിയുന്നു എന്ന്.

> "അവനന്റെ ജീവകാലത്തിന് അവധി ഉണ്ടല്ലൊ; അവന്റെ മാസങ്ങളുടെ എണ്ണം നിന്റെ പക്കൽ; അവന്ന് ലംഘിച്ചുകൂടാത്ത അതിർ നീ വെച്ചിരിക്കുന്നു." ഇയ്യോബ് 14 : 5

"Manís days are determined; You have decreed the number of his months and have set limits he cannot exceed." N.I.V.

"ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു; അത് പറഞ്ഞത്: എഴുതുക, ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതൻമാർ ഭാഗ്യവാൻമാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു."

വെളി. 14 : 13

ക്രിസ്തുവിൽ നിദ്ര പ്രാപിക്കുന്നവർ ഭാഗ്യവാൻമാർ. ക്രിസ്തുവിൽ നിദ്ര പ്രാപിക്കണമെങ്കിൽ ക്രിസ്തുവിൽ ജീവിക്കണം.

ക്രിസ്തുവിൽ ജീവിക്കുന്നതിന് പിതാക്കന്മാർ നല്കുന്ന പദം ക്രിസ്തുവിന്റെ ശരണത്തിൽ ജീവിക്കുക എന്നാണ്. ക്രിസ്തുവിന്റെ കൃപയുടെ ശരണത്തിൽ ജീവിക്കുന്നവർക്ക് ക്രിസ്തുവിന്റെ കൃപയുടെ ശരണത്തിൽ മരിക്കാം.

അതുകൊണ്ടാണ് പൂർവ്വിക പുണ്യപിതാക്കൾ ആരാധനകളിൽ പാടിയത്:

"നിൻ ശരണേ മൃതരാം
താതസഹോദരരിൽ
ചൊരിയണമേ മോദ-
പ്പനിനീരെൻ നാഥാ."
..................................................
..................................................

"നിന്നിൽ ശരണത്താൽ
നിദ്രയിലായ് നിന്റെ

വരവിന് കാത്തീടും
മൃതരിൽ കനിയണമേ.”

...............................................................

...............................................................

“ശരണത്താലേ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിന്നായ്.”

“കർത്താവേ, നിന്റെ കൃപയിൽ ശരണത്താൽ നിദ്ര പ്രാപിച്ച നിന്റെ ദാസരെ നിന്റെ രണ്ടാമത്തെ വരവിലുള്ള ഗംഭീരനാദത്താൽ - നിന്റെ ജീവന്റെ സ്വരത്താൽ - കബറിൽനിന്ന് സ്വർഗ്ഗീയോദ്യാനത്തിലേക്ക് ഉയിർത്തെഴുന്നേല്പിക്കണമേ.

അവർ വിശ്വാസത്തിൽ മരിച്ചു. മാന്യ സ്നേഹിതാ, നീ ക്രിസ്തുവിനോടുള്ള ബന്ധത്തിലാണോ? നീ ക്രിസ്തുവിന്റെ കൃപയിലാണോ? നീ ക്രിസ്തുവുമായി നിരപ്പിലാണോ? നിന്റെ പാപങ്ങൾ ഏറ്റു പറഞ്ഞുപേക്ഷിച്ച് ക്രിസ്തുവിനോടുള്ള ബന്ധം പുന:സ്ഥാപിച്ച് ക്രിസ്തുവിൽ മരിപ്പാൻ നീ ഒരുങ്ങിയോ?

അപ്പോസ്തലനായ പൗലോസ് മരിക്കുമെന്നുറപ്പായപ്പോൾ പറഞ്ഞു:

> “ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.” 2 തിമോ. 4 : 7

പത്രോസ് പറഞ്ഞു:

> ‘‘നമ്മുടെ കർത്താവായ യേശുക്രിസ്തു

എനിക്ക് അറിവ് തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കയാൽ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്ന് വിചാരിക്കുന്നു. നിങ്ങൾ അത് എന്റെ നിര്യാണത്തിന്റെ ശേഷം എപ്പോഴും ഓർത്തുകൊൾവാൻ തക്കവണ്ണം ഞാൻ ഉത്സാഹിക്കും." 2 പത്രോസ് 1 : 13 – 15

മാർട്ടിൻ ലൂഥർ മരണാസന്നനായപ്പോൾ പറഞ്ഞു : (1899 ഡിസംബർ 22-ാം തീയതി)

"നമ്മുടെ ദൈവം രക്ഷയുടെ ദൈവമാകുന്നു. അവനിൽനിന്നാണ് രക്ഷ വരുന്നത്. മരണത്തിൻമേൽ അധികാരമുള്ള കർത്താവ് മുഖാന്തരം നമുക്ക് മരണത്തെ ജയിക്കാം."

ജോൺ നോക്സ് മരണത്തോടടുത്ത് പറഞ്ഞു: "ക്രിസ്തുവിൽ ജീവിക്കുക, ക്രിസ്തുവിൽ മരിക്കുക. ജഡത്തിന് മരണത്തെ ഭയപ്പെടേണ്ടതില്ല."

ഡി.എൽ. മൂഡി മരിക്കാറായപ്പോൾ പറഞ്ഞത്:

"ദൈവം എനിക്ക് നല്ലവൻ; എന്നും നല്ലവൻ; എന്റെ കുടംബത്തിനും നല്ലവൻ. ജീവിതം എനിക്ക് മധുരമായിരുന്നു.

"ഭൂമി മാറിപ്പോകുന്നു; എന്റെ മുമ്പിൽ സ്വർഗ്ഗം തുറക്കുന്നു.... ഇതാണ് മരണമെങ്കിൽ മരണം എത്ര മധുരം!

ഇതാ, ഇന്ന് എന്റെ കിരീടധാരണ ദിവസം. ഇന്ന് എന്റെ വിജയത്തിന്റെ ദിനം. ഇതിനുവേണ്ടിയല്ലയോ ഞാൻ വർഷങ്ങളോളം നോക്കിപ്പാർത്തിരുന്നത്?"

ജോൺ വെസ്ലി അന്ത്യനിമിഷങ്ങളിൽ പറഞ്ഞു.

“എല്ലാറ്റിന്നും ഉപരിയായി ദൈവം നമ്മോടൊപ്പമുണ്ട്.”

Rock of Ages എഴുതിയ അഗസ്റ്റസ് റ്റോപ്ലസി പറഞ്ഞു: “എന്റെ ആത്മാവിൽ ഞാൻ സ്വർഗ്ഗത്തിലെ സന്തോഷം അനുഭവിച്ചുകൊണ്ടിരിക്കുന്നു. എന്റെ പ്രാർത്ഥനകളെല്ലാം സ്തുതികളായിത്തീരുന്നു.”

അവർ വിശ്വാസത്തിൽ മരിച്ചു.

ഏഴാമതായി, അവർ അവർക്കായി ഒരുക്കപ്പെട്ട നഗരത്തിൽ എത്തിച്ചേരുന്നു. എബ്രായർ 11:16. അവർക്കായി ഒരുക്കപ്പെട്ട നഗരം സ്വർഗ്ഗീയ യരുശലേം നഗരമാണ്. അതത്രേ സ്വർഗ്ഗീയ സീയോൻ. അതത്രേ നിത്യതയുടെ ശോഭനതീരം.

അവിടെ കണ്ണീരില്ല; യാതനയില്ല; വേദനയില്ല; രോഗങ്ങളില്ല; അംഗഭംഗമില്ല; വൈകൃതമില്ല; വൈരൂപ്യമില്ല; അന്ധതയില്ല; ശാശ്വത സ്നേഹത്തിന്റെ നിത്യശാന്തിമാത്രം.

സ്നേഹിതാ, faith waiting എന്നതിന്റെ പൊരുൾ നീ ഗ്രഹിച്ചുവോ? ശാശ്വതശാന്തിയുടെ ശുഭതുറമുഖത്തെത്താൻ നീ ഒരുങ്ങിയോ? ഈ ലോകം മായയെന്ന് നീ എണ്ണിയോ? എല്ലാം ക്ഷണപ്രഭാ ചഞ്ചലമെന്ന് നിനക്ക് മനസ്സിലായോ?

പാട്ടുകാരൻ പാടി:

“നാടില്ല നമുക്കീയുലകിൽ;<br>
വീടില്ല നമുക്കീ മരുവിൽ;<br>
സ്വർല്ലോകത്തിൻ തങ്കത്തെരുവിൽ<br>
ഞാൻ കാണും വീടൊന്നും വിരവിൽ.”

സ്നേഹിതാ, പ്രിയ സഹോദരീ ഇത് നിന്റെ അനുഭവ

മാണോ? ഈ നിമിഷം തന്നെ നിന്റെ അരികത്ത് നില്ക്കുന്ന രക്ഷകനോട് ഒരു വാക്ക് പറയൂ:

കർത്താവേ, ഞാൻ ആഴമുള്ള പാപക്കുഴിയിലും നിരാശയുടെ കുഴഞ്ഞ ചേറിലുമായി വലയുകയാണ്. എന്നെ കരേറ്റുവാൻ അവിടത്തേക്കു മാത്രമേ കഴിയൂ. കാരണം അവിടന്നാണ് എനിക്കുവേണ്ടി ക്രൂശിൽ മരിച്ചത്. എന്നെ വീണ്ടെടുക്കുവാനാണ് അവിടന്ന് കുറ്റമില്ലാത്ത രക്തം ചിന്തിയതെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടത്തെ ആണിപ്പാടുള്ള കരങ്ങൾ നീട്ടി എന്നെ ഈ നാശക്കുഴിയിൽനിന്ന് വലിച്ചു കയറ്റണമേ.

ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കുമെന്ന് ഇതാ ഞാൻ പ്രതിജ്ഞ ചെയ്യുന്നു. എന്റെ ശിഷ്ടായുസ്സ് ഞാനിതാ നിനക്കു തരുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും അവിടത്തെ മുറിഞ്ഞ പാദത്തിങ്കൽ ഞാൻ സമർപ്പിക്കുന്നു. എന്നെ അവിടന്ന് സ്വീകരിച്ച്, എന്റെ മേലുള്ള സാത്താന്യ ബന്ധനങ്ങളഴിച്ച്, എന്നെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കണമേ.

# എട്ട്

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു."
എബ്രായർ 11 : 1

എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിലെ വിശ്വാസ വീരൻമാരുടെ ജീവചരിത്രത്തിൽനിന്ന് ഏഴു കാര്യങ്ങൾ നമുക്ക് കാണാൻ കഴിയുമെന്ന് നാം കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചിന്തിച്ചുവല്ലൊ.

Faith worshipping - ആരാധിക്കുന്ന വിശ്വാസം - ഹാബേൽ

Faith walking - നടക്കുന്ന വിശ്വാസം - ഹാനോക്ക്

Faith working - പ്രവർത്തിക്കുന്ന വിശ്വാസം - നോഹ

Faith waithing - കാത്തിരിക്കുന്ന വിശ്വാസം - അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ പൂർവ്വീക പിതാക്കന്മാർ.

5. Faith warring - പോരാടുന്ന വിശ്വാസം - മോശ

6. Faith winning - ജയിക്കുന്ന വിശ്വാസം – യോശുവ

7. Faith wondering - അതിശയിക്കുന്ന വിശ്വാസം – റാഹാബ് മുതലായവർ.

Faith warring - പോരാടുന്ന വിശ്വാസം.

> "വിശ്വാസത്താൽ മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തേക്കാളും ദൈവ ജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു."
>
> എബ്രായർ 11 : 24 – 26

വിശ്വാസത്തിന്റെ പടയോട്ടത്തേരാളിയാണ് മോശ. വിശ്വാസത്തിന്റെ കാവൽപ്പടയാളിയാണ് മോശ. വിശ്വാസത്തിന്റെ പോരാട്ടത്തിലെ വീരപോരാളിയാണ് മോശ. വിശ്വാസ സാഗരത്തിലെ ആരും ഒപ്പമെത്താത്ത ജയാളിയാണ് മോശ. വിശ്വാസത്തിന്റെ തേരോട്ടത്തിൽ ശത്രുനിരകൾക്ക് ഭീകരനായ എതിരാളിയാണ് മോശ.

മോശയുടെ വിശ്വാസത്തിന്റെ ജീവിതത്താളുകളിൽ തിളങ്ങി നിൽക്കുന്ന ചില കാര്യങ്ങളുണ്ട്:

ഒന്ന് : Reservation of faith - വിശ്വാസത്തിന്റെ മുൻകരുതൽ – മുൻനിർണ്ണയം.

രണ്ട് : Refusal of faith വിശ്വാസത്തിന്റെ നിരസനം.

മൂന്ന് : Reproach of faith – വിശ്വാസത്തിന്റെ നിന്ദനം.

നാല് : Reward of faith – വിശ്വാസത്തിനന്റെ പ്രതിഫ ലം.

ഒന്ന്, Reservation of faith – വിശ്വാസത്താൽ മോശ ദൈവ ത്തിന്റെ മുൻനിർണ്ണയ പ്രകാരം പരിപാലിക്കപ്പെട്ടു. നീലനദി യിലെ പെരുവെള്ളത്തിൽ ആടിയുലഞ്ഞ് ഒഴുകുന്ന ഞാങ്ങ ണപ്പെട്ടിയിൽ മൂന്നു മാസം പ്രായമുള്ള ഒരാരോമൽപ്പൈതൽ കിടക്കുന്നു. മരണത്തിലേക്കുള്ള യാത്രയാണ്.

അന്ത്യചുംബനം നൽകി, നിറമിഴികളോടെ ആ ഞാങ്ങണ പ്പെട്ടി മൂടിവെച്ചതാണ്. ഇനി ആ കുഞ്ഞിനെ കാണുമെ ന്നുള്ള പ്രതീക്ഷ ലേശം പോലും ആ മാതാപിതാക്കൾക്കും ആറു വയസ്സുള്ള ഓമനപ്പെങ്ങൾക്കുമില്ല.

എന്നാൽ ആ ശിശുവിനെ നിത്യനായ ദൈവം കണ്ടിരു ന്നു. അമ്മയുടെ ഗർഭത്തിൽ ഉരുവാകുന്നതിനു മുമ്പുതന്നെ മോശയെ ദൈവം അറിഞ്ഞിരുന്നു. തന്റെ സ്വർഗ്ഗീയ കാര്യ പരിപാടി നിവർത്തിക്കുന്നതിനായി ദൈവം മോശയിൽ ആശ വെച്ചിരുന്നു. Reservation of faith - വിശ്വാസത്തിന്റെ മുൻനിർണ്ണ യം.

മോശയിൽ ദൈവം ആശ വെച്ചു, ആറുന്നൂറായിരത്തെ വിടുവിക്കുവാൻ. ഫറവോന്റെ പുത്രി ആശ വെച്ചു, അടുത്ത ഫറവോ രാജാവാക്കാൻ.

സ്നേഹിതാ, നിന്നിൽ ദൈവം ഉന്നതമായ പ്രതീക്ഷ പുലർത്തുകയാണ്. ഈ തലമുറയിൽ ദൈവത്തിനുവേണ്ടി വിശുദ്ധിയോടും വിശ്വസ്തതയോടുംകൂടി നിൽക്കാൻ ദൈവം നിന്നിൽ ആശ വെച്ചിരിക്കുകയാണ്. ജീവനുള്ള ദൈവം ആരെന്ന്, ഈ അനീതിയും അഴിമതിയും ഉള്ള തലമുറയിൽ, വെളിപ്പെടുത്തുന്ന സാക്ഷ്യജീവിതം നയിപ്പാൻ ദൈവം

നിന്നിൽ ആശ വെച്ചിരിക്കുകയാണ്.

എന്നാൽ പൈശാചികൻ നിന്നിൽ ആശ വെച്ചിരിക്കുന്നു, നീ അവന്റെ ഒരു ഏജന്റായി ഭൂമിയിൽ ജീവിപ്പാൻ. ദൈവത്തിന്റെ പ്രതീക്ഷ തകർത്ത് സാത്താന്റെ അടിമത്വത്തിൽ നിന്നെ കെട്ടിയിടാൻ പിശാച് സകല തന്ത്രവും നിന്നിൽ പ്രയോഗിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് അനേകമനേകം പാപങ്ങളിൽ നീ കുടുങ്ങിപ്പോയത്.

ലോക ചരിത്രത്തിലെ ഒരു മഹാത്ഭുതമല്ലേ, സ്വന്തം കുഞ്ഞിന് മുല കൊടുത്ത് വളർത്തുന്നതിന് അമ്മയ്ക്ക് കൊട്ടാരത്തിൽനിന്ന് ശമ്പളം കിട്ടുക എന്നത്?

ഫറവോന്റെ പുത്രി ഞാങ്ങണപ്പെട്ടി തുറന്നു നോക്കിയപ്പോൾ ഒരോമനകുഞ്ഞിനെ കണ്ടു. മക്കളില്ലാതെ മനം നൊന്തു കഴിഞ്ഞിരുന്ന രാജകുമാരിക്ക് നിനച്ചിരിയാതെ ഒരാരോമൽപ്പൈതൽ! ആ കുഞ്ഞിന്റെ സഹോദരി മിര്യാം, ആറു വയസ്സേ അന്നു പ്രായമുള്ളുവെങ്കിലും ബുദ്ധിമതിയായിരുന്നു. മീര്യാം രാജകുമാരിയോട് ചോദിച്ചു:

> "ഈ പൈതലിന് മുല കൊടുക്കേണ്ടതിന് ഒരു എബ്രായ സ്ത്രീയെ ഞാൻ ചെന്ന് വിളിച്ചു കൊണ്ടു വരണമോ?" പുറ. 2 : 7

അമ്മയെ കൂട്ടിക്കൊണ്ടുവന്നപ്പോൾ രാജകുമാരി പറയുകയാണ്:

> "നീ ഈ പൈതലിനെ കൊണ്ടുപോയി മുല കൊടുത്തുവളർത്തേണം; ഞാൻ നിനക്ക് ശമ്പളം തരാം." പുറ. 2 : 9

ദൈവം മുൻകൂട്ടിക്കണ്ട്, മുന്നമേ അറിഞ്ഞ്, മുന്നമേ നിർണ്ണ

യിച്ച്, മോശ വളരുകയാണ്. Reservation of faith.

രണ്ടാമത്, Refusal of faith - വിശ്വാസത്തിന്റെ നിരസനം.

"വിശ്വാസത്താൽ മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാലഭോഗത്തേക്കാളും ദൈവജനത്തോടുകൂടെ കഷ്ട നമുഭവിക്കുന്നത് തെരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതു കൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെ ടുന്നത് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു." എബ്രായർ 11 : 24 – 26

വിശ്വാസം തിൻമയെ മാത്രമല്ല, പല ആനുകൂല്യങ്ങളെയും സഹായങ്ങളെയും ഭൗതിക ശ്രേയസ്സുകളെയും നിരസിക്കു വാൻ കെല്പ് തരും.

മോശ വളർന്നുവന്നപ്പോൾ എന്തെല്ലാമാണ് നിരസിച്ചത്?

ഒന്ന് : പാപത്തിന്റെ തൽക്കാല ഭോഗങ്ങൾ നിരസിച്ചു.

രണ്ട് : ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്ക പ്പെടുന്നത് നിരസിച്ചു.

മൂന്ന് : മിസ്രയീമിലെ നിക്ഷേപങ്ങൾ നിരസിച്ചു.

പാപത്തിന്റെ സുഖങ്ങളും സന്തോഷങ്ങളും താൽക്കാലി കമാണ്. മണ്ണേ പ്രതി മാണിക്യം വെടിയരുത്. ഏശാവ് ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞു. പായസത്തിന്റെ മധുരത്തിന്റെ മുമ്പിൽ ജ്യേഷ്ഠാവകാശത്തിന്റെ പദവിയും മഹത്വവും ഏശാവ് അഗണ്യമാക്കി. പിന്നത്തേതിൽ അവൻ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ അവന്റെ യാചനകളും കരച്ചിലും കണ്ണുനീരും നിഷ്ഫലമായി. "അവൻ

കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു" എന്ന് എബ്രായലേഖന കർത്താവ് പറയുന്നു. എബ്രായർ 12:16-17.

നിമിഷനേരത്തെ സുഖഭോഗങ്ങൾ നമ്മെ മാടിവിളിക്കുമ്പോൾ, ഒന്നോർത്താൽ മതി: എന്നെ ദൈവം തന്റെ മഹത്വമുള്ള സ്നേഹം നിക്ഷേപിക്കാൻ reserve ചെയ്തിരിക്കയാണ്. ഞാൻ മണ്ണിനുവേണ്ടി മാണിക്യം ഉപേക്ഷിക്കുകയില്ല.

ദാനിയേൽ യൗവനത്തിൽ വിദേശത്തുവെച്ച് തീരുമാനിച്ചു: യാതൊരു കാരണവശാലും ഞാൻ എന്നെത്തന്നെ അശുദ്ധമാക്കുകയില്ലെന്ന് ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു. ദാനിയേൽ 1 : 8

യൗസേഫ് പൊത്തീഫേറിന്റെ ഭവനത്തിൽ പാപത്തിന്റെ പ്രലോഭനങ്ങൾ മാടിവിളിക്കുന്ന സാഹചര്യത്തിൽ വിശുദ്ധിയെ കാത്തു സൂക്ഷിച്ചു. ഉല്പത്തി 39 : 9 - 10

സ്നേഹിതാ, ദൈവം ആർക്കും കടക്കാരനായിരിക്കുകയില്ല. ദൈവനാമത്തിൽ വിശുദ്ധിയെ പാലിക്കുന്ന ദൈവപൈതലിനെ ദൈവം ഉയർത്തും. ദാനിയേൽ നൂറ്റിരുപത് സംസ്ഥാനങ്ങളുള്ള പേർഷ്യൻ സാമ്രാജ്യത്തിലെ മൂന്നു പ്രസിഡന്റുമാരിൽ ഒന്നാമനായി വിളങ്ങി. ദാനിയേൽ 6 : 1 - 5

യൗസേഫ് മിസ്രയീമിൽ ഫറവോ രാജാവിന്റെ ഗൃഹത്തിനും മിസ്രയീം ദേശത്തിനൊക്കെയും മേലധികാരിയായി. ഈജിപ്റ്റിലെ ഭക്ഷ്യമന്ത്രിയായി പ്രശോഭിച്ചു. ഉല്പത്തി 41 : 38 - 41

പ്രിയ സഹോദരാ, നീ ഈ വാക്കുകളുടെ മുന്നിൽ എന്തു തീരുമാനിക്കുന്നു. പാപത്തിന്റെ തൽക്കാല ഭോഗങ്ങൾ നിരസിക്കുവാൻ നിനക്കാഗ്രഹമുണ്ടോ? എങ്കിൽ

"യഹോവ നിന്നെ വാലല്ല, തലയാക്കും." ആവ. 28 : 13

രണ്ടാമതായി, ഫറവോന്റെ പുത്രിയുടെ മകനെന്ന് വിളിക്കപ്പെടുന്നത് നിരസിച്ചു. പ്രാചീന ഈജിപ്റ്റിന്റെ അധിപതിയായി പരിലസിക്കുക എന്നത് ലോകപ്രകാരം അത്യുന്നതപദവിയാണ്. അതാണ് മോശ നിരസിച്ചത്. പ്രതാപത്തിന്റെ പ്രലോഭനത്തെ മോശ നിരസിച്ചു.

ലോകത്തിന്റെ പേരും പെരുമയും നിലയും വിലയും പ്രൗഢിയും പ്രതാപവും വേണ്ട എന്നുവെയ്ക്കുന്നത് അത്ര നിസ്സാരകാര്യമല്ല. അതാണ് ഒരു വിശ്വാസിയുടെ സവിശേഷത.

അപ്പോസ്തലനായ പൗലോസ് ലോകപ്രകാരം പല വിധത്തിൽ ഉന്നത പദവിയുള്ള ആളായിരുന്നു. അഭിമാനകരമായ എന്തെന്തു നേട്ടങ്ങളാണ് പൗലോസ് അഗണ്യമാക്കിയത്.

> "എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ; യിസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽനിന്നും ജനിച്ച എബ്രായൻ; ന്യാപ്രമാണം സംബന്ധിച്ച് പരീശൻ; ശുഷ്ക്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ച് അനിന്ദ്യൻ. എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു. അത്യുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു.... ഞാൻ അവന്റെ

നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു." ഫിലിപ്യർ 3 : 5 - 11

മൂന്ന്, മിസ്രയീമിലെ നിക്ഷേപങ്ങൾ നിരസിച്ചു. ഏറ്റവും സമ്പൽസമൃദ്ധമായ നാടായിരുന്നു മിസ്രയീം. പ്രാചീന സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്നു ഈജിപ്റ്റ്. ഈജിപ്റ്റിലെ ഭണ്ഡാരപ്പുരകളിൽ സംഭരിച്ചിരുന്ന നിക്ഷേപങ്ങൾ മുഴുവൻ സ്വന്തം അധീനത്തിലാക്കുക എന്നത് നിസ്സാര കാര്യമല്ല.

ഒരു വശത്ത് മിസ്രയീമിന്റെ നിക്ഷേപങ്ങൾ. മറുവശത്ത് ക്രിസ്തുവിന്റെ നിന്ദ. ഒരു വശത്ത് ലോകത്തിന്റെ ബഹുമാനം. മറുവശത്ത് ദൈവമക്കളുടെ അവകാശമായ അപമാനം. ഒരു വശത്ത് ഭൗതികമായ അഭ്യുന്നതിയും ശ്രേഷ്ഠതയും. മറുവശത്ത് സകലരാലും ഉപേക്ഷിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന നിന്ദനം.

ഇവിടെയാണ് faith warring - പോരാടുന്ന വിശ്വാസം - നാം കാണുന്നത്. മോശ പതറിയില്ല. മിസ്രയീമിലെ അടുത്ത ഫറവോ രാജാവാകാനുള്ള സാദ്ധ്യത നിസ്സാരമെന്നെണ്ണി. നൂറ്റാണ്ടുകൾ പിന്നിട്ടാലും ഏതെങ്കിലും ഒരു പിരമിഡിൽ തന്റെ ഭൗതക ശരീരം സൂക്ഷിക്കപ്പെടുന്നതിന്റെ ഭൗതിക ബഹുമാന്യത മോശ അവഗണിച്ചു.

മാന്യ സ്നേഹിതാ, ക്രിസ്തീയ ജീവിതം ക്രൂശിന്റെ പാതയാണ്. ലോകത്തിന്റെ മുന്നിൽ അപമാനിതനാകും. യേശുക്രിസ്തുവിന്റെ കഷ്ടപ്പാടുകളെ പിന്തുടർന്ന് ക്രൂശു വഹിച്ചുകൊണ്ട് വധസ്ഥലത്തേയ്ക്ക് എന്നപോലെ പോകുന്നതാണ് ക്രൂശിന്റെ വഴി.

ക്രിസ്തു പറഞ്ഞു: "ഒരുത്തൻ എന്റെ പിന്നാലെ വരു

വാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും, എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്ന് എന്തു പ്രയോജനം?" മത്തായി 16 : 24 – 26; മർക്കോസ് 8 : 34 – 37

"എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരൻമാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല...... ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല." ലൂക്കോസ് 14 : 26 – 33; മത്തായി 10 : 37 – 39

ഈ ശിഷ്യത്വത്തിന്റെ വ്യവസ്ഥയുടെ ഗൗരവം അനുഭവിച്ചതുകൊണ്ടാണ് പൗലോസ് പറഞ്ഞത്:

> "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാനിട വരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു."
>
> ഗലാത്യർ 6 : 14

> "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു."
>
> ഗലാത്യർ 2 : 20

ഇതനുഭവിച്ച ഭക്തൻ പാടി:

“ലോകമേതും യോഗ്യമല്ലെനിക്കതാൽ-
ശോകമില്ല, ഭാഗ്യം ഉണ്ട് ക്രിസ്തുവിൽ,
നാഥനു മുൾമുടി നൽകിയ ലോകമേ
നീ തരും പേരെനിക്കെന്തിനായ്?”

മാന്യ സ്നേഹിതാ, ക്രിസ്തുവും തന്റെ ശിഷ്യന്മാരും പോയ ക്രൂശിന്റെ പാതയിലൂടെ പോകാൻ നീ തയ്യാറാണോ? ക്രിസ്തുവിന്റെ നാമത്തിൽ ലോകസുഖങ്ങളും ലോകപ്രതാപങ്ങളും പരിത്യജിക്കുവാൻ നിനക്ക് മനസ്സാണോ?

എങ്കിൽ നിന്റെ അരികത്ത് നിൽക്കുന്ന ക്രിസ്തുവിനോട് ഉള്ളു തുറന്നു പറയൂ:

നാഥാ, ഇക്കഴിഞ്ഞ കാലങ്ങളെല്ലാം ലോക ഇമ്പങ്ങളുടെയും സ്ഥാനമാനങ്ങളുടെയും പിന്നാലെ ഞാൻ ഓടി എന്റെ ആയുസ്സ് പാഴാക്കിക്കളഞ്ഞു. കർത്താവേ, അവിടുന്ന് എന്റെ നിത്യനിന്ദമാറ്റാൻ ക്രൂശ് വഹിച്ച്, അപമാനമേറ്റ്, ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്നു മുതൽ സന്തോഷത്തോടെ എന്റെ ക്രൂശ് ചുമന്നുകൊണ്ട് അവിടത്തെ പിന്നാലെ വരാൻ ഞാനിതാ തീരുമാനിക്കുന്നു. എന്നെ അവിടന്ന് സ്വീകരിക്കണമേ.

നാളതുവരെയുള്ള എന്റെ സകല പാപങ്ങളും ശാപങ്ങളും അവിടത്തെ തിരുരക്തത്താൽ കഴുകി എന്നെ സ്വർഗ്ഗ രാജ്യത്തിന്റെ അവകാശിയാക്കിത്തീർക്കണമേ. ഈ പ്രാർത്ഥനയും സമർപ്പണവും മൂലം ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം നിന്നെ തഴുകട്ടെ.

## ഒൻപത്

“വിശ്വാസത്താൽ മോശ താൻ വളർന്നപ്പോൾ, പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവ ജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് തെരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു.”

എബ്രായർ 11 : 24– 26

വിശ്വാസ വീരനായ മോശയുടെ വിശ്വാസം faith warring - പോരാടുന്ന വിശ്വാസമായിരുന്നു. ആന്തരികമായും ബാഹ്യമായും എന്നും മോശയ്ക്ക് പോരാട്ടമുണ്ടായിരുന്നു. ശിശുപ്രായം മുതൽ മരണത്തോടുള്ള പോരാട്ടമായിരുന്നു. ഫറവോന്റെ സൈന്യത്തോടുള്ള പോരാട്ടം കഴിഞ്ഞപ്പോൾ മരുഭൂമിയിലെ ശക്തമായ എതിർപ്പുകളോടും പരിഭവങ്ങളോടും മത്സരങ്ങളോടും ഉള്ള പോരാട്ടമായിരുന്നു.

ആന്തരികമായ ഏറ്റവും വലിയ പോരാട്ടം മിസ്രയീമിലെ നിക്ഷേപങ്ങൾ വേണമോ ക്രിസ്തുവിന്റെ നിന്ദ വേണമോ

എന്ന അന്ത: സംഘർഷമായിരുന്നു. അടുത്ത ഫറവോ രാജാവാകണമോ ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കണമോ എന്ന അന്ത:സംഘർഷം. ഈ പോരാട്ടത്തിൽ ലോകപ്രതാപങ്ങളും സ്ഥാനമാനങ്ങളും നിരസിച്ച് ദൈവപക്ഷത്ത് നിൽക്കാൻ മോശ കാമ്പുറ്റ സമർപ്പണം എടുത്തു – Refusal of faith - നിരസിക്കുന്ന വിശ്വാസം.

ലോകത്തിലെ സുഖഭോഗങ്ങളുടെ പിന്നാലെ ഏറെനാൾ ഓടി അലഞ്ഞതിനുശേഷം ഭൗതികപ്രതാപങ്ങൾ നിരസിച്ച് ക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിച്ച ഒരാളാണ് മൂവാറ്റുപുഴയിൽ ഹോമിയോ ക്ലിനിക്ക് നടത്തുന്ന ഡോ. ജോയി മർക്കോസ്. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹം പറയുന്നത് ഇപ്പോൾ നമുക്ക് കേൾക്കാം.

ലോക സുഖ പ്രതാപങ്ങളുടെ പിന്നാലെ നടന്ന കാലത്തെക്കുറിച്ച് ഡോ. ജോയി മർക്കോസ് എന്തെല്ലാം ഓർക്കുന്നുണ്ട്?

ഞാൻ ഒരു കൊച്ചുകുട്ടിയായിരുന്ന കാലത്ത് ജീവിതം കർത്താവിന് സമർപ്പിച്ചതായിരുന്നു. അന്ന് സാറിന്റെ വീട്ടിൽ നടക്കുന്ന യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ആ സുവിശേഷ യോഗമാണ് എന്നെ മാനസാന്തരത്തിലേക്കും ഒരു സമർപ്പണത്തിലേക്കും നയിച്ചത്.

എന്നാൽ ഞാൻ പ്രായമായി വന്നതോടെ ലോകത്തിന്റെ സുഖഭോഗങ്ങളും സ്ഥാനമാനങ്ങളും എന്നെ വശീകരിച്ചു. ഹോമിയോ കോളേജിലെ പഠനം കഴിഞ്ഞ് ഒരു ഡോക്ടറായി പുറത്തുവന്നപ്പോൾ സുഖ സന്തോഷങ്ങളിലേക്ക് ഒരു വലിയ ആകർഷണം എനിക്കുണ്ടായി. പാപം എന്നെ വശീകരിച്ചതോടെ ഞാൻ കൂട്ടായ്മ യോഗങ്ങൾക്ക് വരാതെയായി. മദ്യപാനം, സിനിമ, മുതലായ അനേകം മ്ലേച്ഛതകളി

ലേക്ക് ഞാൻ വഴുതിവീണു. ഹോമിയോ ഡോക്ടർമാരുടെ സംഘടനയുടെ നേതൃത്വത്തിൽ ഞാൻ എത്തി. മനുഷ്യരുടെ മുമ്പിൽ വിളങ്ങണം, പത്രത്തിൽ പേരു വരണം, ഞാൻ പരക്കെ ശ്രദ്ധിക്കപ്പെടണം എന്നിങ്ങനെയുള്ള നീച സ്വഭാവങ്ങൾക്ക് ഞാൻ അടിമപ്പെട്ടു. ക്രിസ്തുവിന്റെ വഴിയിൽക്കൂടെ പോകുന്നവൻ എന്നറിയപ്പെടുന്നത് ഒരു മോശമായും വില കുറവായും എനിക്കു തോന്നി. ആത്മീയം നിരസിച്ച് ഞാൻ കേവലം ലൗകികനും അശുദ്ധനുമായിത്തീർന്നു.

ഈ അവസ്ഥക്ക് മാറ്റം വന്നതെങ്ങനെയാണ്?

ഞാൻ സാറിനെയും മറ്റു ദൈവമക്കളെയും പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തു. അപ്പോഴും എനിക്ക് സത്യമറിയാമായിരുന്നു. അകത്ത് അന്നും സാറിനോടും മറ്റും എനിക്ക് ബഹുമാനമുണ്ടായിരുന്നു. എന്റെ പാപം വിടാൻ എനിക്ക് മനസ്സില്ലാത്തതുകൊണ്ടും മനുഷ്യരുടെ മുമ്പിൽ 'ആളാകാൻ' വേണ്ടിയുമാണ് ഞാൻ ദൈവവേലയെയും ദൈവമക്കളെയും നിന്ദിച്ചത്.

എന്നാൽ ഒരു ദിവസം, സാർ കോലഞ്ചേരി പള്ളി കൺവൻഷനിൽ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. ദൈവമക്കൾ ആരും കാണരുത് എന്ന ഉദ്ദേശത്തോടെ പിറകിലിരുന്നാണ് ഞാൻ ആ വചനം ശ്രദ്ധിച്ചുകൊണ്ടിരുന്നത്. സംഘടനയിലും രാഷ്ട്രീയത്തിലും ഞാൻ നേതാവാണെങ്കിലും എന്റെ ആത്മാവിന്റെ അവസ്ഥ വളരെ ഗുരുതരമാണെന്ന് അന്ന് എനിക്ക് മനസ്സിലായി. ആ വചനം എന്റെ ഉള്ളത്തെ തൊട്ടു. അവിടെവെച്ച് ഞാനൊരു തീരുമാനമെടുത്തു. ലോകം എന്നെ തള്ളിയാലും സകല ഭൗതിക പ്രതാപത്തെയും വിട്ട് ക്രിസ്തുവിനെ സ്നേഹിച്ച് മേലിൽ ജീവിക്കുമെന്ന് ഞാനൊരു തീരുമാനമെടുത്തു.

ലോകത്തിന്റെ സുഖ സന്തോഷങ്ങൾ നിരസിക്കാൻ തീരുമാനിച്ചതിനുശേഷമുള്ള അനുഭവമെന്തായിരുന്നു?

മുമ്പ് എന്നെ അംഗീകരിച്ചിരുന്നവർ എന്നെ വെറുത്തു. മുമ്പ് എന്നെ മുൻപന്തിയിൽ നിറുത്തി ഉയർത്തിക്കൊണ്ടു നടന്നവർ എന്നെ ഒറ്റപ്പെടുത്തി. അപ്പോൾ എനിക്ക് നിരാശയും മടുപ്പും ക്രിസ്തീയ ജീവിതത്തിൽ തളർച്ചയും അനുഭവപ്പെട്ടു. ലോകത്തിന്റെ പ്രതാപങ്ങളിലേക്ക് ഇനിയും മടങ്ങിപ്പോകണമോ എന്ന ചിന്ത എനിക്കുണ്ടായി. അപ്പോൾ ഞാൻ തിരുവചനത്തിലെ ഒരു വാക്യം ഓർത്തു.

> "...തന്റെ മുമ്പിൽവെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്തിരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ."
>
> എബ്രായർ 12 : 2 - 3

ക്രിസ്തു നിന്ദ വഹിച്ച് ക്രൂശു ചുമന്നു പോയതുപോലെ ഞാനും മുന്നോട്ടു പോകും എന്ന് ഞാനുറച്ചു.

അപ്പോഴത്തെ അനുഭവമെന്തായിരുന്നു?

അവർണ്ണനീയമായ ഒരു സമാധാനം എന്റെ ഹൃദയത്തിലേക്ക് ഒഴുകി വന്നു. പാപ സുഖങ്ങളോടുള്ള എന്റെ ആസക്തി എന്നിൽനിന്ന് തെറിച്ചു പോയി. ക്രിസ്തുവിനോട് ചേർന്നു ജീവിക്കുന്നതിന്റെ മാധുര്യവും സുഖവും ഇന്ന് ഞാനനുഭവിക്കുന്നു.

ഡോ. ജോയി മർക്കോസ് ഭൗതികസ്ഥാനങ്ങളും മനുഷ്യ

മാനങ്ങളും ക്രിസ്തുവിൻ നിമിത്തം നിരസിച്ചത് ഒരു മഹാ ഭാഗ്യമായി. ഈ മഹാഭാഗ്യം, ദൈവപൈതലേ, നിനക്കനുഭവി ക്കാമോ?

മോശയുടെ വിശ്വാസം, faith warring - പോരാടുന്ന വിശ്വാ സമായിരുന്നു. ആ വിശ്വാസത്തിന്റെ നാലു സവിശേഷത കൾ reservation of faith, refusal of faith, reproach of faith, reward of faith എന്നിവയെന്ന് നാം കണ്ടതാണല്ലോ. അതിൽ ആദ്യത്തെ രണ്ടെണ്ണമാണല്ലോ കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചത്.

മൂന്നാമത്തേത്, reproach of faith - വിശ്വാസത്തിന്റെ ആക്ഷേപം.

> "മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തു വിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണി."
>
> എബ്രായർ. 11 : 26

ഒരു തെറ്റും ചെയ്യാത്ത ക്രിസ്തു ഐഹിക ജീവകാലത്ത് എത്രമാത്രം നിന്ദിക്കപ്പെട്ടു. യേശുക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റമ്പത് കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ മുൻകൂട്ടി പ്രസ്താവിച്ചു:

> "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജി ക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവ നായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറച്ചു കളയത്തക്കവണ്ണം അവൻ നിന്ദിതനായിരു ന്നു."
>
> യെശയ്യാ 53 : 3

അടുത്ത ഫറവോ ആയി വാഴേണ്ട മോശ കൊട്ടാര ത്തിൽനിന്ന് ബഹിഷ്കൃതനായി. മരണഭീതിയോടെ കൊട്ടാരം വിട്ടും, മിസ്രയീം വിട്ടും ഓടേണ്ടിവന്നു. മോശ യിസ്രായേൽ മക്കളായ തന്റെ സഹോദരൻമാർക്ക് സഹായം ചെയ്തു.

"പീഡിതനുവേണ്ടി പ്രതിക്രിയ ചെയ്തു." ദൈവം താൻ മുഖാന്തരം അവർക്ക് രക്ഷ നൽകും. എന്ന് സഹോദരൻമാർ ഗ്രഹിക്കും എന്ന് അവർ കലഹിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ അടുക്കൽ വന്നു:

പുരുഷൻമാരേ, നിങ്ങൾ സഹോദരന്മാരല്ലോ; തമ്മിൽ അന്യായം ചെയ്യുന്നതെന്ത് എന്നു പറഞ്ഞ് അവരെ സമാധാനപ്പെടുത്തുവാൻ നോക്കി. എന്നാൽ കൂട്ടുകാരനോട് അന്യായം ചെയ്യുന്നവൻ അവനെ ഉന്തിക്കളഞ്ഞു: നിന്നെ ഞങ്ങൾക്ക് അധികാരിയും ന്യായകർത്താവുമാക്കിയതാർ? എന്നു പറഞ്ഞു. അപ്പോസ്തല പ്രവൃത്തികൾ 7 : 24 - 27

ക്രിസ്തീയജീവിതം നയിക്കണമെങ്കിൽ പരിഹാസവും ആക്ഷേപവും നിന്ദനവും സന്തോഷത്തോടെ സഹിക്കേണ്ടി വരും.

അപ്പോസ്തലനായ പത്രോസും യോഹന്നാനും വിസ്തരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ കൂടുതൽ സന്തോഷമുള്ളവരായിത്തീർന്നു. അവരെ മഹാപുരോഹിതൻമാരും പള്ളിപ്രമാണിമാരും വിസ്താരത്തിനുശേഷം അടിപ്പിച്ചു.

> "ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്ന് കല്പിച്ച് അവരെ വിട്ടയച്ചു. തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ട് ന്യായാധിപ സംഘത്തിന്റെ മുൻപിൽ നിന്ന് പുറപ്പെട്ടുപോയി."
>
> അപ്പോസ്തല പ്രവൃത്തികൾ 5 : 40 - 41

സ്നേഹിതാ, ക്രിസ്തുവിന്റെ നാമത്തിൽ അപമാനം ഏല്ക്കുവാൻ നിനക്ക് മനസ്സാണോ? അതൊരു ഭാഗ്യപദവി

യായി നീ കണക്കാക്കുമോ? Reproach of faith. വിശ്വാസത്തി നുവേണ്ടിയുള്ള നിന്ദ.

നാലാമതായി, reward of faith - വിശ്വാസത്തിന്റെ പ്രതിഫലം.

> "പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു." എബ്രായർ 11 : 25 – 26

എന്താണ് മോശയ്ക്ക് കിട്ടിയ പ്രതിഫലം? അറുന്നൂറായിരത്തിന്റെ മോചനം. അടിമത്തത്തിലാണ്ടുകിടന്ന ആറുലക്ഷം പേരുടെ മോചനം. നിത്യപരിശുദ്ധനായ ദൈവത്തിനും പാപികളായ ജനത്തിനും ഇടയിൽ മദ്ധ്യസ്ഥനായി മോശ നിന്നതുകൊണ്ട് ജനത്തിന്റെ മേലുള്ള ദൈവകോപം ശമിച്ചു.

> "അവന്റെ വൃതനായ മോശ കോപത്തെ ശമിപ്പിപ്പാൻ അവന്റെ സന്നിധിയിൽ പിളർപ്പിൽ നിന്നില്ലെങ്കിൽ അവൻ അവരെ നശിപ്പിച്ചു കളയുമായിരുന്നു." സങ്കീർത്തനങ്ങൾ 106 : 23

മോശയുടെ മരണത്തെക്കുറിച്ച് തിരുവചനം രേഖപ്പെടുത്തുന്നു:

> "അങ്ങനെ യഹോവയുടെ ദാസനായ മോശ യഹോവയുടെ വചനപ്രകാരം അവിടെ മോവാബ് ദേശത്തുവെച്ച് മരിച്ചു. അവൻ അവനെ മോവാബ് ദേശത്ത് ബേത്ത്പെയോരിന്നെതിരെയുള്ള താഴ്വരയിൽ അടക്കി; എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല; മോശ മരിക്കുമ്പോൾ അവന്നു നൂറ്റി ഇരുപതു

വയസ്സായിരുന്നു, അവന്റെ കണ്ണ് മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയുമിരുന്നു....... മിസ്രയീം ദേശത്ത് ഫറവോനോടും അവന്റെ സകല ഭൃത്യൻമാരോടും അവന്റെ സർവ്വദേശ ത്തോടും ചെയ്വാൻ യഹോവ മോശയെ നിയോ ഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീര്യവും എല്ലാ യിസ്രായേലും കാൺകെ മോശ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരി ച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശ യെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല." ആവ 34 : 5 - 12

നിത്യനായ ദൈവത്തിന്റെ സന്നിധിയിൽ വിലപ്പെട്ടവ നായിത്തീർന്നു, ദൈവം മാനിക്കുന്നവനായിത്തീർന്നു മോശ.

നീലനദിയിലെ പെരുവെള്ളത്തിൽ താണ് പോകേണ്ടിയി രുന്ന ദൈവപൈതൽ, സീനായ് മലയുടെ ചരിവിൽക്കൂടി അമ്മായപ്പന്റെ ഒരു വേലക്കാരനെപ്പോലെ ആടുകളെ മേച്ചു നടന്ന പാവപ്പെട്ട ആട്ടിടയൻ, ഫറവോന്റെ പുത്രിയുടെ മകൻ എന്ന പദവി നിരസിച്ചതുകൊണ്ട് നേടിയെടുത്ത സൗഭാഗ്യ ങ്ങൾ എത്ര അത്ഭുതാവഹം!

മാത്രമോ, നൂറ്റാണ്ടുകൾക്കുശേഷം നമ്മുടെ കർത്താവ് തന്റെ പ്രിയ ശിഷ്യൻമാരായ പത്രോസിനെയും യാക്കോബി നെയും യോഹന്നാനെയും കൂട്ടിക്കൊണ്ട് താബോർ മലയി ലേക്ക് കയറിപ്പോയപ്പോൾ അവിടെ കർത്താവിനോട് സംഭാ ഷണം ചെയ്വാൻ ഇറങ്ങിവന്നവരിൽ ഒരാൾ മോശയാണ്.

".........അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു, അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയാ

യിത്തീർന്നു. മോശയും ഏലിയാവും അവനോട് സംഭാഷിക്കുന്നതായി അവർ കണ്ടു."

മത്തായി 17 : 2 – 3

"അവർ തേജസ്സിൽ പ്രത്യക്ഷരായി അവൻ യരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെക്കുറിച്ച് സംസാരിച്ചു." ലൂക്കോസ് 9 : 31

കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് സംസാരിക്കാൻ, മൃതലോകത്തുനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്ന് നിത്യനായ ദൈവപുത്രനോട് നിത്യമർമ്മങ്ങൾ സംസാരിക്കാനുള്ള പദവി മോശയ്ക്ക് ലഭിച്ചു. ഉന്നതമായ സ്വർഗ്ഗീയ ശ്രേഷ്ഠതേജസ്സാണ് മോശയ്ക്ക് ലഭിച്ചത്.

ദൈവഹിതം നിവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം ബഹുലമാണ്; മേൻമയുറ്റതാണ്.

ഇതാ, യഹോവയായ കർത്താവ് ബലശാലിയായി വരുന്നു... കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ട്."

യെശയ്യാ 40 : 10

"ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ അൽഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും – ആദിയും അന്തവും ആകുന്നു."

വെളി. 22 : 12 – 13

Reward of faith - വിശ്വാസത്തിന്റെ പ്രതിഫലം.

മാന്യദൈവപൈതലേ, നമ്മുടെ നാഥൻ ആർക്കും കടക്കാരനായിരിക്കയില്ല എന്നറിയുന്നുവോ?

> “നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ച് നീതിമാനെ കൈക്കൊള്ളുന്നവന്ന് നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവെച്ച് ഈ ചെറിയവരിൽ ഒരുത്തന്ന് ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയിലല്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു.”
>
> മത്തായി 10 : 40 – 42

സ്നേഹിതാ, പ്രതിഫലം നൽകുന്ന അന്ത്യവിസ്താര സമയത്ത് നീ പ്രാഗത്ഭ്യത്തോടെ നിൽക്കുമോ? ലോകത്തിൽ കാണുന്നതൊക്കെയും മായയാണെന്ന് നീ ഗ്രഹിച്ചുവോ? ക്രിസ്തുവിനെ ഇവിടെ വെച്ച് മുറുകെ പിടിച്ച് ഒരു സൗഭാഗ്യജീവിതം നയിക്കുവാൻ നിനക്ക് കൊതിയുണ്ടോ?

എങ്കിൽ നിന്റെ അരികത്തു നിൽക്കുന്ന യേശുവിനോട് നീ ഇപ്പോൾ പറയുക:

“നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. യേശുവേ, നീ ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ അവിടത്തേക്ക് വേണ്ടി ജീവിക്കും.”

## പത്ത്

"വിശ്വാസത്താൽ അവർ ഏഴു ദിവസം ചുറ്റി
നടന്നപ്പോൾ യെരീഹോ മതിൽ ഇടിഞ്ഞുവീണു."
എബ്രായർ 11 : 30

മോശയുടെ കാലശേഷം യിസ്രായേൽ ജനം യോശുവായുടെ നേതൃത്വത്തിൽ കനാനെ ലക്ഷ്യമാക്കി നീങ്ങുകയാണ്. കര കവിഞ്ഞൊഴുകുന്ന യോർദ്ദാൻ നദി രണ്ടു വശത്തേക്കും മാറി ദൈവജനത്തിന് പെരുവെള്ളത്തിൽ പാതയൊരുക്കി. ജനം മറുകര കടന്നു. കനാൻ കടക്കുന്നതിന് തടസ്സമായി നിന്ന യെരീഹോ മതിൽ ദൈവജനത്തിന്റെ മുമ്പിൽ തകർന്നു വീണു. അതിനെക്കുറിച്ചാണ് എബ്രായർ പതിനൊന്നാം അദ്ധ്യായത്തിൽ പറയുന്നത്:

"വിശ്വാസത്താൽ അവർ ഏഴു പ്രാവശ്യം ചുറ്റി
നടന്നപ്പോൾ യെരീഹോ മതിൽ ഇടിഞ്ഞുവീണു.'
എബ്രായർ 11 : 30

Faith winning - ജയിക്കുന്ന വിശ്വാസം. വിശ്വാസം ജയിക്കു

ന്നതായിരുന്നു. ഓരോ ചുവടുവെപ്പിലും ആ വിശ്വാസത്തിന്റെ വിജയധ്വനി അനുരണനം ചെയ്യുന്നു.

ദൈവം യോശുവയെ അയയ്ക്കുമ്പോൾ ധൈര്യം പകരുന്ന ചില വാക്കുകൾ അരുളിച്ചെയ്യുന്നുണ്ട്:

"ഞാൻ മോശയോടു കൂടെയിരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല; ഉപേക്ഷിക്കുകയും ഇല്ല. ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക." യോശുവ 1 : 5

"ഞാൻ അവർക്കു കൊടുക്കുമെന്ന് അവരുടെ പിതാക്കൻമാരോട് സത്യം ചെയ്ത ദേശം നീ ഈ ജനത്തിന്ന് അവകാശമായി വിഭാഗിക്കും. എന്റെ ദാസനായ മോശ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ച് നടക്കേണ്ടതിന്ന് നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക, ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന്ന് അത് വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്. ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്ന് നീങ്ങിപ്പോകരുത്. അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ച് നടക്കേണ്ടതിന് നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കേണം. എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും. നീ കൃതാർത്ഥനായും ഇരിക്കും. നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെയുള്ളതുകൊണ്ട് ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക, ഭയപ്പെടരുത്; ഭ്രമിക്കയും അരുത് എന്ന് ഞാൻ നിന്നോട് കല്പിച്ചുവല്ലൊ."

യോശുവ 1 : 6-9

ആദ്യമായി നേരിടേണ്ടിവന്നത് യോർദ്ദാൻനദിയാണ്. കൂലം കുത്തി, കര കവിഞ്ഞ്, തിരതല്ലി ആർത്തൊഴുകുന്ന യോർദ്ദാൻ. പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ കാൽ വെള്ളത്തിന്റെ അരികത്ത് മുങ്ങിയപ്പോൾ മേൽവെള്ളത്തിന്റെ ഒഴുക്ക് നിന്നു. യഹോവയുടെ നിയമപെട്ടകം ചുമന്നുകൊണ്ട് പുരോഹിതന്മാർ യോർദ്ദാന്റെ നടുവിൽ ഉണങ്ങിയ നിലത്ത് ഉറച്ചുനിന്നു. ഒഴുകി വന്ന വെള്ളം ചിറപോലെ, മതിൽപോലെ നിൽക്കുന്നത് കാണുന്നുണ്ടായിരുന്നു അവർ. പക്ഷേ, അവരെല്ലും പതറിയില്ല. ഏതു നിമിഷവും ആ വെള്ളം ചീറിപ്പാഞ്ഞ് മുന്നോട്ടാഞ്ഞുവരാം. അവർ, പക്ഷേ, ഭയപ്പെട്ടില്ല. കാരണം അവർക്ക് ദൈവത്തിലും ദൈവ വചനത്തിലും നല്ല വിശ്വാസമുണ്ടായിരുന്നു - Faith winning - ജയിക്കുന്ന വിശ്വാസം.

ജനമൊക്കെയും മറുകര കടന്നുതീർന്നപ്പോൾ ആ ജനം കാൺകെ യഹോവയുടെ പെട്ടകവും പുരോഹിതന്മാരും മറുകര കടന്നു. പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ ഉള്ളങ്കാൽ കരയ്ക്കു പൊക്കിവെച്ച ഉടനെ യോർദ്ദാനിലെ വെള്ളം വീണ്ടും അതിന്റെ സ്ഥലത്തേക്കു വന്നു. മുമ്പിലത്തേപ്പോലെ തീരം കവിഞ്ഞ് ഒഴുകി.

യിസ്രായേൽ മക്കൾക്ക് ഇനി മുന്നോട്ടുപോകാൻ തടസ്സമായി യെരീഹോകോട്ട നിൽക്കുകയാണ്. കോട്ട വളരെ ബലവത്തായിരുന്നു. കോട്ടയുടെ മുകളിൽ വീടുവെച്ച് പാർക്കത്തക്കവണ്ണം അത്ര വലിപ്പവും ബലവും ഉള്ളതായിരുന്നു അത്. ആ കോട്ടയെ തകർത്തു വേണം മുന്നോട്ടു പോകാൻ.

ഒരു ദിവസം ധ്യാനനിരതനായി യോശുവ യെരീഹോവിന്ന് സമീപത്ത് ഇരിക്കയായിരുന്നു. യോശുവ തല ഉയർത്തി

നോക്കുമ്പോഴുണ്ട്, ഒരാൾ കൈയിൽ വാൾ ഊരിപ്പിടിച്ചു കൊണ്ട് അവന്റെ നേരെ നിൽക്കുന്നു!

യോശുവ അടുക്കൽ ചെന്നു ചോദിച്ചു:

“നീ ഞങ്ങളുടെ പക്ഷക്കാരനോ ശത്രുപക്ഷക്കാരനോ?”

“അല്ല, ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതി യായി ഇപ്പോൾ വന്നിരിക്കുന്നു.”

ശത്രുപക്ഷക്കാരനുമല്ല, നിങ്ങളുടെ പക്ഷക്കാരനുമല്ല എന്നർത്ഥം. യഹോവയുടെ സൈന്യത്തിന്റെ അധിപതി ഇതാ തന്റെ ജനത്തെ മുന്നോട്ടു നയിക്കാനിറങ്ങിവന്നിരിക്കുന്നു.

The Six Day War - ആറു ദിവസത്തെ യുദ്ധം എന്ന പുസ്തകത്തിൽ യിസ്രായേലും അറബികളും തമ്മിലുള്ള യുദ്ധത്തിന്റെ കാര്യം വിവരിച്ചിട്ടുണ്ട്. യിസ്രായേൽ സൈന്യം മണൽച്ചാക്കുകളുടെ മറവിൽ ഭയചകിതരായി മരണം മുന്നിൽ കണ്ടുകൊണ്ട് ഇരിക്കുകയായിരുന്നു. പെട്ടെന്ന് അവരുടെ മുമ്പിൽ ഒരു പ്രകാശം കണ്ടു. എന്താണ് പ്രകാശം എന്ന് അവർക്ക് മനസ്സിലായില്ല. മിന്നൽപ്പിണർപോലെ അവരുടെ നടുവിൽ തിളങ്ങിയ പ്രകാശം കുറേ നേരം കഴിഞ്ഞ് അപ്ര ത്യക്ഷമായി. ആ നിമിഷം മുതൽ അൽഭുതപൂർവ്വമായ വിജ യമാണ് യിസ്രായേലിനുണ്ടായത്.

കയ്യിൽ വാളൂരിപ്പിടിച്ചുകൊണ്ടു നിൽക്കുന്ന ആളെ യോശുവ സാഷ്ടാംഗം നമസ്കരിച്ചു.

“കർത്താവിന് അടിയനോടുള്ള കല്പന എന്ത്?” യോശുവ ചോദിച്ചു.

“നിന്റെ കാലിൽനിന്ന് ചെരിപ്പ് അഴിച്ചുകളക;
നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകുന്നു.”

യോശുവ 5 : 15

ദൈവം അത്ഭുതങ്ങളുടെ വഴിയിലൂടെയാണ് തന്റെ ജനത്തെ നടത്തുന്നത്. യെരീഹോപോലെ മുന്നോട്ടു നീങ്ങാനാകാതെ തടഞ്ഞുനിൽക്കുന്ന എന്തെങ്കിലും, ദൈവപൈതലേ, നിന്റെ ജീവിതത്തിലുണ്ടോ? നീ ഇന്ന് വഴിമുട്ടി നിൽക്കുകയാണോ? മുന്നിലെ തടസ്സങ്ങളെ കണ്ട് നീ അമ്പരന്നു നിൽക്കുക യാണോ?

എങ്കിൽ നീ വിശ്വസിക്കൂ: നിന്നെ കാണുന്ന രണ്ട് കണ്ണു ണ്ട്. നിന്നെ കാക്കുന്ന രണ്ടു കരമുണ്ട്. നിന്നെ കരുതുന്ന, സ്നേഹം തുടിക്കുന്ന ഒരു ചങ്കുണ്ട്. ആ ഹൃദയം നിനക്കു വേണ്ടി രണ്ടായിരം വർഷം മുമ്പ് ഗോഗുൽത്തായിൽ മുറിഞ്ഞ് ചോരയും നീരും ഒഴുക്കിയതാണ്. ആ കുറ്റമില്ലാത്ത രക്തം, ഇതാ, നിന്റെ അരികിൽ വന്ന് നിന്നോട് പറയുന്നു:

മകനേ, പതറരുത്. മകളേ, ഭയപ്പെടരുത്. ഞാനിതാ ശത്രു നിരയെ ഭേദിക്കുവാൻ വാളൂരി നിന്റെ മുമ്പിൽ നടക്കുന്നു. നീ എങ്കലേക്ക് നോക്കിയാൽ മതി. യെരീഹോ മതിലിലേക്ക് നീ നോക്കണ്ട. അത് ഞാൻ നോക്കിക്കൊള്ളാം. എന്റെ വചനങ്ങളെ വള്ളിപുള്ളിവിടാതെ നീ അനുസരിച്ചാൽ മതി.

യോശുവയുടെ കല്പനപ്രകാരം ഏഴു പുരോഹിതന്മാർ കാഹളം ഊതിക്കൊണ്ട് മുമ്പേ പോയി. അതിന്റെയും മുന്നിൽ ആയുധപാണികൾ നടന്നു. കാഹളം ഊതുന്നവരുടെ പിന്നാലെ പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ നടന്നു. അതിനും പിന്നിൽ ജനം നടന്നു. യോശുവാ മാത്രം മുന്നിൽ വാളൂരിപ്പിടിച്ചു കൊണ്ട് നടക്കുന്ന പുരുഷനെ കണ്ടുകൊണ്ട് നടന്നു.

ആരും മിണ്ടിയില്ല. മൗനമായി നടക്കുന്ന ജനത്തെ നോക്കി യെരീഹോ മതിലിനു മുകളിലെ ജനം പരിഹസിച്ചു. ആറു

ദിവസം ഓരോ പ്രാവശ്യം ചുറ്റി. ഏഴാം ദിവസം ഏഴുപ്രാവശ്യം ചുറ്റി. ഏഴാം പ്രാവശ്യം ചുറ്റിയപ്പോൾ ജനത്തോട് ആർപ്പിടുവാൻ കല്പിച്ചു.

> "അനന്തരം ജനം ആർപ്പിടുകയും പുരോഹിതന്മാർ കാഹളം ഊതുകയും ചെയ്തു. ജനം കാഹളനാദം കേട്ട് അത്യുച്ചത്തിൽ ആർപ്പിട്ടപ്പോൾ മതിൽ വീണു. ജനം ഓരോരുത്തൻ നേരെ മുമ്പോട്ട് പട്ടണത്തിലേക്ക് കടന്ന് പട്ടണം പിടിച്ചു."
> യോശുവ 6 : 20

ജനത്തിന്റെ സ്തുതിയുടെ ആഘോഷത്തിന്റെയും ആർപ്പുവിളിയുടെയും മുന്നിൽ യെരീഹോ കോട്ട നിലംപരിചായി. സ്തുതിയുടെ മുന്നിൽ ഏതു വൻമതിലും തകരും. സ്തുതികളിന്മേൽ അധിവസിക്കുന്നവനും വിശുദ്ധ സ്തുതികളിന്മേൽ ഇറങ്ങിവരുന്നവനുമായ ദൈവം അത്ഭുതം പ്രവർത്തിക്കും.

സത്യസ്തുതിയുടെ മുന്നിൽ സാത്താന്യ കോട്ടകൾ തകരും. പൈശാചിക ബന്ധനങ്ങൾ അഴിയും. തലമുറകളായുള്ള ശാപങ്ങൾ വിശുദ്ധ സ്തുതിയുടെ മുന്നിൽ കത്തിക്കരിഞ്ഞുപോകും.

ദൈവപൈതലേ, നിന്റെ തോൽവിയടഞ്ഞ ജീവിതത്തിൽ നിനക്ക് ഇനിയും ജയം വേണമോ? പരാജയ ഭീതികൊണ്ട് നിരാശ പൂണ്ട് മനം തകർന്നിരിക്കുന്ന നിന്റെ കൂമ്പടഞ്ഞ ജീവിതത്തിൽ ഇനിയും നറുനാമ്പുകൾ വേണമോ? വാടിക്കരിഞ്ഞുപോയ നിന്റെ പ്രതീക്ഷകൾക്ക് ഇനിയും പുതു തളിരുകൾ അണിയണമോ?

എങ്കിൽ, സ്തുതിപ്പിൻ. വിശുദ്ധിയിൽ ദൈവത്തെ സ്തുതിപ്പിൻ. വിശ്വാസത്തോടെ ദൈവത്തെ സ്തുതിപ്പിൻ. അട്ടഹ

സിച്ചു പറയുവിൻ:

"പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനും ആകുന്നു. ആദിമുതൽ തലമുറകൾ തലമുറകൾ വരെയും തനിക്കു സ്തുതി. ഹാല്ലേലുയ്യാ."

കാരണം, "ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു."

സ്തുതിയുടെ അപ്രമേയ ശക്തിമൂലം യുദ്ധങ്ങൾ ജയിച്ച സംഭവങ്ങളുണ്ട്.

അരാം രാജാവ് വന്ന് ശമര്യയെ വളഞ്ഞ് ശമര്യയിൽ ക്ഷാമമുണ്ടായി എന്ന് 2 രാജാക്കന്മാർ 6,7 അദ്ധ്യായങ്ങളിൽ വായിക്കുന്നു. നാലു കുഷ്ഠരോഗികളുടെ ധീരമായ സമർപ്പണത്തെത്തുടർന്ന് പാളയത്തിൽ ആരവം മുഴങ്ങിയപ്പോൾ അരാം സൈന്യം ഭയന്ന് പലായനം ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

കർത്താവ് അരാമ്യ സൈന്യത്തെ രഥങ്ങളുടെയും കുതിരകളുടെയും മഹാസൈന്യത്തിന്റെയും ആരവം കേൾപ്പിച്ചിരുന്നതുകൊണ്ട്........ അവർ സന്ധ്യാസമയത്തുതന്നെ ഓടിപ്പോയി! അങ്ങനെ സ്തുതിയാൽ ശത്രുസൈന്യം ഓടിപ്പോയി. നാട്ടിലെ ക്ഷാമം മാറിപ്പോയി.

സ്തുതിയുടെ അത്ഭുതകരമായ ശക്തിയും കൃപയും അനുഭവിച്ചറിഞ്ഞ ആളാണ് ഹൈറേഞ്ചസിൽ അടിമാലിയിൽ റിട്ട. ഹെഡ് മാസ്റ്റർ ആയ എം.കെ.മാത്യു സാറ്.

മാത്യുസാറിന്റെ ജീവിതത്തിലെ അനുഭവങ്ങളെ ഇപ്പോൾ നമുക്ക് കേൾക്കാം.

മാത്യുസാറിന്റെ മാനസാന്തരത്തിനു മുമ്പുള്ള കാലത്തെപ്പറ്റി ഒന്ന് വിവരിക്കാമോ?

എന്റെ സ്വന്തം വീട് ചങ്ങനാശ്ശേരിക്കടുത്ത് വാകത്താനത്താണ്. ഗവൺമെന്റ് സ്കൂളിലെ ജോലിയായതുകൊണ്ട് ട്രാൻസ്ഫർ കിട്ടി എനിക്കും ഭാര്യയ്ക്കും അടിമാലി സ്കൂളിൽ ജോലിയായി. അങ്ങനെ അവിടെ സ്ഥലം വാങ്ങി വീടുവെച്ച് താമസിക്കുകയാണ്.

പള്ളിയാരാധന, നോമ്പ്, നമസ്ക്കാരം, കുമ്പസാരം, വി. കുർബ്ബാനാനുഭവം, സണ്ടേ സ്കൂൾ എന്നിങ്ങനെ യാക്കോബായ സഭയുടെ എല്ലാ ആചാരാനുഷ്ഠാനങ്ങളിലും വളരെ നിഷ്ഠയോടെ, താൽപര്യപൂർവ്വം ഞാൻ പങ്കെടുത്തിരുന്നു. പുറമേ പരസ്യമായ പാപങ്ങളിലൊന്നും ഉൾപ്പെടാനിടയായില്ലെങ്കിലും ഹൃദയം മുഴുവൻ അശുദ്ധമായിരുന്നു. ദുഷിച്ച ചിന്തകൾ, മലിന മോഹങ്ങൾ, നീരസം, പക, വൈരാഗ്യം, ദ്രവ്യാഗ്രഹം, സ്വാർത്ഥത, നിഗളം മുതലായ അനേകം പാപങ്ങൾ എന്റെ ഹൃദയത്തിലുണ്ടായിരുന്നു. പള്ളിയിലും സഭയിലും സമൂഹത്തിലും സ്കൂളിലും എല്ലാം ഞാൻ മാന്യനും ആദരണീയനുമായിരുന്നെങ്കിലും എന്റെ ഹൃദയം മുഴുവൻ പാപമായിരുന്നു.

മാനസാന്തരപ്പെടാനുള്ള സാഹചര്യം എന്താണ്?

ഹൈറേഞ്ചസിൽ തോക്കുപാറ, കൂമ്പൻപാറ, വെള്ളത്തൂവൽ മുതലായ സ്ഥലങ്ങളിൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ശുശ്രൂഷകൾ നടന്നപ്പോൾ ഞാൻ ആ വചനം കേട്ടു. അത് എന്നെ ചിന്തിപ്പിച്ചു. എനിക്ക് അനേകം ആന്തരിക ബന്ധനങ്ങളുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ബന്ധനങ്ങൾ അഴിച്ചുതരണമേ എന്ന് ഞാൻ ഉപവാസത്തോടെ പ്രാർത്ഥിച്ചു. അങ്ങനെയാണ് ഞാൻ മാനസാന്തരപ്പെട്ടത്.

മാനസാന്തരപ്പെട്ടപ്പോഴുള്ള അനുഭവങ്ങളെന്തെല്ലാമാണ്?

കർത്താവ് കരുണ തോന്നി, എന്റെ ആന്തരിക ബന്ധനങ്ങൾ അഴിച്ചുതന്നു. എന്റെ പാപങ്ങൾ കർത്താവ് ക്ഷമിച്ചു തന്നു എന്നനുഭവിച്ചപ്പോൾ എന്നിൽ ആദ്യമുണ്ടായ പ്രതികരണം ഇടതടവില്ലാത്ത സ്തുതിയായിരുന്നു. ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ട് എന്റെ യേശുവിനെ സ്തുതിച്ചു. പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു ശാന്തിയും സമാധാനവും സ്നേഹവും എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു. ഞാനീ മഹാസന്തോഷം അനുഭവിക്കാൻ ഇത്രയും വൈകിപ്പോയല്ലോ എന്ന് ഓർത്ത് കരഞ്ഞു.

ഈ ഭാഗ്യത്തിലേക്ക് അനേകരെ ആനയിക്കുന്നതിന് എന്തു ചെയ്യാൻ കഴിയും എന്ന് ഓർത്ത് ഇപ്പോൾ ഹൈറേഞ്ചേസിൽ മുടങ്ങാതെ, കൃത്യമായി സുവിശേഷ യോഗങ്ങൾ നടത്തുന്നുണ്ട്. കോലഞ്ചേരിയിൽനിന്ന് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലെ അനുഗൃഹീതരായ കർത്തൃദാസൻമാർ വന്ന് വചനശുശ്രൂഷ നടത്തുന്നു.

ഇപ്പോഴത്തെ അനുഭവമെന്താണ്?

“ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ” എന്ന തിരുവചനം ഇപ്പോഴാണ് ഞാനനുഭവിക്കുന്നത്. അനുദിനം കർത്താവ് പാപബോധം തന്ന്, ശുദ്ധീകരണം തരുന്നു. ബോധമനസ്സിൽ മാത്രമല്ല, ഉപബോധമനസ്സിൽ അടിഞ്ഞുകിടക്കുന്ന പാപസ്വഭാവങ്ങളെ കാണിച്ചുതന്ന് കർത്താവ് കഴുകൽ തന്ന് നയിച്ചു കൊണ്ടിരിക്കുന്നു. സ്വഭാവം മാറ്റിത്തരുന്ന ക്രിസ്തുവിനെ ഞാനിന്നനുഭവിക്കുന്നു.

എം.കെ. മാത്യുസാറ് അനുഭവിക്കുന്ന ഈ മഹാസന്തോഷം അനേകർക്ക് പങ്കുവെച്ച് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷി

പ്പിന്റെ ആഭിമുഖ്യത്തിൽ അനേകം സുവിശേഷയോഗങ്ങൾ ഹൈറേഞ്ചസിൽ നടന്നുവരുന്നു. വിശുദ്ധീകരണ പ്രക്രിയ യുടെ അനിവാര്യഘടകമാണ് സ്തുതി എന്ന് അനുഭവി ക്കുന്ന അനേകം ദൈവമക്കൾ ജോസ്ഗിരി, ആനച്ചാൽ, രാജ കുമാരി, രാജാക്കാട്, പൊട്ടൻകാട്, അടിമാലി, വെള്ളത്തൂ വൽ, പണിക്കൻകുടി, കമ്പിളിക്കണ്ടം, കല്ലാർകുടി, കൂമ്പൻപാ റ, തോക്കുപാറ, മുനിയറ, ചിത്തിരപുരം എന്നിങ്ങനെ അനേകം സ്ഥലങ്ങളിൽ ജീവിക്കുന്നു. സഭാഭേദമോ കക്ഷി വ്യത്യാസമോ ഇല്ലാതെ ക്രിസ്തുവിന്റെ ക്രൂശിലെ രക്ത ത്താൽ വീണ്ടെടുക്കപ്പെട്ടവരായി, സഭയല്ല മാറേണ്ടത് ഹൃദ യമാണ് മാറേണ്ടത് എന്ന വ്യക്തമായ ബോദ്ധ്യത്തോടെ വേല ചെയ്യുന്നു. ദൈവത്തിനു സ്തോത്രം.

Faith winning - ജയിക്കുന്ന വിശ്വാസം. സ്തുതിക്കുന്ന വിശ്വാസം. ആരാധിക്കുന്ന വിശ്വാസം.

സ്നേഹിതാ, ഇത് നിനക്ക് വേണമോ? സകല നൻമയു ടെയും ഉറവിടമായ ക്രിസ്തുവിനോട് ഇപ്പോൾ, ഇപ്പോൾത്തന്നെ യാചിക്കൂ:

യേശുവേ, നീ എനിക്കുവേണ്ടി മരിച്ചു. എന്റെ പാപം വഹിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. പാപമില്ലാത്ത ജീവിതം നയിച്ച് ഇടവിടാതെ നിന്നെ സ്തുതിപ്പാൻ, ജയകരമായ ജീവിതം നയിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനായി എന്റെ ദേഹവും ദേഹിയും ആത്മാവും ഞാൻ ആണിപ്പഴു തുള്ള തൃപ്പാദത്തിൽ സമർപ്പിക്കുന്നു. എന്നോട് മനസ്സലിഞ്ഞ് എന്റെ ഈ കാഴ്ചയെ കൈക്കൊള്ളണമേ.

## പതിനൊന്ന്

“വിശ്വാസത്താൽ റാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ട് അവിശ്വാസികളോടുകൂടെ നശിക്കാതിരുന്നു.”

എബ്രായർ 11 : 31

“വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു.”

എബ്രായർ 11 : 1

എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ വിശ്വാസവീരന്മാരുടെ വിശ്വാസത്തിന്റെ സവിശേഷതകൾ കാണാം.

ഹാബേലിന്റെ വിശ്വാസം - faith worshipping - ആരാധിക്കുന്ന വിശ്വാസം.

ഹാനോക്കിന്റെ വിശ്വാസം - faith walking - നടക്കുന്ന വിശ്വാസം.

നോഹയുടെ വിശ്വാസം - faith working - പ്രവർത്തിക്കുന്ന വിശ്വാസം.

അബ്രാഹാം തുടങ്ങിയ പിതാക്കന്മാരുടെ വിശ്വാസം - faith waiting - കാത്തിരിക്കുന്ന വിശ്വാസം

മോശയുടെ വിശ്വാസം - faith warring - പോരാടുന്ന വിശ്വാസം.

യോശുവയുടെ വിശ്വാസം - faith winning - ജയിക്കുന്ന വിശ്വാസം.

റാഹാബിന്റെ വിശ്വാസം - faith wondering - അത്ഭുതകരമായ വിശ്വാസം - ആശ്ചര്യഭരിതരാക്കുന്ന വിശ്വാസം.

റാഹാബ് ഒരു വേശ്യാസ്ത്രീയായിരുന്നു. അവൾ യെരീഹോവിൽ പാർത്തിരുന്നു. യിസ്രായേൽ ജനത്തിന്റെ മുന്നോടിയായി രണ്ടുപേരെ യോശുവ യെരീഹോവിലേയ്ക്കയച്ചു. അവർ വന്ന് പാർത്തത് റാഹാബിന്റെ വീട്ടിലായിരുന്നു.

ദേശത്തെ ശോധന ചെയ്‌വാൻ യിസ്രായേൽ മക്കളിൽ ചിലർ വന്നിരിക്കുന്നു എന്ന് യെരീഹോ രാജാവിന് അറിവുകിട്ടി. രാജാവ് റാഹാബിന്റെ അടുക്കൽ ആളയച്ച് ദേശം ഒറ്റുനോക്കുവാൻ വന്നവരെ പുറത്തിറക്കിത്തരുവാൻ ആവശ്യപ്പെട്ടു.

അവർ എന്റെ അടുക്കൽ വന്നിരുന്നു എങ്കിലും ഇരുട്ടായപ്പോൾ പട്ടണവാതിൽ അടയ്ക്കുന്ന സമയത്ത് അവർ പുറപ്പെട്ടുപോയി" എന്ന് റാഹാബ് രാജാവിനെ അറിയിച്ചു. അന്ന് ഒറ്റുകാരെ രണ്ടുപേരെയും റാഹാബ് ഒളിപ്പിച്ചു.

അവൾ വേശ്യയായിരുന്നെങ്കിലും ഒരു വിശ്വാസിയായിരുന്നു. നിത്യനായ ദൈവത്തെ അവൾ വിശ്വസിച്ചിരുന്നു. യിസ്രായേൽ മക്കളെ നയിക്കുന്നത് സർവ്വവല്ലഭനായ യഹോവയായ ദൈവം എന്ന് അവൾ വിശ്വസിച്ചു. അവൾ പറഞ്ഞു:

> "യഹോവ ഈ ദേശം നിങ്ങൾക്ക് തന്നിരിക്കുന്നു.......... നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു."
> യോശുവ 2 : 9 – 11

ദൈവം ആരെന്നും ദൈവജനം ആരെന്നും റാഹാബ് അറിഞ്ഞു. ദൈവത്തെയും ദൈവജനത്തെയും അവൾ വിശ്വസിച്ചു.

ദൈവം ഈ ദേശം തന്റെ ജനത്തിന് കൊടുക്കുമെന്ന് അവൾ വിശ്വസിച്ചു. ഇന്ന് ദേശത്തെ ഭരിക്കുന്ന യെരീഹോ രാജാവ് തോല്ക്കുമെന്ന് അവൾ വിശ്വസിച്ചു.

അവൾ ഒറ്റുകാരായി വന്ന ദൈവമക്കളോട് പറഞ്ഞു:

> "ഞാൻ നിങ്ങളോട് ദയ ചെയ്കകൊണ്ട് നിങ്ങളും എന്റെ പിതൃഭവനത്തോട് ദയചെയ്ത് എന്റെ അപ്പനെയും അമ്മയെയും എന്റെ സഹോദരന്മാരെയും സഹോദരിമാരെയും അവർക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ച് ഞങ്ങളുടെ ജീവനെ മരണത്തിൽ നിന്ന് വിടുവിക്കുമെന്ന് യഹോവയെച്ചൊല്ലി എന്നോട് സത്യം ചെയ്കയും ഉറപ്പുള്ള ഒരു ലക്ഷ്യം തരികയും വേണം."
> യോശുവ 2 : 12 – 13

ഒരു കിളിവാതിൽ വഴിയായി, രഹസ്യമായി അവരെ അവൾ ഇറക്കിവിട്ടു.

അവർ പറഞ്ഞു:

"ഞങ്ങൾ ഈ ദേശത്തു വരുമ്പോൾ നീ ഞങ്ങളെ ഇറക്കിവിട്ട ഈ കിളിവാതിൽക്കൽ ഈ ചുവപ്പു ചരട് കെട്ടുകയും നിന്റെ അപ്പ നെയും അമ്മയെയും സഹോദരന്മാരെയും പിതൃ ഭവനത്തെയൊക്കെയും നിന്റെ അടുക്കൽ വീട്ടിൽ വരുത്തിക്കൊള്ളുകയും വേണം."

യോശുവ 2 : 17 - 18

റാഹാബ് ചുവപ്പുചരട് കിളിവാതിൽക്കൽ കെട്ടി.

യെരീഹോ പിടിച്ചടക്കിയപ്പോൾ റാഹാബിന്റെ ഭവനത്തെ പ്രത്യേകം യിസ്രായേൽ മക്കൾ നോക്കുകയും സംരക്ഷിക്കു കയും ചെയ്തു. റാഹാബിന്റെ വിശ്വാസം മൂലം അവളുടെ വീടിനുള്ളിലുണ്ടായിരുന്ന എല്ലാവരും രക്ഷപ്പെട്ടു.

കിളിവാതിൽക്കൽ കെട്ടിയ ചുവപ്പു ചരട് ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ പ്രതീകമാണ്. ഏതു പാപിക്കും ക്രൂശിൽ ചൊരിഞ്ഞ രക്തത്തിൽ ആശ്രയിച്ചാൽ രക്ഷയ്ക്ക് സാദ്ധ്യത യുണ്ട് എന്ന പരമ സത്യത്തെയാണ് ഈ ചുവപ്പു ചരട് സാക്ഷിക്കുന്നത്.

മോചനത്തിന്റെ ഉറപ്പാണ് ചുവപ്പു ചരട് സാക്ഷീകരിക്കു ന്നത്. എത്ര കഠോരമായ പാപം ചെയ്ത മനുഷ്യനും ക്രൂശിലെ തിരുരക്തത്താൽ പാപമോചനവും വീണ്ടെടുപ്പും ഉണ്ട്.

യിസ്രായേൽ മക്കൾ പെസഹക്കുഞ്ഞാടിനെ അറുത്ത് അതിന്റെ രക്തം വാതിൽപ്പടിമേലും കറുമ്പടിമേലും പുരട്ടിയ തുമൂലം സംഹാരദൂതന്റെ വാളിൽനിന്ന് രക്ഷപ്പെട്ടുവല്ലോ. സംഹാരകനിൽ നിന്ന് രക്ഷ നേടിക്കൊടുക്കുന്ന രക്തത്തിന്റെ നിഴലാണ്, അഥവാ പ്രതിരൂപമാണ്, ആ ചുവപ്പുചരട്.

"നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും, രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും."
യെശയ്യാ 1 : 18

ലേവ്യയാഗങ്ങളെ ആത്മീയാർത്ഥത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് എബ്രായലേഖന കർത്താവ് പറയുന്നു:

"ആട്ടുകൊറ്റൻമാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെമേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവ പ്രവർത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? .....മോശ ന്യായപ്രമാണപ്രകാരം കല്പന ഒക്കെയും സകല ജനത്തോടും പ്രസ്താവിച്ചശേഷം പശുക്കിടാക്കളുടെയും ആട്ടുകൊറ്റൻമാരുടെയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്ത് പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു: "ഇത് ദൈവം നിങ്ങളോട് കല്പിച്ച നിയമത്തിന്റെ രക്തം" എന്നു പറഞ്ഞു. അങ്ങനെ തന്നേ അവൻ കൂടാരത്തിന്മേലും ആരാധനെക്കുള്ള ഉപകരണങ്ങളിൻമേലും എല്ലാം രക്തം തളിച്ചു. ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു, രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല."
എബ്രായർ 9 : 13 – 22

റാഹാബ് ദൈവത്തെ വിശ്വസിച്ചു. ദൈവമക്കൾ നൽകിയ

വചനം വിശ്വസിച്ചു. തൻമൂലം അവിശ്വാസികളോടുകൂടെ നശിക്കാതിരുന്നു.

റാഹാബ് വേശ്യയായിരുന്നു. ഏറ്റവും ഹീനമായ ജീവിതം നയിച്ചവളായിരുന്നു. എന്നാൽ അവളുടെ വിശ്വാസം മൂലം ദൈവിക കൃപയും രക്ഷയുടെ മഹാത്ഭുതവും അവളിൽ സംഭവിച്ചു.

Faith wondering - അതിശയനീയമായ വിശ്വാസം, ആരെയും അത്ഭുതപ്പെടുത്തുന്ന വിശ്വാസം.

മാന്യ ദൈവപൈതലേ, ക്രിസ്തുവിന്റെ തിരുരക്തത്തിൽ വിശ്വസിച്ച്, നിന്റെ എണ്ണിയാൽ തീരാത്ത പാപങ്ങളിൽനിന്ന് മോചനം പ്രാപിക്കാൻ നീ ആഗ്രഹിക്കുന്നുവോ? ജീവിതത്തിൽ പറ്റിയ സകല കറകളും സകല മാലിന്യങ്ങളും പോക്കി ശുദ്ധീകരിക്കുന്ന തിരുരക്തത്തിന്റെ അത്ഭുതശക്തിയെ നീ വിശ്വസിക്കുന്നുവോ?

"ശുദ്ധിക്കായ് നീ യേശുസമീപേ പോയോ-
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?"

യെരീഹോ ശാപഗ്രസ്തമായ പട്ടണമായിരുന്നു. പൂർവ്വിക ശാപം നിൽക്കുന്ന നാടാണ് കനാൻ. നോഹയുടെ മകനായ ഹാമിന്റെ മകനായ കനാൻ ശപിക്കപ്പെട്ടവനായി എന്ന് ഉല്പത്തി പുസ്തകം ഒൻപതാം ആദ്ധ്യായം പതിനെട്ടു മുതൽ ഇരുപത്തേഴുവരെ വായിക്കുമ്പോൾ മനസ്സിലാകും.

"കനാൻ ശപിക്കപ്പെട്ടവൻ അവൻ തന്റെ സഹോദരന്മാർക്ക് അധമദാസനായിത്തീരും."

ഉല്പത്തി 9 : 25

സ്നേഹിതാ, തലമുറകളായി പകർന്നുപോരുന്ന ശാപങ്ങൾ

നിന്റെ മേലും നിന്റെ കുടുംബത്തിന്മേലും ഉണ്ടായിരിക്കും. നിന്റെ ഒരാളുടെ വിശ്വാസം മൂലം ആ ശാപങ്ങളെല്ലാം നിന്നിൽ നിന്നു മാറുക മാത്രമല്ല, നിന്റെ തലമുറകളുടെമേൽ നിന്നും മാറും. കനാന്റെ വംശപരമ്പരയിൽപെട്ട റാഹാബിൽനിന്ന് സകല ശിക്ഷകളും മാറി, അവൾ ഒരാളുടെ വിശ്വാസം മൂലം.

തിരുരക്തത്തിന്റെ വിശുദ്ധീകരിക്കുന്ന ശക്തി അനുഭവിച്ച് അനേക പാപ ശാപങ്ങളിൽനിന്ന് മോചനം പ്രാപിച്ച ഒരു ഭാഗ്യശാലിയാണ് ഹൈറേഞ്ചസിൽ ദൈവവേല ചെയ്യുന്ന തോക്കുപാറ ശ്രീ എം.എസ്. ആൻഡ്രൂസ്.

അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ ഇപ്പോൾ നമുക്ക് ചോദിച്ചറിയാം.

പഴയകാല ജീവിതത്തെക്കുറിച്ച് ആൻഡ്രൂസിനെന്തെല്ലാം കാര്യങ്ങളിപ്പോൾ ഓർമ്മയുണ്ട്?

ഞാൻ ഒരു പുരാതന യാക്കോബായ കുടുംബത്തിലാണ് ജനിച്ചുവളർന്നത്. കോതമംഗലത്തിനടുത്താണ് ഞാൻ ജനിച്ചതെങ്കിലും എന്റെ അപ്പൻ ഹൈറേഞ്ചസിൽ തോക്കുപാറ എന്ന സ്ഥലത്ത് സ്ഥലം വാങ്ങിച്ച് അവിടെ കുടിയേറിപ്പാർത്തു. എന്റെ സഹോദരനാണ് യാക്കോബായ സഭയിലെ എം.എസ്. പൗലോസ് അച്ചൻ.

വളരെ ചെറുപ്പം മുതലേ പള്ളിയാരാധന, വേദപുസ്തക വായന, സണ്ടേസ്കൂൾ, സുവിശേഷവേല തുടങ്ങിയ ആത്മീയകാര്യങ്ങളിൽ എനിക്ക് താല്പര്യമുണ്ടായിരുന്നു. എന്നാൽ എന്റെ കുടുംബത്തിൽ വലിയ ശാപദോഷങ്ങളുണ്ടായിരുന്നു. ഞാനതൊട്ടറിഞ്ഞിരുന്നതുമില്ല.

എന്റെ അപ്പൻ ഒരു മാനസികരോഗിയായിത്തീരുകയും

വളരെയേറെ ചികിത്സകൾ ചെയ്യുകയും ചെയ്തു. അമ്മയ്ക്ക് പലവിധ രോഗങ്ങൾ വന്ന് ഒടുവിൽ തീർത്തും കാഴ്ചയി ല്ലാത്ത അവസ്ഥയിലായി.

ഞാൻ പ്രകടമായ പാപ പ്രവൃത്തികളിലേക്ക് പോയില്ലെ ങ്കിലും എന്റെ ആളത്വം അനേകം ഭീകരന്മാരായ ദുരാത്മാ ക്കളുടെ ബന്ധനത്തിലായിരുന്നു. വളരെ അശുദ്ധമായ ആഗ്ര ഹങ്ങളും മോഹങ്ങളും എന്റെ ഹൃദയത്തിലുണ്ടായിരുന്നു. പൈശാചികമായ ചില മനോഭാവങ്ങൾ എനിക്കുണ്ടായിരു ന്നു.

ദ്രവ്യാഗ്രഹം, സ്ഥാന മോഹം, സ്വയപ്രശംസ, സ്വയപ്രമാ ണിത്തം, സ്വയനീതികരണം മുതലായ പാപങ്ങൾ എന്നിലു ണ്ടായിരുന്നു. ക്രിസ്തു ഐഹിക ജീവിതകാലത്ത് "കപടഭ ക്തിക്കാരായ ശാസ്ത്രികളും പരീശൻമാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം!" എന്ന് പറഞ്ഞത് വാസ്തവത്തിൽ എന്നെ സംബന്ധിച്ച് മുഴുവൻ വാസ്തവമാണെന്ന് ഞാനന്ന് അറിഞ്ഞിരുന്നില്ല.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

മനുഷ്യന്റെ അന്തരംഗങ്ങളെ ശോധന ചെയ്യുന്ന പരിശു ദ്ധാത്മാവ് എന്നിൽ പ്രവർത്തിക്കുവാൻ എനിക്ക് ഒരു മഹാ ഭാഗ്യം ലഭിച്ചു. എന്റെ തനതായ ആളത്വം എത്ര മലിനമെന്ന് കാണാൻ പരിശുദ്ധാത്മാവ് എന്റെ അകക്കണ്ണുകളെ തുറന്നു തന്നു. എന്റെ ജീവിതം ഞാൻ യാതൊരു വ്യവസ്ഥയുമി ല്ലാതെ ക്രിസ്തുവിന്റെ ക്രൂശിന്റെ മുമ്പിൽ സമർപ്പിച്ചു. ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ വചന ശുശ്രൂഷ കളിൽ ഞാൻ പങ്കെടുത്തതുമൂലം എനിക്ക് കൂടുതൽ കൂടു തൽ പാപബോധം ലഭിച്ചു. നരകത്തിൽ കിടന്ന എന്നെ സ്വർഗ്ഗത്തിലെത്തിക്കുന്ന ഭാഗ്യം ഞാനനുഭവിച്ചു. ജീവിതം

സമാധാനംകൊണ്ടും സന്തോഷംകൊണ്ടും നിറഞ്ഞു.

ഇതിനെ തുടർന്നുണ്ടായ അനുഭവങ്ങളെന്തെല്ലാമാണ്?

എനിക്ക് ലഭിച്ച ഈ മഹാസ്നേഹം, അത്ഭുതകരമായ രൂപാന്തരം എന്റെ നാട്ടിലുള്ള അനേകർക്ക് ലഭിക്കണമല്ലോ എന്ന് ഞാനോർത്ത് ഞാൻ നാട്ടിലെല്ലാം അനേകരെ വിളിച്ചുക്കൂട്ടി ഈ മഹാത്ഭുതത്തിന്റെ സാക്ഷ്യം ഏറെപ്പേരോടു പറഞ്ഞു. ഹൈറേഞ്ചസിൽ വലിയ ഒരു ആത്മീയ ഉണർവ്വ് കർത്താവ് തന്നു. എന്റെ പാപം തിരുരക്തത്താൽ കഴുകിത്തന്ന ക്രിസ്തുയേശു മനസ്സലിഞ്ഞ് അവിടെ അനകർക്ക് തകർന്ന ഹൃദയം നൽകി. ഏറെപ്പേർ ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അത്ഭുതശക്തി അനുഭവിച്ചറിഞ്ഞു.

കമ്പിളിക്കണ്ടം, പാറത്തോട്, മുനിയറ, വെള്ളത്തൂവൽ, കല്ലാർകുട്ടി, ചെമ്മണ്ണാർ, ഉരുളൻതണ്ണി, രാജകുമാരി, പൊട്ടൻകാട്, ആനച്ചാൽ, ചിത്തിരപുരം, ജോസ്ഗിരി, കൂമ്പൻപാറ, അടിമാലി, തോക്കുപാറ എന്നിങ്ങനെ അനേകം സ്ഥലങ്ങളിൽ പ്രാർത്ഥനായോഗങ്ങളുണ്ടായി. സഭാസമുദായ ഭേദം കൂടാതെ അനേകർ മാനസാന്തരപ്പെടുന്നതിനും കക്ഷിയും പള്ളിയും സഭയും മാറാതെതന്നെ സ്വഭാവം രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മകൃപ അനുഭവിക്കുന്നതിനും ഇടയായി.

ഇന്ന് വ്യക്തിപരമായി എന്തനുഭവമാണുള്ളത്?

ഇന്ന് ഞാൻ ദിനംപ്രതി ശുദ്ധീകരണം പ്രാപിച്ചുകൊണ്ടിരിക്കുന്നു. കൂടുതൽ പാപബോധം ലഭിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഒരു ഭക്തനും നീതിമാനും എന്ന് ധരിച്ചിരുന്ന പഴയ കാലം മാറി; ഞാനൊരു പാപിയെന്നും മരണത്തോളം ശുദ്ധീകരണം പ്രാപിക്കണമെന്നും ബോദ്ധ്യം ലഭിക്കുന്നു. ഒരു വലിയ ധൈര്യവും പ്രത്യാശയും വിശ്വാസവും ഇന്ന് ഹൃദ

യത്തിൽ നിറഞ്ഞുനിൽക്കുന്നു. ദൈവത്തിന് സ്തോത്രം.

മാന്യ സ്നേഹിതാ, ഈ രൂപാന്തരപ്പെടുത്തുന്ന വിശ്വാസം താങ്കളുടെ കൈമുതലാക്കിയോ? റാഹാബ് വിശ്വാസത്താൽ രക്ഷപ്പെട്ടു. അവിശ്വാസികളോടുകൂടെ നശിക്കാതിരുന്നു. ആരെയും അത്ഭുതപ്പെടുത്തുന്ന വിശ്വാസം റാഹാബിൽ നാം കാണുന്നു. ആ വിശ്വാസം പ്രിയ ദൈവപൈതലേ, നിനക്ക് സ്വന്തമാക്കണമോ? ബഹുഭൂരിപക്ഷം ജനം സത്യം അറിയാതെ, സത്യം അനുഭവിക്കാതെ നശിച്ചുകൊണ്ടിരിക്കുമ്പോൾ നിനക്ക് രക്ഷപ്പെടുവാനും അനേകരെ രക്ഷയുടെ സന്തോഷത്തിലേക്ക് നടത്തുവാനും കൊതിയുണ്ടോ?

എങ്കിൽ നിന്റെ അരികത്ത് വന്ന്, നിന്റെ ഹൃദയത്തിന്റെ വാതിൽക്കൽ മുട്ടിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിനോട് പറയുക.

യേശുവേ, ഞാനിതുവരെ ഒരവിശ്വാസിയായി ജീവിച്ചു. അവിടന്ന് ക്രൂശിൽ മരിച്ചതിന്റെ വിലയോ തിരുരക്തത്തിന്റെ ശക്തിയോ വിശ്വസിക്കാതെ ഞാനിതുവരെ എന്റെ ജീവിതം പാഴാക്കിക്കളഞ്ഞു. ഇപ്പോൾ നാഥാ, ഞാനൊരു മഹാപാപിയെന്ന് സമ്മതിച്ചുകൊണ്ട് തിരുസന്നിധിയിൽ വരുന്നു. എന്റെ സകലപാപവും പോക്കുവാൻ അവിടത്തെ കുറ്റമില്ലാത്ത രക്തം ചിന്തിയെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി, ക്രിസ്തുവിന്റെ സ്വഭാവം പൂണ്ട്, ഞാൻ ജീവിക്കുമെന്ന് തിരുമുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു. എന്നെ വീണ്ടെടുക്കണമേ.

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 7.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ<br>ശനി | SW 25 മീറ്റർ | : 7.45 PM |

### പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

| | | |
|---|---|---|
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയങ്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്. സി. എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ. എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ. എം. സി. എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● 6.30 PM – 8.30 PM | വൈ. എം. സി. എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | 6.00 PM – 8.0 PM | വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ. പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ. വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |